# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 സെപ്റ്റംബർ 30 | ദീപം 54 | നാളം 26 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ഹൃദയങ്ങളെ കീഴടക്കിയ സൂര്യതേജസ്സ്




അഡ്വ. എ.റ്റി. തോമസ് വാളനാട്ട്


**ഒക്ടോബർ 2 ഗാന്ധിജയന്തി**



മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്ന തികച്ചും സാധാരണക്കാരനായ മനുഷ്യനെ അഹിംസയിലൂടെയും ബ്രഹ്മചര്യത്തിലൂടെയും സത്യഗ്രഹത്തിലൂടെയും ഊതിക്കാച്ചിയെടുത്തപ്പോൾ കിട്ടിയ സൂര്യതേജസ്സാണു ബാപ്പുജി. ദക്ഷിണാഫ്രിക്കയിൽ ബാരിസ്റ്ററായി പ്രാക്ടീസ് ചെയ്യുന്ന കാലത്ത് ക്രിസ്ത്യൻമിഷനറിമാരാണ് ആദ്യമായി തന്നിൽ ഈശ്വരചിന്തയുടെ വിത്തുവിതച്ചതെന്ന് അദ്ദേഹം നന്ദിപൂർവം പറയുന്നുണ്ട്. യേശുവിന്റെ പരിത്യാഗവും ഉത്ഥാനവും ഒന്നുമാത്രമാണ് മനുഷ്യരാശിയുടെ പാപമോചനത്തിന് ആശ്രയമെന്നു പറഞ്ഞുകൊണ്ട് ക്രിസ്തുമതത്തിൽ വിശ്വസിക്കാൻ അവർ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഗാന്ധിജിയോടു വളരെയേറെ സ്നേഹവും സൗഹൃദവും പ്രകടിപ്പിച്ച ക്രിസ്ത്യാനികളുടെ പ്രാർത്ഥനയും പ്രവൃത്തിയും തമ്മിൽ വലിയ അന്തരമുള്ള കാര്യം അദ്ദേഹം നിരീക്ഷിച്ചു. തന്റെ സ്വന്തം മതമായ ഹിന്ദുമതത്തെക്കുറിച്ച് അദ്ദേഹം ആഴത്തിൽ പഠിച്ചു. ഹിന്ദുമതത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും അദ്ദേഹം നഖശിഖാന്തം എതിർത്തു. ജാതിവ്യവസ്ഥയ്ക്കും അയിത്തത്തിനുമെതിരേ കലഹിക്കാൻ അഞ്ചു പ്രാവശ്യമാണ് അദ്ദേഹം കേരളത്തിൽ വന്നുപോയത്. 1936 ൽ തിരുവിതാംകൂറിലെ ക്ഷേത്രവാതിലുകൾ ഹരിജനങ്ങൾക്കായി തുറന്നുകൊടുക്കാൻ ശ്രീചിത്തിരതിരുനാൾ ബാലരാമവർമയെ പ്രേരിപ്പിച്ചത് മഹാത്മാഗാന്ധിയായിരുന്നു. ദക്ഷിണാഫ്രിക്കയിലായിരിക്കുമ്പോൾ തന്റെ കക്ഷികളായ മുസ്ലീംകളുമായി അടുത്തിടപഴകുകയും അവരുടെ മതഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവം വായിച്ചുപഠിക്കുകയും ചെയ്തു. സൗരാഷ്ട്രിയൻ മതത്തെപ്പറ്റിയും അദ്ദേഹത്തിനു നല്ല ഗ്രാഹ്യമുണ്ടായിരുന്നു. പക്ഷേ, മതങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അദ്ദേഹത്തിന് ഒരു യുക്തിവാദിയുടെ മനസ്സായിരുന്നു. എല്ലാ മതങ്ങളുടെയും ലക്ഷ്യം ഈശ്വരപ്രാപ്തിയാണെന്നും ഈശ്വരൻ എന്നാൽ സത്യമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ മതം. അന്നുമുതൽ ആ പരമസത്യം തേടിയുള്ള മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ അന്വേഷണങ്ങളാണ് അദ്ദേഹത്തെ ബാപ്പുജിയാക്കി രൂപാന്തരപ്പെടുത്തിയത്.

സത്യസ്വരൂപനായ ഈശ്വരനെ കണ്ടെത്തുന്നതിനുള്ള അനിവാര്യമായ മാർഗം സ്നേഹമാണെന്നും സ്നേഹമെന്നാൽ അഹിംസയാണെന്നും അദ്ദേഹം ചിന്തിച്ചു കണ്ടെത്തി. എല്ലാ ജീവജാലങ്ങളും ഈശ്വരന്റെ സൃഷ്ടികളാണെന്നും സമസ്തസൃഷ്ടികളോടും മനസാ വാചാ കർമണാ അഹിംസ പുലർത്തണമെന്നും അദ്ദേഹം പഠിപ്പിച്ചു. പശു കർഷകരുടെ അഭയമാണെന്നും പശുക്കളോട് പ്രത്യേക മമത കാണിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. അതേസമയം, പശുവിന്റെ പേരിൽ മനുഷ്യർ തമ്മിൽത്തല്ലി മരിക്കരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് ഗോവധം നിരോധിക്കാനുള്ള ബില്ല് പാസ്സാക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം അതിനെ അനുകൂലിക്കാതിരുന്നത്. ഹിന്ദുസഹോദരർ ആദരവോടെ പരിപാലിക്കുന്ന ഗോക്കളെ വധിക്കാതിരിക്കാൻ മറ്റു മതസ്ഥർ സന്മനസ്സു കാണിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭ്യർത്ഥന. മതപ്രബോധനങ്ങളെക്കാൾ മഹത്ത്വം മനുഷ്യനന്മയ്ക്കാണെന്ന് അദ്ദേഹം കാട്ടിക്കൊടുത്തു. അഹിംസ അജയ്യമാണ്. യുദ്ധങ്ങൾകൊണ്ടു നേടാൻ കഴിയാത്തത് അഹിംസകൊണ്ടു നേടാൻ സാധിക്കുമെന്ന് അദ്ദേഹം സ്വാതന്ത്ര്യസമരത്തിലൂടെ ലോകത്തിനു തെളിയിച്ചുകൊടുത്തു.

നിർഭയത്വത്തിന്റെ മാഹാത്മ്യം മനസ്സിലാക്കിയത് ഭഗവദ്ഗീതയിൽനിന്നാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിൽ ഒരു സദസ്സിൽ ഒരു ലഘുപ്രസംഗം നടത്താൻ കഴിവില്ലാതെ സഭാകമ്പംമൂലം നിരുദ്ധകണ്ഠനായി ഇറങ്ങിപ്പോന്ന സംഭവം ഗാന്ധിജി ഓർമിക്കാറുണ്ട്. അതേ ഗാന്ധിജിയാണ് തന്റെ അനർഗളമായ വാക്ധോരണിയിലൂടെ മണിക്കൂറുകളോളം പുരുഷാരങ്ങളെ പിടിച്ചിരുത്തിയത്. ആ പരിണാമത്തിനു പിന്നിൽ അനിർവചനീയമായ അഭ്യാസങ്ങളുണ്ടായിരുന്നുവെന്ന കാര്യം വിസ്മരിക്കരുത്.

റേയ്ചന്ദ്ബായിയുമായുള്ള സംഭാഷണങ്ങളിൽനിന്നാണ് ഗാന്ധിജി ആത്മനിയന്ത്രണത്തിലേക്കും ക്രമേണ 1906 ൽ ബ്രഹ്മചര്യവ്രതത്തിലേക്കും ചുവടുവച്ചത്. സത്യസാക്ഷാത്കാരത്തിനു ബ്രഹ്മചര്യം കൂടിയേ തീരൂ. ബ്രഹ്മചര്യമെന്നാൽ പഞ്ചേന്ദ്രിയങ്ങളുടെ നിയന്ത്രണമാണ്. കണ്ണിനും കാതിനും നാക്കിനും മൂക്കിനും ത്വക്കിനും നിയന്ത്രണമേർപ്പെടുത്തിയാൽ മാത്രമേ സത്യസാക്ഷാത്കാരം ലഭിക്കുകയുള്ളൂ. ബ്രഹ്മചര്യത്തിലൂടെ ആന്തരികശക്തി വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും അദ്ദേഹം കണ്ടെത്തി. അതുപോലെ, ഭക്ഷണനിയന്ത്രണവും ബ്രഹ്മചര്യപാലനത്തിന് അത്യന്താപേക്ഷിതമാണ്. "എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ" എന്ന ആത്മകഥയുടെ മുപ്പതാമത്തെ അധ്യായത്തിൽ അദ്ദേഹം ശരീരത്തെയും മനസ്സിനെയും വരുതിയിൽ കൊണ്ടുവരുന്നതിന് അവലംബിച്ച മാർഗങ്ങൾ വിവരിക്കുന്നുണ്ട്. അദ്ദേഹവും കുടുംബവും ശുദ്ധസസ്യാഹാരം മാത്രം ശീലിച്ചു. കസ്തൂർബായ്ക്ക് ഗുരുതരമായ രോഗം ബാധിച്ചപ്പോൾ ധാന്യങ്ങളും ഉപ്പും വർജിച്ച് പഴവർഗങ്ങൾ മാത്രമാണ് ആഹാരമാക്കിയത്. തന്റെ സത്യാന്വേഷണപരീക്ഷണങ്ങളിൽ ഏറ്റവും കഠിനമായത് ബ്രഹ്മചര്യവ്രതമായിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അത് ആത്മനിയന്ത്രണങ്ങളുടെ ഒരു സ്വാഭാവികപരിണാമമായിരുന്നു. ലൗകികജീവിതത്തിലെ സകല പ്രലോഭനങ്ങൾക്കുമെതിരേയുള്ള പടച്ചട്ടയാണു ബ്രഹ്മചര്യം. തന്റെ 56-ാമത്തെ വയസ്സിലും ബ്രഹ്മചര്യം പാലിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്നു തോന്നിയിട്ടുള്ളതായി അദ്ദേഹം തന്റെ ആത്മകഥയിൽ തുറന്നുപറയുന്നുണ്ട്. ബ്രഹ്മചര്യവ്രതത്തിനു ബാഹ്യമായ ഒരു സഹായിയാണ് ഉപവാസം. ഇന്ദ്രിയങ്ങളെ നാനാവശത്തുനിന്നും മുകളിൽനിന്നും താഴെനിന്നും കീഴടക്കുന്നതിന് ഉപവാസം ആവശ്യമാണ്. ഇതിനു മാനസിക ഉപവാസവും കൂടിയേ തീരൂ. എല്ലാറ്റിനുംപുറമേ ഈശ്വരനിലുള്ള അചഞ്ചലമായ വിശ്വാസവും അത്യാവശ്യമാണ്. ഈശ്വരൻ സത്യമാണെന്നും സത്യം അന്തരാത്മാവിന്റെ ശബ്ദമാണെന്നും അദ്ദേഹം അനുഭവിച്ചറിഞ്ഞു. സത്യഗ്രഹം എന്ന വാക്ക് അദ്ദേഹത്തിന്റെ സ്വന്തം സംഭാവനയാണ്. സത്യഗ്രഹം എന്നാൽ സത്യത്തെ മുറുകെപ്പിടിക്കുക എന്നാണ്.

ശുചിത്വം ദൈവത്തോട് ഏറ്റവുമടുത്തു നിലകൊള്ളുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു. ദക്ഷിണാഫ്രിക്കയിൽ പ്ലേഗ് അനേകരുടെ ജീവൻ കവർന്നപ്പോൾ ഗാന്ധിജി പിന്നാക്കജാതിക്കാരുടെ കോളനികളിൽപ്പോയി ശുചീകരണപ്രവർത്തനങ്ങളിലേർപ്പെട്ടു. സ്വന്തം കൈയിൽ ബക്കറ്റും ചൂലുമേന്തി അദ്ദേഹം അവിടത്തെ കക്കൂസുകൾ കഴുകി വൃത്തിയാക്കി.

സ്വന്തം സത്യാന്വേഷണപരീക്ഷണങ്ങളിലൂടെ ശരീരവും മനസ്സും സ്ഫുടം ചെയ്തെടുത്ത ബാപ്പുജി മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽനിന്നു വ്യത്യസ്തനാണ്. 'മഹാത്മാ' എന്ന പേര് ബാപ്പുജിക്ക് എത്രയോ യോജ്യമാണ്. ലക്ഷോപലക്ഷങ്ങൾക്ക് അദ്ദേഹം ദൈവമാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഭക്ഷണത്തിന്റെ രുചിക്കൂട്ടുകളും നിശാക്ലബുകളും തേടിനടക്കുന്ന പുതിയ തലമുറയ്ക്ക് ഗാന്ധിമാർഗം പ്രായോഗികമാണോ എന്ന സംശയമുണ്ടായേക്കാം. അതിനുള്ള മറുപടിയാണ് അദ്ദേഹം കാലേകൂട്ടി പറഞ്ഞത്: "എന്റെ ജീവിതമാണ് എന്റെ സന്ദേശം." ആ സൂര്യതേജസ്സ് എരിഞ്ഞടങ്ങിയിട്ട് 75 വർഷം തികയുന്ന ഈയവസരത്തിൽ മഹാനായ ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ കാര്യം അനുസ്മരിക്കാം: "രക്തവും മാംസവുമുള്ള ഇത്തരമൊരു മനുഷ്യൻ ഈ മണ്ണിൽ ചവിട്ടി നടന്നിരുന്നുവെന്നു വിശ്വസിക്കാൻ വരുംതലമുറ പ്രയാസപ്പെട്ടേക്കാം." ■

സഭാചരിത്രം/പഠനം

# മൂന്നു നസ്രാണിരത്നങ്ങൾ

## കട്ടക്കയം പാലാമല്പാൻ
## പാറേമ്മാക്കൽ പാണ്ടിമല്പാൻ
## പള്ളിവീട്ടിൽ അർക്കദിയാക്കോൻ



മാർ ജോസഫ് കല്ലറങ്ങാട്ട്

കട്ടക്കയവും പാറേമ്മാക്കലും പള്ളിവീട്ടിലും നമുക്ക് സുപരിചിതമായ വീട്ടുപേരുകളാണ്. അതിനുള്ള പല കാരണങ്ങളിലൊന്ന് ഈ തറവാടുകളിലെ അതിപ്രഗല്ഭരായ വൈദികർതന്നെയായിരുന്നു. ഈ തറവാടുകളിൽനിന്നുള്ളവരും പ്രഗല്ഭരും എന്നാൽ, സാധാരണക്കാർക്കിടയിൽ അധികം സംസാരവിഷയമാകാത്തവരുമായ മൂന്നു നസ്രാണി വൈദികരത്നങ്ങളെക്കുറിച്ചുള്ള ഒരു ചെറിയ പഠനമാണ് ഈ ലേഖനം.

വ്യത്യസ്തകാലഘട്ടങ്ങളിൽ ജീവിച്ചവരാണിവർ. പക്ഷേ, നസ്രാണികളുടെ തനിമയും പ്രാധാന്യവും കാത്തുസംരക്ഷിക്കാൻ അക്ഷീണം അദ്ധ്വാനിച്ചവരാണിവർ. അവരുടെ അറിവും വിശുദ്ധിയും സുറിയാനിഭാഷാപരിജ്ഞാനവും കുടുംബപശ്ചാത്തലവും നേതൃപാടവവും ഈ സമുദായത്തിന്റെ ശ്രേയസ്സു പരിരക്ഷിക്കുവാൻ ഏറെ സഹായകമായിരുന്നു. എല്ലാ അർത്ഥത്തിലും സുറിയാനിസഭാവൈദികരത്നങ്ങളാണവർ. തിളങ്ങുന്ന മാണിക്യംപോലെ അവർ ശോഭിക്കുകയാണ്. നമ്മുടെ വരുംതലമുറ, സഭയെയും സമുദായത്തെയും ഈ രാജ്യത്തെയും വളർത്തുകയും ഒരുമിപ്പിച്ചുനിർത്തുകയും ചെയ്ത ഇത്തരം ശ്രേഷ്ഠാചാര്യന്മാരുടെ സ്മരണയിൽ വളരണം. നമ്മുടെ സഭയ്ക്കുവേണ്ടി ജീവിതം ബലികഴിച്ച ശ്രേഷ്ഠ കത്തനാർമാരെക്കുറിച്ചുള്ള ഓർമക്കേടുകൾ സഭാമക്കളിൽ ഏറെപ്പേരിലുമുണ്ട്. ഓർമകൾ നഷ്ടപ്പെടുമ്പോൾ സമുദായവും സമൂഹവും നശിക്കും. മൂല്യങ്ങൾ കാത്തുസൂക്ഷിച്ച വ്യക്തികളെക്കുറിച്ചു പഠിച്ചുകൊണ്ടാണ് നാം സഭയെയും രാഷ്ട്രത്തെയും സേവിക്കേണ്ടത്.

**കട്ടക്കയം യൗസേപ്പ് മല്പാൻ**

കട്ടക്കയം അബ്രാഹം ഗോവർണദോരെക്കുറിച്ചും വലിയ ചാണ്ടിയച്ചനെക്കുറിച്ചും ചെറിയ ചാണ്ടിയച്ചനെക്കുറിച്ചും കഴിഞ്ഞ ലക്കങ്ങളിൽ നമ്മൾ ചിന്തിച്ചിരുന്നല്ലോ. ആ തറവാട്ടിലെതന്നെ അതിപ്രഗല്ഭരായ വൈദികരാണ് മോൺ. കൊച്ചുചാക്കോച്ചൻ, കുഞ്ഞുചാണ്ടിയച്ചൻ, യൗസേപ്പു മല്പാൻ എന്നിവർ. ഇവരിൽ 1793 ൽ ജനിച്ച യൗസേപ്പു മല്പാനെക്കുറിച്ചുള്ള ലളിതമായ ഒരു വിചിന്തനമാണ് ഈ ലേഖനം. ഭക്തരായ മാതാപിതാക്കളിൽനിന്നു (കട്ടക്കയം കുരുവിളയും ഭരണങ്ങാനം വേലമ്മാരുകുടിയിൽ തറവാട്ടിൽനിന്ന് മാതാവും) പിറന്നു. എല്ലാ അർത്ഥത്തിലും ദൈവഭക്തിയിൽ വളർന്ന യൗസേപ്പ് വൈദികനാകാനാഗ്രഹിച്ചു. അന്ന് പാലാ വികാരിയായിരുന്ന കൊച്ചു ചാണ്ടിമല്പാന്റെ കൂട്ടത്തിൽ താമസിപ്പിച്ച് അടിസ്ഥാനപരിശീലനങ്ങൾ നൽകി. സുറിയാനിയും തമിഴും വേണ്ടവിധം പഠിച്ചെടുത്തു. അക്കാലഘട്ടത്തിലെ വൈദികപ്രമുഖരെല്ലാംതന്നെ ഈ ഭാഷകളിൽ അവഗാഹം നേടിയിരുന്നു. സുറിയാനി ആരാധനഭാഷയായിട്ടും തമിഴ് നസ്രാണിസഭയുടെ ചരിത്രം പഠിക്കുന്നതിന് തമിഴകവുമായി നസ്രാണിവൈദികർ ഒട്ടുമിക്കവർക്കും നല്ല ബന്ധമുണ്ടായിരുന്നു. പൂഞ്ഞാർ കേന്ദ്രമാക്കി ഒരു വൈദികപരിശീലനകേന്ദ്രം (മല്പാനേറ്റ്) പ്രവർത്തിക്കുന്നുണ്ടായിരുന്നു. അവിടുത്തെ കീർത്തികേട്ട പൂണ്ടിക്കുളം മല്പാൻ സുറിയാനിപണ്ഡിതനും ഒപ്പം ജനകീയനുമായിരുന്നു. മല്പാനേറ്റുകളിൽ പഠിച്ചവർക്ക് സുറിയാനിഭാഷയോടും സുറിയാനി ലിറ്റർജിയോടും അസാധാരണമായ ആത്മബന്ധവും ഇഴയടുപ്പവുമുണ്ടായിരുന്നു. 1818 ൽ വൈദികപരിശീലനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിച്ചു.

**പാലാമല്പാൻ**

പാലാ കേന്ദ്രമാക്കി യൗസേപ്പച്ചൻ പ്രവർത്തനമാരംഭിച്ചു. ചുരുങ്ങിയ വർഷത്തിനുള്ളിൽ പാലായിൽ ഒരു വൈദികപരിശീലന കേന്ദ്രം പണിതുയർത്തി, വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തുടങ്ങി. വൈദികപരിശീലനത്തിൽ അദ്ദേഹം കാണിച്ച ജാഗ്രത ജനങ്ങൾ വേഗത്തിൽ മനസ്സിലാക്കി അദ്ദേഹത്തെ പാലാ മല്പാൻ എന്നു വിളിച്ചുതുടങ്ങി. John D Paiciotto ഗോവർണദോർ, യൗസേപ്പച്ചനെ 1825 ൽ പാലാ വലിയ പള്ളി വികാരിയായി ചുമതലയേല്പിച്ചു. അക്കാലത്ത് പാലാപ്പള്ളി ഭരണത്തിൽ ജനാധിപത്യശൈലിക്ക് അത്ര നിരക്കാത്ത രീതിയിലുള്ള മുതലാളിത്ത ഇടപെടലുകളും താക്കോൽ വഴക്കുകളും നിലവിലുണ്ടായിരുന്നുവെന്ന് കഴിഞ്ഞ ലേഖനങ്ങളിൽ വ്യക്തമാക്കിയിരുന്നല്ലോ. ഭിന്നതകൾ അവസാനിപ്പിക്കാൻ വികാരി തീവ്രപരിശ്രമം നടത്തിയെങ്കിലും താക്കോൽവഴക്കുകൾ തുടർന്നുകൊണ്ടിരുന്നു. സാമൂഹികതിന്മകൾക്കെതിരേയും മല്പാനച്ചൻ സ്വരമുയർത്തിയിരുന്നു. സാമൂഹികതിന്മകളെ തുടച്ചുമാറ്റുകയാണ് സഭയുടെ ദൗത്യമെന്നും അദ്ദേഹത്തിന് അടിയുറച്ച ബോധ്യമുണ്ടായിരുന്നു.

**ജനരഞ്ജകനായിരുന്ന പാലാമല്പാൻ**

അസാധാരണമായ രീതിയിൽ വിശ്വാസികളെ ചേർത്തുനിർത്താനും മറ്റു മതസ്ഥരെ പരിഗണനയിലെടുക്കാനും മല്പാനച്ചനു കഴിഞ്ഞു. ജനരഞ്ജകനായ വികാരി എന്ന വിളിപ്പേരും അദ്ദേഹത്തിനു ലഭിച്ചു. വികാരി എന്ന നിലയിലും മല്പാൻ എന്ന നിലയിലും യൗസേപ്പച്ചൻ എല്ലാ ഭിന്നതകൾക്കും എതിരായിരുന്നു. ഐക്യത്തിന്റെ പ്രതീകമായും സമാധാനസ്ഥാപകനായും ഇടപഴകിയ വികാരിയച്ചനോട് അത്യപൂർവമായ ആദരവും ജനങ്ങൾക്കുണ്ടായിരുന്നു. പാലാപ്പള്ളിക്കുവേണ്ടി തീവ്രമായി അദ്ധ്വാനിച്ച വ്യക്തിയാണ് യൗസേപ്പച്ചൻ. കുട്ടികളുടെയും യുവാക്കന്മാരുടെയും കാര്യത്തിൽ പ്രത്യേക താത്പര്യമെടുത്തു. മുതിർന്നവർ അച്ചനോടു വലിയ ആദരവു പുലർത്തിയിരുന്നതിനാൽ നേരേ മുമ്പിലൂടെ വരാതെ പിറകിലൂടെ വന്ന് അച്ചന്റെ കരം ചുംബിച്ചു സംസാരിക്കുന്ന ശൈലിയായിരുന്നു ഉണ്ടായിരുന്നത്. സമുദായമൈത്രിയും മതമൈത്രിയും ജനമൈത്രിയും മല്പാനച്ചന്റെ പ്രവർത്തനങ്ങളിൽ നിഴലിച്ചിരുന്നു. ഇതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് അദ്ദേഹം സഭാക്കൂട്ടായ്മയുടെ വക്താവായത്.

**ശില്പകലാവിദഗ്ധൻ**

പള്ളിക്കുവേണ്ടി സ്ഥലം വാങ്ങിക്കൽ, പണിയിപ്പിക്കൽ തുടങ്ങിയവ എല്ലാം യൗസേപ്പച്ചന്റെ ഇഷ്ടവിഷയങ്ങളായിരുന്നു. ശില്പകലയിൽ ഏറെ മികവു കാണിച്ചു. അക്കാലത്ത് നല്ല കാതലായ മരം (തടി) കൊണ്ട് കെട്ടിടം നിർമിക്കുന്ന ശൈലി കലയുടെ ഭാഗമായിത്തന്നെ കരുതിയിരുന്നു. അദ്ദേഹം മരംകൊണ്ടു പണികഴിപ്പിച്ച മലയാണ് ഇപ്പോഴും പാലാ രാക്കുളിത്തിരുനാളിന് ഉപയോഗിക്കുന്നത്. പാലായിലെ പ്രസംഗപീഠവും (Pulpit) അച്ചന്റെ സംഭാവനയായിരുന്നു. വളരെ ആകർഷകത്വം ഇവ രണ്ടിനുമുണ്ട്. അസാധാരണമായ വായനയും ചിന്തകളും അദ്ദേഹത്തിന്റെ വിലയേറിയ സമ്പത്തായിരുന്നു. പ്രതിസന്ധികളിൽ നിശ്ചയദാർഢ്യത്തോടെ നിർദേശങ്ങൾ നൽകിയിരുന്നു. അനേകയിടങ്ങളിൽ പോയി വഴക്കും തർക്കവും തീർത്തിട്ടുണ്ട്. എല്ലാ അർത്ഥത്തിലും ജനരക്ഷകനായിരുന്നു. പാലാപ്പള്ളിക്ക് വെള്ളിക്കുരിശും സ്വർണക്കുരിശും സ്ഥലവും എല്ലാം അച്ചന്റെ സംഭാവനയും മികവുംകൊണ്ടു നേടിയതാണ്. ലുദ്‌വിക്കോസ് മെത്രാൻ പലപ്പോഴും യൗസേപ്പു മെത്രാന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ദീർഘമായ ഒരു കാലഘട്ടം പാലാപ്പള്ളിവികാരിയായി സേവനം ചെയ്തു. 1875 ഏപ്രിലിൽ പരലോകപ്രാപ്തനായി. ഏപ്രിൽ 29 നു നടന്ന ഓർമക്കുർബാനയിൽ അന്നത്തെ അരുവിത്തുറ വികാരി വലിയവീട്ടിൽ ഇട്ടിച്ചെറിയാൻ കത്തനാർ ഉജ്ജ്വലവും സമഗ്രവുമായ പ്രഭാഷണം നടത്തി.



പാലാ വലിയപള്ളിയിലെ രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന ചരിത്രപ്രസിദ്ധമായ 'മലയുന്ത്' (കട്ടക്കയം പാലാ മല്പാൻ മരംകൊണ്ടു പണികഴിപ്പിച്ചതാണ് ഈ മല)

**പാറേമ്മാക്കൽ പാണ്ടിമല്പാൻ**

ഭാരതനസ്രാണികളുടെ ചരിത്രത്തിലെ ഏറ്റവും പൈതൃകസമ്പന്നമായ ഒരു പ്രദേശമാണ് കടനാട്. ചരിത്രവും സഭാത്മകതയും ദേശീയതയും ഒരുപോലെ വിളക്കിച്ചേർത്ത പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ജന്മസ്ഥലമാണ് കടനാട്. അദ്ദേഹത്തിന്റെ വർത്തമാനപ്പുസ്തകവും ഇതരകൃതികളും ചരിത്രപരമായും സാഹിത്യപരമായും കേന്ദ്രസ്ഥാനത്തു നില്ക്കുന്നവയത്രേ. ടിപ്പുവിന്റെ ആക്രമണംമൂലം ഗോവർണദോർ അങ്കമാലിയിൽനിന്ന് വടയാറിലേക്കു പ്രവർത്തനകേന്ദ്രം മാറ്റി. വടയാർ കേന്ദ്രമാക്കി തോമ്മാക്കത്തനാരുടെ സഹോദരപുത്രനായ മറ്റൊരു പാറേമ്മാക്കൽ മല്പാനച്ചൻ പ്രവർത്തിച്ചിരുന്നു. അദ്ദേഹവും അതിപ്രഗല്ഭനായിരുന്നു. വൈദികപരിശീലനത്തിനുള്ള മല്പാനേറ്റിന്റെ ഇടവുമായിരുന്നു. കീർത്തികേട്ട പ്രഭാഷകനും സുറിയാനിപണ്ഡിതനുമായിരുന്നു. ബുദ്ധിവൈഭവത്തിൽ ഏതാണ്ട് തോമ്മാക്കത്തനാർക്കൊപ്പം നിന്നിരുന്നു. അദ്ദേഹത്തിനു തമിഴകവും തമിഴ്ഭാഷയുമായി തോമ്മാക്കത്തനാർക്ക് ഉള്ളതിനെക്കാൾ ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന തമിഴ്ഭാഷാവൈദഗ്ധ്യം പരിഗണിച്ച് ശിഷ്യന്മാരും ഇടവകജനങ്ങളും ചാർത്തിക്കൊടുത്ത പേരായിരുന്നു പാറേമ്മാക്കൽ 'പാണ്ടിമല്പാൻ' എന്നത്. നസ്രാണി പാരമ്പര്യത്തെയും സുറിയാനി ഭാഷയെയും ഇന്ത്യൻ ദേശീയതയെയും ഇതുപോലെ സ്നേഹിച്ച മറ്റു കത്തനാർമാർ നന്നേ ചുരുക്കമായിരിക്കും.

**പള്ളിവീട്ടിൽ മത്തായി (കത്തനാർ) അർക്കദിയാക്കോൻ**

ഭാരതനസ്രാണികളുടെ ചരിത്രത്തിലെ അവിസ്മരണീയമായ പേരാണ് പള്ളിവീട്ടിൽ (പറമ്പിൽ) ചാണ്ടി മെത്രാപ്പോലീത്താ. പള്ളിവീട്ടിൽ അച്ചൻ 1663 ഫെബ്രുവരി ഒന്നിന് കടുത്തുരുത്തിയിൽ വച്ച് കേരളത്തിലെ അപ്പസ്തോലിക് ആയിരുന്ന സെബസ്ത്യാനി മെത്രാനിൽനിന്ന് മെത്രാൻപട്ടം സ്വീകരിച്ചു. മലയാളത്തിലെ ആദ്യത്തെ വികാരി അപ്പസ്തോലിക്കാ(മെത്രാപ്പോലീത്താ)യായി. ഇന്ത്യമുഴുവന്റെയും മെത്രാപ്പോലീത്താ (മെത്രാപ്പോലീത്താ ദ് കൊൽ ഹെന്ദോ) എന്ന് എഴുതി ഒപ്പിട്ടിരുന്നു. മെത്രാപ്പോലീത്തായുടെ അനന്തരവനായിരുന്നു പള്ളിവീട്ടിൽ മത്തായിക്കത്തനാർ അർക്കദിയാക്കോൻ. അഗാധമായ ചരിത്രജ്ഞാനവും സുറിയാനിഭാഷാപാണ്ഡിത്യവും സഭൈക്യചിന്തകളും അദ്ദേഹത്തിനു കൈമുതലായുണ്ടായിരുന്നു. ഏതു പ്രതിസന്ധികളെയും തരണം ചെയ്യാൻ പ്രാപ്തനുമായിരുന്നു. 1678 ൽ അർക്കദിയാക്കോനായി. ഇദ്ദേഹത്തെ തന്റെ പിൻഗാമിയാക്കാൻ ചാണ്ടി മെത്രാൻ ആഗ്രഹിച്ചിരുന്നെങ്കിലും സാധ്യമായില്ല. മത്തായിക്കത്തനാരുടെ ഏറ്റവും വലിയ പ്രാധാന്യം അദ്ദേഹത്തിന്റെ തന്മയാർന്ന ഗ്രന്ഥമാണ്. സുറിയാനിഭാഷയിൽ 'ഭാരതത്തിലെ ക്രിസ്തുമതം' എന്ന ഗ്രന്ഥമെഴുതി. ഡച്ചുഭാഷയിലേക്കും പിന്നീട് മറ്റു യൂറോപ്യൻഭാഷകളിലേക്കും ഈ ഗ്രന്ഥം വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ചരിത്രകാരനായ ക.നി.മു.സ. ബർണാർദ് തോമ്മാ അദ്ദേഹത്തിന്റെ 'ഭാരതസഭാചരിത്ര'ത്തിൽ പറയുന്നു: ഇവരുടെ വീട്ടുപേര് പള്ളിവീട്ടിൽ എന്നും തറവാട്ടുപേര് പകലോമറ്റം എന്നുമാണ്. പകലോമറ്റത്തിന് പോർച്ചുഗീസിൽ ദെ - കാമ്പൊ (de campo) എന്നാണു പറയുന്നത്. ഇതു ലത്തീനിലെ Campus എന്നതിൽനിന്നു വരുന്നു.

# ഇരുളിൽ തെളിയട്ടെ കുടുംബവിളക്കുകൾ



പ്രഫ. സിജു ജോസഫ്

അഞ്ചുനേരം നിസ്കരിച്ചിരുന്ന മുസൽമാനും സന്ധ്യയ്ക്കു പള്ളിമണി മുഴങ്ങുമ്പോൾ വീട്ടിൽ തമ്പുരാന്റെ മുമ്പിൽ മുട്ടുകുത്താൻ മറക്കാറില്ലായിരുന്ന നസ്രാണിയും വ്രതശുദ്ധിയോടെ മലചവിട്ടി ആത്മസുഖത്തോടെ സ്വാമിസന്നിധി വിട്ടിറങ്ങിയിരുന്ന ഹൈന്ദവനുമെല്ലാം ചേർന്ന് ഇന്നലെകളിൽ ഈ നാടിനു നല്കിയതും നാടിനെ പഠിപ്പിച്ചതും എന്തായിരുന്നുവെന്ന് ആലോചിക്കേണ്ട സമയമാണിത്. 'കെട്ടുറപ്പ്' എന്ന വാക്കിൽ എല്ലാ ഉത്തരങ്ങളെയും ഉൾക്കൊള്ളിക്കുന്നതാണ് ഉചിതം. ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കുകയും ദുരുപയോഗിക്കുകയും ചെയ്യുന്ന വാക്കും ഇതുതന്നെയല്ലേ!

സമുദായങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും മനുഷ്യർ തമ്മിലും നമ്മുടെ നാട്ടിൽ അസൂയാർഹമായ തരത്തിൽ കെട്ടുറപ്പ് നിലനിന്നിരുന്നെങ്കിൽ അവയുടെ ആധാരമായി വർത്തിച്ചിരുന്നത് കുടുംബത്തിന്റെ ഉള്ളറകളിൽ നിലനിന്നിരുന്ന ഉറപ്പുള്ള ചില കെട്ടുകളായിരുന്നു. അതിലേറ്റവും സുപ്രധാനം മനുഷ്യനും ദൈവവും തമ്മിലുള്ള ഒരിക്കലും അയഞ്ഞുപോകാൻ പാടില്ലാത്ത കടുംകെട്ടുകളായിരുന്നു. മറ്റാരെയും തോല്പിക്കാനായിരുന്നില്ല, ദൈവത്തിന്റെ മുമ്പിൽ സ്വയം തോറ്റുപോകാതിരിക്കാനായിരുന്നു നമ്മുടെ പൂർവികർ മലകയറിയതും മുട്ടുകുത്തിയതും ശിരസ്സുകുനിച്ചു ഭൂമിയോളം വിനീതരായതുമെല്ലാം. ഓരോ പ്രാർത്ഥനയും ഓരോ ആചാരവും കുടുംബത്തിനുള്ളിൽ നടത്തിയിരുന്ന ആത്മീയപരിശീലനങ്ങളിൽനിന്നു കിട്ടിയിരുന്ന ഓരോ ബോധ്യവും തമ്പുരാനുമായുള്ള മനുഷ്യന്റെ 'കെട്ടുമുറുക്കലു'കളായിരുന്നു. മതം അവനവനെ തിന്മയിൽനിന്ന് അകറ്റിനിർത്താനുള്ള പരിചയായിരുന്നു. നമുക്ക് അപരനു നേർക്കുയർത്താനുള്ള ആയുധമായി നാമതിനെ ഒരിടത്തും ഒരിക്കലും ഉപയോഗിച്ചിട്ടുമില്ല. ഒന്നിച്ചുള്ള അധ്വാനവും ഒന്നിച്ചുള്ള ഭോജനവും കൊച്ചുകൊച്ചു യാത്രകളും ഗൃഹസന്ദർശനങ്ങളും തീർത്ഥാടനങ്ങളും ഉചിതമായ സമയത്തു വിവേകത്തോടെ നടത്തിയിരുന്ന തിരുത്തലുകളും ചെറിയ ശിക്ഷകളും ഒറ്റയ്ക്കല്ല എന്നു നിരന്തരം ഓർമപ്പെടുത്തിയിരുന്ന ചേർത്തുപിടിക്കലുകളും സ്നേഹചുംബനങ്ങളുമെല്ലാം കുടുംബത്തിനുള്ളിൽ മനുഷ്യർ തമ്മിലുണ്ടായിരിക്കേണ്ട ആത്മബന്ധത്തിന്റെ ഉറപ്പുള്ള കെട്ടുകളായിരുന്നു.

കുടുംബത്തിനുള്ളിൽ മാതാപിതാക്കൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും സഹോദരങ്ങൾ തമ്മിലും ഉണ്ടായിരുന്ന, കുടുംബത്തിനാകെ ദൈവത്തോടുണ്ടായിരുന്ന 'കടുംകെട്ടുകൾ' ഒറ്റവലിക്ക് ഊരിപ്പോയേക്കാവുന്ന കെട്ടുകൾ മാത്രമായിപ്പോയതിന്റെ പ്രത്യാഘാതങ്ങളല്ലേ നാം അഭിമുഖീകരിക്കുന്നത്? ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോഴാണ് നാമിത് ഓർമിക്കേണ്ടതും ഓർമിപ്പിക്കേണ്ടതും?

വിദൂരമോ ഉന്നതമെന്നു നമുക്കു തോന്നുന്നതോ ആയ ഏതൊക്കെയോ ലക്ഷ്യങ്ങളിലേക്കു തൊടുത്തുവിടാനുള്ള അസ്ത്രങ്ങൾ മാത്രമായി മക്കളെ പരുവപ്പെടുത്തുന്നതിനുള്ള വ്യഗ്രതകൾക്കിടയിൽ കുടുംബങ്ങൾ പുലർത്തേണ്ട കാലോചിതമായ ജാഗ്രതയെ ഓർമിക്കുന്നതും ഓർമിപ്പിക്കുന്നതും പിഴവോ വീഴ്ചയോ അല്ല, ദൈവികമായ കടമയുടെയും കരുത്തിന്റെയും പ്രതിഫലനമാണ്. അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ വാക്കുകളെ നാം സ്വീകരിക്കേണ്ടത് ഈയൊരു മനസ്സോടെയാവണം. അപകടകരമായ രീതിയിൽ നമ്മുടെ ലോകം മാറിക്കൊണ്ടിരിക്കുന്നുവെന്നും അവിശ്വസനീയമായ തരത്തിൽ ലോകത്തിന്റെ വിദൂരമായ ദിക്കുകളിൽനിന്നുപോലും തിന്മയുടെ പല രൂപത്തിലുള്ള കെണികൾ നമ്മുടെ കുടുംബങ്ങളിലേക്കെത്തുന്നുവെന്നും ജാതിമതഭേദമെന്യേ എല്ലാവരും തിരിച്ചറിഞ്ഞ യാഥാർത്ഥ്യമാണ്. നമ്മുടെ സമൂഹത്തിലെ ഒരു കുഞ്ഞിനെപ്പോലും നഷ്ടമാകാൻ ഇടയാകാത്തവിധം യഥാർത്ഥമായ മനുഷ്യസ്നേഹത്തിന്റെയും ശരിയായ ലക്ഷ്യബോധത്തിന്റെയും വിവേകപൂർണമായ തീരുമാനങ്ങളുടെയും ആരോഗ്യകരമായ കുടുംബാന്തരീഷങ്ങളുടെയും ഊർജവും വെളിച്ചവുമാണ് നാമവരുടെ മനസ്സിൽ നിറയ്ക്കേണ്ടത്. കുടുംബങ്ങൾ ദുർബലമാകുമ്പോഴാണ് അനഭിലഷണീയമായ ഒട്ടേറെ പ്രവണതകൾ നമുക്കു ചുറ്റും കരുത്താർജിക്കുന്നത്. ഇത്തരം പ്രവണതകളെ നിർവീര്യമാക്കേണ്ടത് ഒരു കൂട്ടമാളുകളുടെ മാത്രമാവശ്യമല്ലെന്നും കലാപത്തിന്റെയോ വിദ്വേഷത്തിന്റെയോ നിറം അതിനു ചാർത്തേണ്ടതില്ലെന്നും ഇന്നാട്ടിലെ ഓരോ മനുഷ്യനുമറിയാം.

കെട്ടുറപ്പുള്ള കുടുംബങ്ങളിലൂടെ മാത്രമേ കാലത്തിന്റെ വെല്ലുവിളികളെ നമുക്ക് അതിജീവിക്കാനാകൂ എന്ന സന്ദേശത്തിന് ഒരു ചാനൽ ചർച്ചകളിലും ഇടം കിട്ടാതെ പോയതെന്തുകൊണ്ടാണ്? അരമന ഉയരുംമുമ്പേ പടുത്തുയർത്തപ്പെട്ട മഹത്തായ ഒരു കലാലയത്തെയും കാലാകാലങ്ങളിൽ സമൂഹനന്മയ്ക്കുതകുംവിധം പടുത്തുയർത്തപ്പെട്ട അനേകായിരം വിദ്യാഭ്യാസസ്ഥാപനങ്ങളെയും ആതുരാലയങ്ങളെയും ആശ്രയകേന്ദ്രങ്ങളെയും മറ്റനേകം സേവനപ്രസ്ഥാനങ്ങളെയും ചൂണ്ടിക്കാട്ടി വിനയത്തോടെ വ്യക്തമാക്കട്ടെ; നാടിനെ ശരിയായ ദിശയിൽത്തന്നെ പഠിപ്പിക്കുകയും നയിക്കുകയും കളങ്കമേശാതെ പരിപാലിക്കുകയും ചെയ്യുന്ന ഒരാത്മീയനേതൃത്വത്തെ ആദരവോടെ മാത്രമേ നമുക്കു സമീപിക്കാനാവൂ. ഈ പ്രബോധനത്തിന് നാം അർത്ഥം ആരായേണ്ടത് തെരുവുകളിലല്ല. കൊടിപിടിച്ചും വടിചുഴറ്റിയുമല്ല ഈ വാക്കുകളുടെ അന്തസ്സത്തയെ നാം സ്വീകരിക്കേണ്ടത്. മതമോ രാഷ്ട്രീയമോ ഏതുമായിക്കൊള്ളട്ടെ, ഈ തെരുവുകളിൽനിന്നു നാം വീട്ടിലേക്കു മടങ്ങിയെത്തുമ്പോൾ നമ്മുടെ യുവതയിലൊന്നുപോലും ലക്ഷ്യവും മാർഗവും പിഴച്ച് വേട്ടക്കാരന്റെയോ ഇരയുടെയോ വഴികളിൽ സഞ്ചരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നിടത്താണ് അഭിവന്ദ്യ പിതാവിന്റെ വാക്കുകളോടു നമുക്കു നീതിപുലർത്താനാവുന്നത്. ഒറ്റപ്പെടുത്തലിന്റെയോ മുറിപ്പെടുത്തലിന്റെയോ മുതലെടുപ്പിന്റെയോ ഭാഷ്യങ്ങൾ നാമതിനു ചമയ്ക്കരുത്. കാരണം, ലാഭനഷ്ടങ്ങൾ കൃത്യമായി കണക്കുകൂട്ടി കരുതലോടെ നടത്തുന്ന രാഷ്ട്രീയപ്രസ്താവനകൾക്കപ്പുറത്താണ് അതിന്റെ സ്ഥാനം. ഏല്പിക്കപ്പെട്ടവയിൽ ഒന്നുപോലും നഷ്ടമാകരുതേ എന്നു തീവ്രമായി ഇച്ഛിക്കുന്ന ഇടയഹൃദയത്തോടു ചേർന്നു നില്ക്കാം. വർത്തമാനകാലസമൂഹത്തെ വിഴുങ്ങുന്ന തിന്മകൾ ഏതുതന്നെയായാലും അവയ്ക്കെല്ലാമുള്ള പരിഹാരം കുടുംബത്തിനുള്ളിൽ മനുഷ്യർ തമ്മിലും മനുഷ്യരും ദൈവവും തമ്മിലുമുള്ള ദൃഢബന്ധമാണ് അഥവാ ഉപാധികളില്ലാത്ത സ്നേഹവും ഉറച്ച ദൈവവിശ്വാസവുമുള്ള കെട്ടുറപ്പുള്ള കുടുംബങ്ങളാണ് എന്ന ശ്രേഷ്ഠമായ ചിന്തയെ ഹൃദയത്തോടു ചേർത്തുനിർത്താം.





ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## സ്വാഗതം

സംസ്കൃതത്തിലെ ആകാരാന്തപദങ്ങളെ അകാരാന്തങ്ങൾ ആക്കിയാണ് മലയാളത്തിൽ ഉപയോഗിക്കുന്നത്. ജിജ്ഞാസാ – ജിജ്ഞാസ; ശുശ്രൂഷാ – ശുശ്രൂഷ. ഹ്രസ്വാദങ്ങളോടെയേ മലയാളപ്രത്യയങ്ങൾ ചേർക്കാറുള്ളൂ. ജിജ്ഞാസയിൽ, ശുശ്രൂഷയാൽ. എന്നാൽ, സംസ്കൃതസമസ്തപദങ്ങളിൽ ദീർഘം നിലനിൽക്കും. ജിജ്ഞാസാനീതൻ, ശുശ്രൂഷാനിരതൻ.

സ എന്ന പൂർവ്വപ്രത്യയവും പൂർവ്വം എന്ന പരപ്രത്യയവും നാമത്തോടു ചേർക്കാം. സസ്നേഹം – സ്നേഹപൂർവ്വം; സധൈര്യം – ധൈര്യപൂർവ്വം; സോന്മേഷം – ഉന്മേഷപൂർവ്വം; സവിനയം – വിനയപൂർവ്വം. പുരപ്രത്യയവും പരപ്രത്യയവും ഒരുമിച്ചുചേർത്ത്, 'സസ്നേഹപൂർവ്വം', 'സധൈര്യപൂർവ്വം, 'സോന്മേഷപൂർവ്വം, 'സവിനയപൂർവ്വം' എന്നെല്ലാം പ്രയോഗിക്കരുത്. പൂർവ്വം പരപ്രത്യയമായി നിൽക്കുമ്പോൾ 'കൂടി' എന്നർത്ഥം. "വിനീതപൂർവ്വം' എന്ന് ഒരു ലേഖനത്തിൽ പ്രയോഗിച്ചിരിക്കുന്നതു കണ്ടു. തെറ്റാണ്. വിനീതി എന്ന നാമരൂപത്തോട് പൂർവ്വം ചേർത്ത് വിനീതിപൂർവ്വം എന്നു പദമുണ്ടാക്കിയാൽ തെറ്റാവില്ല. എങ്കിലും വിനയപൂർവ്വം എന്നതാണ് ശരിയായ അർത്ഥം തോന്നിക്കാൻ നല്ലത്."*

സഹ എന്നതിന്റെ സംക്ഷിപ്തരൂപമായ ഒരു സ (prefix) സംസ്കൃതത്തിലുണ്ട്, വിശേഷണങ്ങളോടു ചേർക്കുന്നു. സഭാര്യൻ (ഭാര്യയോടു കൂടിയവൻ), സവിസ്തരം (വിസ്താരത്തോടെ) സസന്തോഷം (സന്തോഷത്തോടെ). സുതരാം എന്നതിന്റെ സംക്ഷിപ്തരൂപമായ സു (prefix) ക്രിയാവിശേഷണങ്ങളിലാണ് അധികവും കാണുന്നത്. സുധീരം, സുസൂക്ഷ്മം (സധീരം, സസൂക്ഷ്മം ഇവ തെറ്റ്) മൂർത്തം എന്നു മതിയാകുന്നിടത്ത് 'സമൂർത്തം' എന്നെഴുതിക്കാണാറുണ്ട്. മൂർത്തി (രൂപം) ഉള്ളതാണ് മൂർത്തം. സരൂപം എന്നും പറയാം.

നല്ല എന്നർത്ഥമുള്ള ഒരു സു(prefix)വും സംസ്കൃതത്തിലുണ്ട്. സുഷ്ഠു എന്നതിന്റെ ചുരുക്കരൂപമാണത്. സു+ആഗതം സന്ധിയിൽ, സ്വാഗതം എന്നാകുന്നു. 'സുഷ്ഠു ആഗതം സ്വാഗതം' (നല്ലവണ്ണം വന്നെത്തുന്നത്)** എന്നു പദനിഷ്പത്തി. സ്വാഗതത്തിനു മുൻനിലയെന്നവണ്ണം വീണ്ടും സു ചേർത്ത് 'സുസ്വാഗതം' എന്ന പ്രയോഗം ആവശ്യമില്ല. അതിഥികളെ സ്വീകരിക്കാൻ പറയുന്ന മംഗളവാക്ക്, സുഖമായി വന്നുചേരൽ തുടങ്ങിയ വിവക്ഷിതങ്ങളും സ്വാഗതം എന്ന പദത്തിനുണ്ട്.

സംസ്കൃതവ്യാകരണത്തിന്റെ 'ഹരിശ്രീ' പഠിക്കാൻ മിനക്കെടാതെ പദസൃഷ്ടിക്കു പുറപ്പെട്ടാൽ തൊട്ടതെല്ലാം അവതാളത്തിലാകും. സ്വന്തം പാണ്ഡിത്യം പ്രകടിപ്പിക്കണം എന്നാണ് നിർബന്ധമെന്നു വന്നാൽ പിന്നെ രക്ഷയില്ല!

* ലീലാവതി, എം., ഡോ., നല്ലെഴുത്ത്, കേരള മീഡിയ അക്കാദമി, കൊച്ചി, 2016, പുറം – 65

** രാജഗോപാൽ, എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം – 241.

# വിദ്യാലയകവാടങ്ങൾ വീണ്ടും തുറക്കുമ്പോൾ



ഗിഫു മേലാറ്റൂർ

**മാ**സങ്ങൾ നീണ്ട അനിശ്ചിതത്വത്തിനും കൂടിയാലോചനകൾക്കുംശേഷം കേരളത്തിൽ സ്കൂൾ തുറക്കാൻ തീരുമാനിച്ചിരിക്കുകയാണ് സർക്കാർ. അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണാടകയും പുതുച്ചേരിയുമെല്ലാം സ്കൂളുകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞെങ്കിലും കൊവിഡ്കേസുകളിൽ കാര്യമായ കുറവ് അനുഭവപ്പെടാത്ത സാഹചര്യത്തിലാണ് കേരളം സ്കൂൾ തുറക്കാൻ മടിച്ചുനിന്നത്. കുട്ടികളെ കൂടുതലായി ബാധിക്കുമെന്നു പറയപ്പെടുന്ന മൂന്നാം തരംഗത്തെക്കുറിച്ചുള്ള ഭീതിയും നിലനിൽക്കുകയാണ്. എന്നാൽ, സ്കൂളുകൾ തുടർച്ചയായി അടച്ചിടുന്നത് വിദ്യാർത്ഥികളിൽ ദൂരവ്യാപകമായ മാനസികപ്രശ്നങ്ങൾക്കിടയാക്കുമെന്ന മുന്നറിയിപ്പിന്റെയും ആരോഗ്യവിദഗ്ധർ പച്ചക്കൊടി കാട്ടിയതിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പോൾ തുറക്കാനുള്ള തീരുമാനത്തിലെത്തിയത്.

**ജീവിതം കരുപ്പിടിപ്പിക്കുന്ന കേന്ദ്രങ്ങൾ**

പ്രൊഫഷനൽ കോളജുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ ഒക്ടോബർ നാലുമുതൽ തുറന്നുപ്രവർത്തിക്കും. വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാൻ സർക്കാർ ഓൺലൈൻ ക്ലാസ്സുകൾ ഏർപ്പെടുത്തിയതുകൊണ്ടാണ് സ്കൂൾ അടച്ചിടൽ ഒന്നര വർഷം നീണ്ടിട്ടും രക്ഷിതാക്കളിൽനിന്നോ സമൂഹത്തിൽനിന്നോ കാര്യമായ വിമർശനമോ പ്രതിഷേധമോ ഉയരാതിരുന്നത്. അതേസമയം, ഓൺലൈൻ വിദ്യാഭ്യാസം സ്കൂളിൽ പോയി പഠിക്കുന്നതിനു തുല്യമോ പകരമോ ആകില്ല ഒരിക്കലും. പാഠശാലകളെന്നതിലുപരി ജീവിതം കരുപ്പിടിപ്പിക്കുന്ന കേന്ദ്രങ്ങൾ കൂടിയാണ് സ്കൂളുകൾ.

**മുൻകരുതൽ സ്വീകരിച്ച് സ്കൂൾ തുറക്കണമെന്ന് ആവശ്യം**

സാമൂഹികജീവിയെന്ന നിലയിൽ മറ്റുള്ളവരുമായി ബന്ധപ്പെട്ടും ചുറ്റുപാടുകളുമായി സംവദിച്ചുകൊണ്ടുമായിരിക്കണം വിദ്യാർത്ഥികൾ വളരേണ്ടത്. സ്വഭാവരൂപവത്കരണത്തിലും പെരുമാറ്റരീതികളിലുമെല്ലാം ഇത് വലിയ സ്വാധീനം ചെലുത്തും. സ്കൂളിൽ പോകുന്ന ഒരു വിദ്യാർത്ഥി മുതിർന്നവരെയും തന്നെക്കാൾ ഇളയവരെയും മറ്റു വിവിധ വിഭാഗങ്ങളിൽപ്പെട്ടവരെയും ദൈനംദിനം കാണുകയും ഇടപഴകുകയും ചെയ്യുന്നതിലൂടെ കൈവരിക്കുന്ന മാനസികവും സാമൂഹികവുമായ വികാസം പുസ്തകത്താളുകളിൽനിന്നോ, അധ്യാപകന്റെ ക്ലാസ്സ് മുഖേനയോ ലഭ്യമാകില്ല. രോഗപ്പകർച്ചയ്ക്കെതിരേയും വ്യാപനത്തിനെതിരേയുമുള്ള മുൻകരുതൽ സ്വീകരിച്ച് സ്കൂൾ തുറക്കണമെന്ന് മനഃശാസ്ത്രവിദഗ്ധർ സർക്കാരിനോടാവശ്യപ്പെട്ടത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഈ പ്രാധാന്യം കണക്കിലെടുത്താണ്.

**തുറക്കുന്നതിനുമുമ്പുള്ള തയ്യാറെടുപ്പുകൾ**

പ്രൈമറി ക്ലാസ്സുകളാണ് ആദ്യം തുറക്കേണ്ടതെന്ന ആരോഗ്യവിദഗ്ധരുടെ അഭിപ്രായം മാനിച്ച് ഒന്നുമുതൽ ഏഴുവരെയുള്ള പ്രൈമറി ക്ലാസ്സുകളും പൊതുപരീക്ഷകൾ നടക്കുന്ന 10,12 ക്ലാസ്സുകളുമാണ് ആദ്യം തുറക്കുന്നത്. നവംബർ ഒന്നു മുതൽ ഇവ പ്രവർത്തനമാരംഭിക്കും. നവംബർ 15 മുതൽ എല്ലാ ക്ലാസ്സുകളും ആരംഭിക്കുന്നതിനു തയ്യാറെടുപ്പുകൾ നടത്താനും സ്കൂൾ തുറക്കുന്നതിന്റെ 15 ദിവസം മുമ്പായി ഒരുക്കങ്ങൾ പൂർത്തീകരിക്കാനും നിർദേശം നൽകിയതായി മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചിട്ടുണ്ട്. കുട്ടികൾ കൂടുതലുള്ള സ്കൂളുകളിൽ ഷിഫ്റ്റ് അടിസ്ഥാനത്തിലായിരിക്കും ക്ലാസ്സുകൾ. ഏഴായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലാണ് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ക്ലാസ്സുകൾ ക്രമീകരിക്കാൻ ആലോചിക്കുന്നത്. സമാന്തരമായി ഓൺലൈൻ ക്ലാസ്സുകളും സംഘടിപ്പിക്കും.

**വിപുലമായ മുൻകരുതലും മുന്നൊരുക്കങ്ങളും**

അതേസമയം, കച്ചവടസ്ഥാപനങ്ങളോ ആരാധനാലയങ്ങളോ തുറക്കുന്നതുപോലെയല്ല സ്കൂളുകൾ തുറക്കുന്നത്. ഇവിടെ വിപുലമായ മുൻകരുതലും മുന്നൊരുക്കങ്ങളും ബോധവത്കരണവും ആവശ്യമാണ്. കുട്ടികളിൽ കൊവിഡ് തീവ്രമാകാൻ സാധ്യത കുറവാണെങ്കിലും ഇവർ രോഗവാഹകരാകാനും വീടുകളിലെ മുതിർന്നവർക്ക് അസുഖം പകർന്നുനൽകാനും സാധ്യതയുണ്ട്. എല്ലാ വീടുകളിൽ നിന്നും സ്കൂളുകളിൽ കുട്ടികളെത്തുന്നുണ്ട്. ഏതെങ്കിലും വീട്ടിലെ ഒരംഗത്തിനു രോഗം വന്നാൽ അതു കുട്ടികളിലേക്കു പകരാം. സ്കൂളിലെത്തുന്ന കുട്ടികളിൽ നിന്ന് മറ്റു കുട്ടികളിലേക്കും അവർവഴി വിവിധ വീടുകളിലേക്കും രോഗം വ്യാപിക്കും. ഇതു തടയാൻ പ്രതിരോധപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കർശനവുമാക്കേണ്ടതുണ്ട്. കുട്ടികൾ സ്കൂളുകളിലെത്തുമ്പോൾ മാസ്ക്, സാനിറ്റൈസർ, സാമൂഹിക അകലപാലനം എന്നിവ ഉറപ്പുവരുത്തണം. സ്കൂൾ ബസുകളും കുട്ടികൾ യാത്ര ചെയ്യുന്ന മറ്റു വാഹനങ്ങളും അണുവിമുക്തമാക്കണം.



**എസ്.എസ്.എൽ.സി. പരീക്ഷയിലെ ആശങ്ക**

കുട്ടികൾ കൊവിഡ് പ്രോട്ടോകോൾ കൃത്യമായി പാലിക്കുമോയെന്ന ആശങ്ക രക്ഷിതാക്കളിലും സമൂഹത്തിലും സ്വാഭാവികമാണ്. സ്കൂളുകളിലെ അച്ചടക്കത്തിന്റെയും ക്രമീകരണങ്ങളുടെയും ഭാഗമായി ഇതൊക്കെ മാറിക്കഴിഞ്ഞാൽ കുട്ടികൾ അവയുമായി ഇഴുകിച്ചേരുകയും ശീലമാക്കുകയും ചെയ്യുമെന്നാണ് മാനസികാരോഗ്യവിദഗ്ധരുടെ പക്ഷം. സ്കൂൾ തുറക്കുന്നത് രോഗം വ്യാപിപ്പിക്കില്ലെന്നും ആരോഗ്യവകുപ്പുമായി ചേർന്ന് വിപുലവും ഫലപ്രദവുമായ പദ്ധതി തയ്യാറാക്കിവരികയാണെന്നും വിദ്യാഭ്യാസമന്ത്രി പറയുന്നു. എസ്.എസ്.എൽ.സി പരീക്ഷ നടത്തിയപ്പോഴും ഇതുപോലെ ആശങ്കയുണ്ടായിരുന്നെങ്കിലും അന്ന് ഒന്നും സംഭവിച്ചില്ലെന്ന കാര്യവും മന്ത്രി ചൂണ്ടിക്കാട്ടുന്നു.

**പകരാനുള്ള വഴികൾ**

സ്കൂളുകളിലെ ഭക്ഷണത്തിന്റെയും മറ്റും കാര്യത്തിലും കളിയിടങ്ങളിലും പുതിയ ക്രമീകരണങ്ങൾ ആവശ്യമായി വരും. ഭക്ഷണസമയത്ത് മാസ്ക് ധരിക്കാത്തതിനാൽ കൂട്ടത്തിൽ രോഗവാഹകരായ വിദ്യാർത്ഥികളുണ്ടെങ്കിൽ രോഗപ്പകർച്ച കരുതിയിരിക്കേണ്ടതുണ്ട്. ഭക്ഷണം കഴിക്കുന്നതിനിടയിൽ കുട്ടികൾ സംസാരിക്കുമ്പോൾ രോഗമുള്ളവരിൽനിന്ന് രോഗാണുക്കൾ അന്തരീക്ഷത്തിലെത്തുകയും അത് മറ്റുള്ളവരിലേക്കു പകരുകയും ചെയ്യാം. ഭക്ഷണം കഴിക്കാനുള്ള ഇടങ്ങൾ കൂടുതൽ വിശാലമാക്കുകയും അകലം പാലിച്ച് ഭക്ഷണം കഴിക്കാൻ സൗകര്യമൊരുക്കുകയുമാണ് പ്രതിവിധി.

**ശ്രദ്ധിക്കണം**

ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി സ്കൂളിലിരുന്നുള്ള ഭക്ഷണം ഒഴിവാക്കുകയുമാകാം. ടോയ്ലറ്റിൽ പോകാൻ എല്ലാ കുട്ടികൾക്കും ഒരേസമയം ഇടവേള നൽകുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഇത് തിരക്കിനും കുട്ടികൾ തമ്മിൽ കൂടിച്ചേരലിനും വഴിവയ്ക്കും. ഓരോ ക്ലാസ്സുകാർക്കായി പ്രത്യേകം ഇടവേളകൾ നൽകിയാൽ ഈ പ്രശ്നം ഒഴിവാക്കാനാകും. ഓരോരുത്തരും ഉപയോഗിച്ചശേഷം ടോയ്ലറ്റ് അവരവർ തന്നെ വൃത്തിയാക്കുന്നതിനുള്ള പരിശീലനം നൽകുന്ന കാര്യവും പരിഗണിക്കാമെന്നും ചൂണ്ടിക്കാട്ടുന്നു. ■

---





കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി

# ഞാൻ സഫിയ



ജോയിഷ് ജോസ്




ഞാൻ സഫിയ

ആത്മവിശ്വാസത്തിന്റെ, പൊരുതലിന്റെ, ജീവിതവിജയത്തിന്റെ നേർസാക്ഷ്യം....

കൊടുങ്കാറ്റ് കീറിപ്പറിച്ചെറിയുന്ന കരിയിലപോലെ തകരുമ്പോഴും അടിയുറച്ച വിശ്വാസവും അവകാശബോധവുംകൊണ്ട് ചില സ്ത്രീകൾ ഏതു മൗനത്തിലും ജ്വലിച്ചുയരുന്നു. വാക്കുകൾക്കായി ദാഹിക്കുന്ന മനസ്സ് അനുഭവങ്ങളിലൂടെ, വെളിപാടുകളിലൂടെ ലോകമനസ്സാക്ഷിയെ കുലുക്കിയുണർത്തുന്നു. അതാണ് 'ഞാൻ സഫിയ'.

ലോകത്ത് സ്ത്രീസ്വാതന്ത്ര്യവും നീതിയുമായി ബന്ധപ്പെട്ട ചർച്ചകൾ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. മതതീവ്രവാദികൾ അവർക്കെതിരേയുള്ള അതിക്രമങ്ങളും നടത്തിക്കൊണ്ടേയിരിക്കുന്നു. സ്ത്രീക്ക് സമത്വമാണോ നീതിയാണോ അതോ സുരക്ഷയാണോ വേണ്ടതെന്ന ചോദ്യമാണ് ഇനിയും ഉയരേണ്ടത്. സമൂഹത്തിന്റെ പകുതിയായ സ്ത്രീക്ക് സാംസ്കാരികവും സാമൂഹികവും സാമ്പത്തികവും മതപരവുമായ ഒരിടമുണ്ട്. പുരുഷകേന്ദ്രീകൃതമായ ഒരു സമൂഹം മതപരമായ വിലക്കുകളാൽ സ്ത്രീകളെ അത്തരം പൊതുവിടങ്ങളിൽനിന്നു മാറ്റിനിർത്താൻ ശ്രമിക്കുകയാണ്. കായികബലംകൊണ്ടു വിജയം നേടുന്ന കാഴ്ചയാണ് നാം കാണുന്നത്. ശക്തിയുള്ളവൻ അശക്തനെ തുടച്ചുമാറ്റുന്നു.

ആധുനികകാലത്ത് സഫിയയെപ്പോലുള്ള സ്ത്രീകൾ അവരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അതിജീവിച്ചു പ്രതിരോധം തീർക്കുന്നുവെന്നതാണ് ആശ്വാസകരമായിട്ടുള്ളത്.

പതിമ്മൂന്നാം വയസ്സിൽ അമ്പതുകാരന്റെ ഭാര്യയാകുക, മൂന്നു പ്രാവശ്യം ഭർത്താക്കന്മാരാൽ മൊഴിചൊല്ലപ്പെടുക, മൂന്നു പ്രാവശ്യം കല്ലെറിഞ്ഞു കൊല്ലാൻ വിധിക്കപ്പെടുക, നൊന്തുപെറ്റ കുഞ്ഞുങ്ങൾ നഷ്ടപ്പെടുക എന്നതെല്ലാം സഹിക്കേണ്ടി വന്നവളാണ് സഫിയ. എന്നിട്ടും അവൾ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചു. വടക്കൻ നൈജീരിയായിലെ ടുങ്കാർ ടുഡു എന്ന കുഗ്രാമത്തിലെ ഹുസൈനി കുടുംബത്തിലെ നിഷ്കളങ്കയായ സഫിയ എന്ന യുവതിയുടെ പോരാട്ടവിജയത്തിന്റെ കഥയാണ് ഈ ആത്മകഥ. അവളെ തിരിച്ചറിയാൻ പ്രാപ്തിയില്ലാതിരുന്ന ഗ്രാമം അവസാനം അവളോടൊപ്പം ഉണർന്നപ്പോൾ അത് ആ നാടിന്റെ ഉജ്ജ്വലചരിത്രം കൂടിയായി...

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


ദൈവം സ്വർഗത്തിൽനിന്നു മനുഷ്യമക്കളെ നോക്കുന്നു; ദൈവത്തെ തേടുന്ന ജ്ഞാനികളുണ്ടോ എന്ന് അവിടുന്ന് ആരായുന്നു.

സങ്കീർത്തനം 53:2

**എഡിറ്റോറിയൽ**

# തീവ്രവാദത്തിനും മയക്കുമരുന്നിനുമെതിരേ ഒന്നിച്ചു പോരാടണം

**വ**ർത്തമാനകാലത്തെ മുഖ്യ യുദ്ധോപകരണമായി മയക്കുമരുന്ന് ശക്തിപ്രാപിക്കുന്ന വാർത്തകൾക്ക് രാജ്യവും സംസ്ഥാനവും അനുദിനം സാക്ഷ്യം വഹിക്കുകയാണ്. മയക്കുമരുന്നിന്റെ തണലിൽ തഴച്ചുവളരുന്നതോ തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും. ലോകത്തിന്റെ ഭാവിയെത്തന്നെ കൈപ്പിടിയിലൊതുക്കാൻ പ്രാപ്തിയുള്ള ഭീകരശക്തിയായി മയക്കുമരുന്നു മാഫിയ മാറിയിട്ടുണ്ടെങ്കിൽ, അതിജാഗ്രതയോടെ തിന്മയുടെ തേർവാഴ്ചകൾക്കെതിരേ കരുത്താർജിക്കാനുള്ള സമയമാണിത്.

ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തുനിന്ന് കഴിഞ്ഞ ദിവസം 21,000 കോടി വില വരുന്ന മൂവായിരം കിലോ ഹെറോയിൻ പിടിച്ചെടുത്ത സംഭവം അക്ഷരാർത്ഥത്തിൽ രാജ്യത്തെ ഞെട്ടിച്ചു. അത് ഇന്ത്യയുടെ ചരിത്രത്തിലെതന്നെ ഏറ്റവും വലിയ മയക്കുമരുന്നുവേട്ടയായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഇതിന്റെ ഉറവിടം അഫ്ഗാനിസ്ഥാനാണെന്നതാണ് കൂടുതൽ ആശങ്കയ്ക്കാധാരം. ഒന്നാം താലിബാൻ ഭരണകാലത്ത് മയക്കുമരുന്നിന്റെ ആസ്ഥാനമായി ആ രാജ്യം മാറിയിരുന്നുവെന്നും ഓർക്കുക. ലോകവിപണിയിലെത്തുന്ന മയക്കുമരുന്നിന്റെ ഭീമഭാഗവും അഫ്ഗാനിൽനിന്നാണെന്ന് അന്നേ റിപ്പോർട്ടുകളുണ്ടായിരുന്നു. അഫ്ഗാനിസ്ഥാന്റെ നിയന്ത്രണം താലിബാൻ ഏറ്റെടുത്തതിനുശേഷമാവാം ലഹരിമരുന്നു ശേഖരം ഇന്ത്യയിലേക്കു കടത്തിയതെന്നാണ് അന്വേഷണോദ്യോഗസ്ഥരുടെ അനുമാനം. മയക്കുമരുന്നിൽനിന്നു ലഭിക്കുന്ന പണം ഭീകരവാദത്തിന് ഉപയോഗിക്കാൻ ലക്ഷ്യമിട്ടിരുന്നോ എന്നതും താലിബാൻ ബന്ധവും എൻ.ഐ.എ. ഗൗരവമായി പരിശോധിച്ചുവരികയാണ്.

മയക്കുമരുന്നുകച്ചവടത്തെ തീവ്രവാദസംഘടനകൾ ധനസമ്പാദനത്തിനുള്ള മാർഗമായി ഉപയോഗിക്കുമ്പോൾ നാർക്കോ ടെററിസം രൂപപ്പെടുന്നു. നാർക്കോ ടെററിസം എന്ന പദം ആദ്യമായി ഉപയോഗിച്ചത് 1983 ൽ പെറു പ്രസിഡന്റായിരുന്ന ഫെർണാണ്ടോ ബെലൗന്ദേ ടെറിയാണ്. അഫ്ഗാനിസ്ഥാനിൽ നടക്കുന്ന മയക്കുമരുന്നുകച്ചവടവുമായി ബന്ധപ്പെടുത്തി യൂറോപ്യൻ ഫൗണ്ടേഷൻ ഫോർ സൗത്തേഷ്യൻ സ്റ്റഡീസ് 2017 ൽ പ്രസിദ്ധീകരിച്ച ഒരു പ്രബന്ധത്തിലാണ് 'നാർക്കോ ജിഹാദ്' എന്ന പദം പുറത്തുവന്നത്. തുടർന്നുള്ള വർഷങ്ങളിലും അന്താരാഷ്ട്ര ജേർണലുകളിൽ ഈ പദവും ഇതിനെ ചുറ്റിപ്പറ്റിയുള്ള വാർത്തകളും സ്ഥാനംപിടിച്ചു.

എട്ടുനോമ്പുതിരുനാളിനോടനുബന്ധിച്ച് ചരിത്രപ്രസിദ്ധമായ കുറവിലങ്ങാടു പള്ളിയിൽ പാലാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് എഴുതിത്തയ്യാറാക്കി അവതരിപ്പിച്ച പ്രസംഗം അനാവശ്യമായ വിവാദങ്ങളിലേക്കു വലിച്ചിഴയ്ക്കപ്പെട്ടത് മുഖ്യമായും നാർക്കോട്ടിക് ജിഹാദിനെ സംബന്ധിച്ചായിരുന്നല്ലോ. കരുതലിന്റെയും ശ്രദ്ധയുടെയും ഭാഗമായി തന്റെ പ്രബോധനാധികാരമുപയോഗിച്ച് ബിഷപ് കല്ലറങ്ങാട്ട് സഭാമക്കൾക്കു നൽകിയ ജാഗ്രതാനിർദേശമായിരുന്നു പ്രസ്തുത പ്രസംഗത്തിലുണ്ടായിരുന്നത്. ചില സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകിയതിന്റെ പേരിൽ അനാവശ്യവിവാദവും മതസ്പർധയും വളർത്തുന്നതിന്റെ പിന്നിലെ രഹസ്യ അജണ്ടകളും മുതലെടുപ്പുരാഷ്ട്രീയവും കേരളത്തിലെ പ്രബുദ്ധസമൂഹം വിലയിരുത്തേണ്ടതാണ്. ഏതെങ്കിലും മതത്തെയോ വിശ്വാസത്തെയോ അപകീർത്തിപ്പെടുത്തുന്ന രീതിയിലുള്ള വാക്കുകളോ വാചകങ്ങളോ അദ്ദേഹം ഉപയോഗിച്ചിട്ടില്ലെന്ന് പ്രസംഗം സമഗ്രമായി വിലയിരുത്തുന്ന ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഏതെങ്കിലും മതത്തോടുള്ള വിരോധംകൊണ്ടോ എതിർപ്പുകൊണ്ടോ ഒന്നുമല്ല; നമ്മുടെ കുഞ്ഞുങ്ങൾ നമുക്ക് നഷ്ടപ്പെടരുതെന്ന ചിന്ത മാത്രമാണ് ഇക്കാര്യം തുറന്നുപറയാൻ തന്നെ പ്രേരിപ്പിച്ചതെന്ന് ബിഷപ് കല്ലറങ്ങാട്ട് തന്റെ പ്രസംഗത്തിൽ പരാമർശിച്ചതും പലരും ശ്രദ്ധിക്കാതെപോയി.

ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദും അടഞ്ഞ അധ്യായങ്ങളാണെന്നു വരുത്തിത്തീർക്കാനുള്ള തത്രപ്പാടിലാണ് ഇവിടത്തെ സർക്കാരും രാഷ്ട്രീയപ്പാർട്ടികളുമെന്നു തോന്നിപ്പോകുന്നു. ഗുരുതരമായ ഒരു സാമൂഹികതിന്മയെക്കുറിച്ച് ഒരു ബിഷപ് പറഞ്ഞപ്പോൾ മുഖ്യമന്ത്രിയടക്കം ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്നവർക്ക് അസ്വസ്ഥതയുണ്ടാവുന്നെങ്കിൽ, ഭയം ഇവിടെ ഭരണം നടത്തുന്നുവെന്നർത്ഥം. ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്ക് ഈ നാടിനെ നയിക്കേണ്ടവർ നിശ്ശബ്ദത വെടിഞ്ഞ് നിർഭയം പൊതുസമൂഹത്തിനു മുമ്പാകെ ഈ വിഷയം ഗൗരവമായി ചർച്ചയ്ക്കെടുത്തേ മതിയാവൂ.

കേരളം തീവ്രവാദികളുടെ റിക്രൂട്ടിങ് സെന്ററാണെന്നും തീവ്രവാദികളുടെ സ്ലീപ്പിങ് സെല്ലുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നും മുൻ ഡിജിപി ലോക്നാഥ് ബെഹ്റ, വിരമിക്കുന്ന വേളയിലെങ്കിലും, തുറന്നു പറഞ്ഞത് സർക്കാരും പൊതുസമൂഹവും ഗൗരവമായെടുക്കണം. ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദും അടഞ്ഞ അധ്യായങ്ങളല്ല. ചർച്ചയ്ക്കും പഠനത്തിനുമുള്ള പുതിയ വാതിലുകളാണ് അവ നമുക്കു മുന്നിൽ തുറന്നിട്ടിരിക്കുന്നത്. കേന്ദ്രസംസ്ഥാന സർക്കാരുകൾ അന്വേഷണ ഏജൻസികളെയും പോലീസിനെയും മറ്റുമുപയോഗിച്ച് ഈ വിഷയം ആധികാരികമായി പഠിക്കുകയാണു വേണ്ടത്.

അപ്രിയസത്യങ്ങൾ തുറന്നു പറയുന്നവരെ ഒറ്റപ്പെടുത്തി ആക്രമിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്ന രീതി സാംസ്കാരികകേരളത്തിന് ഒട്ടും ഭൂഷണമല്ല. തീവ്രവാദത്തിനെതിരേയാണ് മതനേതാക്കളും രാഷ്ട്രീയനേതൃത്വവും മാധ്യമലോകവും ഒന്നിച്ചണിനിരക്കേണ്ടത്. സർവകക്ഷിയോഗമോ മതസൗഹാർദസംവാദമോ എന്തുമാകട്ടെ, അതു വിളിച്ചുകൂട്ടാനുള്ള മിനിമം സഹിഷ്ണുതയെങ്കിലും സർക്കാരിനുണ്ടാവണം. പ്രസ്തുത സംവാദവേദികൾ ആരെയും വിമർശിക്കാനോ മുട്ടുകുത്തിക്കാനോ അല്ല; മറിച്ച്, കേരളത്തെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന തീവ്രവാദത്തെ, അതേതു മതത്തിൽനിന്നോ സമുദായത്തിൽനിന്നോ ആയാലും, ഒറ്റക്കെട്ടായി എതിർക്കാനുള്ള ആർജവവും നിശ്ചയദാർഢ്യവും ആർജ്ജിക്കുന്നതിനുവേണ്ടിയാണ്.

കേരളത്തിന്റെ മതസൗഹാർദവും സാമുദായികൈക്യവും കാത്തുസൂക്ഷിക്കാൻ എക്കാലത്തും ബദ്ധശ്രദ്ധമാണ് കത്തോലിക്കാസഭ. വർഗീയതയോ മതസ്പർധയോ വളർത്തുന്ന യാതൊരു നിലപാടും സഭ നാളിതുവരെ സ്വീകരിച്ചിട്ടില്ല. മതമൈത്രിക്ക് പുകൾപെറ്റ ഈ നാട്ടിൽ അനാവശ്യവിവാദങ്ങളൊരുക്കി വർഗീയചേരിതിരിവുകളും വിഭാഗീയതയും സൃഷ്ടിക്കുകയല്ല, സമാധാനവും സാഹോദര്യവും പുലർത്താൻ എല്ലാവരും പ്രതിജ്ഞാബദ്ധരാകുകയാണു വേണ്ടത്. ■

# പത്രപ്രവർത്തനത്തിലെ പത്തരമാറ്റ്

■ മനീഷ

**മ**ലയാള പത്രപ്രവർത്തനരംഗത്തെ അതികായനായിരുന്ന കെ.എം. റോയി ഇനി ഓർമകളിൽ. അരനൂറ്റാണ്ടിലേറെയായി പത്രപ്രവർത്തനമേഖലയിൽ സജീവസാന്നിധ്യമായിരുന്നു അദ്ദേഹം. നോവലിസ്റ്റ്, അധ്യാപകൻ, വാഗ്മി എന്നീ നിലകളിലും മികവു തെളിയിച്ച അദ്ദേഹം കോളമിസ്റ്റ് എന്ന നിലയിൽ ഏറെ ജനപ്രിയനായി.

മൂന്നു പതിറ്റാണ്ടിലേറെ മംഗളം വാരികയിൽ തുടർച്ചയായി എഴുതിയ 'ഇരുളും വെളിച്ചവും', 20 വർഷത്തോളം മംഗളം പത്രത്തിലെഴുതിയ 'തുറന്ന മനസ്സോടെ' എന്നീ കോളങ്ങൾ അദ്ദേഹത്തിന്റെ പ്രതിഭാവിലാസത്തിന്റെ മികച്ച മാതൃകകളായിരുന്നു. മലയാളത്തിലും ഇംഗ്ലീഷിലും ഉൾപ്പെടെ ഒരേസമയം ഇരുപതോളം ആനുകാലികങ്ങളിൽ കോളമെഴുതുകയെന്ന അസാധ്യമെന്നു തോന്നാവുന്ന വൈഭവത്തെ സഹൃദയലോകത്തിനു കാട്ടിക്കൊടുത്തയാളാണ് കെ.എം. റോയി. നിർഭയനായിരുന്ന അദ്ദേഹത്തിന്റെ തൂലിക കേരളത്തിന്റെ രാഷ്ട്രീയസാമൂഹിക സാംസ്കാരികമണ്ഡലങ്ങളിലെ വഴിയില്ലാക്കാടുകളിലൂടെ സഞ്ചരിച്ച് ഓരോ വേഷപ്പകർച്ചകളെയും നിറഭേദങ്ങളെയും പുറത്തുകൊണ്ടുവന്നു.

വാസ്തുശില്പിയായിരുന്ന എറണാകുളം കരീത്തറ വീട്ടിൽ കെ.ആർ. മാത്യുവിന്റെയും ലുദീനയുടെയും മകനായി 1939 ഏപ്രിൽ രണ്ടിനായിരുന്നു കെ.എം. റോയിയുടെ ജനനം. കേരളപ്രകാശം പത്രത്തിലൂടെ 1961 ൽ മാധ്യമരംഗത്തെത്തി. ദേശബന്ധു, കേരളഭൂഷണം പത്രങ്ങളുടെ പത്രാധിപസമിതിയംഗമായും മനോരാജ്യം വാരികയുടെ എഡിറ്ററായും ഇക്കണോമിക് ടൈംസ്, ദ് ഹിന്ദു പത്രങ്ങളുടെയും യു.എൻ.ഐ. വാർത്താ ഏജൻസിയുടെയും റിപ്പോർട്ടറായും പ്രവർത്തിച്ചു.



ഒരു വ്യാഴവട്ടത്തോളം മംഗളം ദിനപത്രത്തിൽ ജനറൽ എഡിറ്ററായിരുന്നു.

പത്രപ്രവർത്തകയൂണിയൻ രംഗത്തു സജീവമായിരുന്ന റോയ് രണ്ടു തവണ കേരളപത്രപ്രവർത്തകയൂണിയന്റെ പ്രസിഡന്റും നാലുവർഷം ഇന്ത്യൻ പത്രപ്രവർത്തകഫെഡറേഷൻ സെക്രട്ടറി ജനറലുമായിരുന്നു. കോട്ടയം, എറണാകുളം പ്രസ്ക്ലബുകൾ സ്ഥാപിച്ചത് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

നിർഭയപത്രപ്രവർത്തകനുള്ള സഹോദരൻ കെ. അയ്യപ്പൻ അവാർഡ്, പത്രപ്രവർത്തനരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാനസർക്കാരിന്റെ 2014 ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം, മികച്ച മുഖപ്രസംഗത്തിനുള്ള മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡ്, കെസിബിസി മാധ്യമ അവാർഡ്, കേസരി രാഷ്ട്രസേവാ പുരസ്കാരം, ഇന്ദിരാഗാന്ധി ഫോറത്തിന്റെ സി.പി. ശ്രീധരൻ സ്മാരക അവാർഡ്, റഹീം മേച്ചേരി സ്മാരക അവാർഡ്, യുഎസിൽനിന്നുള്ള ഫൊക്കാനാ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

എന്റെ ദുഃഖം, മോഹം എന്ന പക്ഷി, മനസ്സിൽ എന്നും മഞ്ഞുകാലം (നോവൽ), തുറന്ന മനസ്സോടെ പുതിയ ചൈനയിൽ, ആതോസ് മലയിൽനിന്ന് (യാത്രാവിവരണം), കാലത്തിനു മുമ്പേ നടന്ന മാഞ്ഞൂരാൻ (ജീവചരിത്രം), മിസ്സിസ് സാറാമ്മയുടെ പൊമറേനിയൻ (ഹാസ്യം), ഇരുളും വെളിച്ചവും (നാലു ഭാഗങ്ങൾ), ഷിക്കാഗോയിലെ കഴുമരങ്ങൾ, പത്തു ലക്ഷം ഭാര്യമാരുടെ ശാപമേറ്റ കേരളം, കറുത്ത പൂച്ചകൾ, ചുവന്ന പൂച്ചകൾ (ലേഖനങ്ങൾ), മരിച്ചവരുടെ ഓർമയ്ക്ക് (സ്മരണ) എന്നിവയാണു പ്രധാന രചനകൾ.

ഭാര്യ കൊച്ചിൻ പോർട്ട് ട്രസ്റ്റ് റിട്ട. ഉദ്യോഗസ്ഥ പരേതയായ എലിസബത്ത് (ലീല). മക്കൾ: സ്വപ്ന, അഡ്വ. മനു റോയ്, മരുമക്കൾ: പിടിയഞ്ചേരിൽ ലെസ്‌ലി ജോൺ, ദീപ (അധ്യാപിക, എസ്ഡിപിവൈ ഹൈസ്കൂൾ പള്ളുരുത്തി.)

പത്രപ്രവർത്തനരംഗത്ത്, തലമുറകളെ കൂട്ടിയിണക്കിയ, പുതുമകളെ താലോലിച്ച കെ.എം. റോയിയുടെ നിര്യാണം സൃഷ്ടിക്കുന്ന വിടവു വലുതാണ്. പത്രലോകത്തെ പത്തരമാറ്റായിരുന്നു അദ്ദേഹം. ■

കഥ

# ചിലന്തി



എസ്. എം. മണിക്കുട്ടൻ

**രാ**വിലെ ചാരുകസേരയിൽ മലർന്നുകിടന്ന് പത്രം വായിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് മധുസൂദനൻ ആ കാഴ്ച കണ്ടത്. ഒരു വലിയ മുട്ടയും താങ്ങിപ്പിടിച്ച് റൂഫിന്റെ അരികുപറ്റി ഒരു ചിലന്തി നടന്നുനീങ്ങുന്നു.

മധുസൂദനൻ വീടിനകത്തേക്കു നോക്കി വിളിച്ചു പറഞ്ഞു:

"മോളേ, നീളമുള്ള ഒരു കമ്പ് എടുത്തുകൊണ്ടുവന്നേ."

മധുസൂദനന്റെ മകൾ പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന ആവണി ചോദിച്ചു:

"എന്തിനാ അച്ഛാ വടി?"

"ഇതു കണ്ടോ എട്ടുകാലി ഒരു മുട്ടയുംകൊണ്ടു പോകുന്നു."

"അതു പൊയ്ക്കൊട്ടെ അച്ഛാ."

"ആ മുട്ടയിൽ നിന്നിറങ്ങുന്ന കുഞ്ഞുങ്ങൾ ആ എട്ടുകാലിയെ തിന്നു തീർക്കും. ഇതറിയാതെയാണ് എട്ടുകാലി അതും ചുമന്നു നടക്കുന്നത്."

"എട്ടുകാലിക്കുഞ്ഞുങ്ങൾ അങ്ങനെ ചെയ്യുവോ?"

പുറത്തെ ബഹളം കേട്ടാണ് സുലോചന ഇറങ്ങിവന്നത്.

"നിങ്ങൾ ഇവിടെ എന്നാ ചെയ്യുവാ."

"നീയതു കണ്ടോ."

"അത് അതിലെയെങ്ങാനും പൊയ്ക്കോട്ടെ."

"ഒരമ്മയെ കുഞ്ഞുങ്ങൾ പച്ചയോടെ അരിച്ചുതിന്നുമ്പോൾ ആ അമ്മയ്ക്കുണ്ടാകുന്ന വേദന എന്തെന്നു നിനക്കറിയാമോ?"

"ആ അമ്മ അച്ഛനെ അരിച്ചു തിന്നപ്പോൾ ആ വേദന അച്ഛനും അനുഭവിച്ചിട്ടുണ്ടാകും."

"അവൾ ചെയ്തതിന്റെ ഫലമാണ് ആ അമ്മ അനുഭവിക്കുന്നതെന്നാണോ നീ പറയുന്നത്."

"അതെ."

"അച്ഛാ, അച്ഛന്റെ എട്ടുകാലി ഓടിപ്പോയി."

അച്ഛനും അച്ഛന്റെ ഒരു എട്ടുകാലിയും എന്നു പറഞ്ഞ് കൈയിലിരുന്ന വടി ഒരേറുകൊടുത്ത് ആവണി അകത്തേക്കു കയറിപ്പോയി.

"അതേയ്, ഇന്നലെ പറഞ്ഞതിന് ഒന്നും പറഞ്ഞില്ലല്ലോ."

"എന്തോന്ന്."

"ഞാനിന്നലെ എന്റെ ആങ്ങള വീടു പണിയുന്ന കാര്യത്തെപ്പറ്റി പറഞ്ഞില്ലായിരുന്നോ."

"അവൻ വീടുപണി തൊടങ്ങട്ടെ, അന്നേരം അതേപ്പറ്റി ചിന്തിച്ചാൽ പോരെ."

"നമ്മള് വല്ലതും കൊടുക്കുമെന്ന് അവൻ പ്രതീക്ഷിക്കും."

"അവരവരുടെ കൈയിലുള്ള പൈസയ്ക്കു പണിതാൽ പോരേ. മറ്റുള്ളവരെ എന്തിനാ ബുദ്ധിമുട്ടിക്കുന്നത്?"

"നാട്ടിലൊക്കെ എന്നാ വല്യ വീടുകളാ പണിയുന്നത്. അത്രയുമില്ലേലും അതിനടുത്തെങ്കിലും ഉള്ളത് പണിയണ്ടേ."

"എന്റെ കടം ഞാൻ എങ്ങനാ വീട്ടുന്നതെന്നോർത്തിരിക്കുകയാ. അന്നേരാ ഒരു സഹായം കൊടുക്കൽ."

"ഇന്നലെ അതല്ലായിരുന്നല്ലോ പറഞ്ഞത്."

"ഞാനങ്ങനെ പലതും പറയും."

സുലോചന ചവിട്ടിത്തുള്ളി അകത്തേക്കു കയറിപ്പോയി.



മധുസൂദനൻ ഭാര്യ പോയ ദിക്കിലേക്കു നോക്കിയിരുന്നു.

വരുമാനത്തെക്കാൾ കൂടുതൽ ആവശ്യങ്ങൾ പൈശാചികരൂപത്തിൽ മധുസൂദനന്റെ നേർക്കു വരുന്നുണ്ടായിരുന്നു. സർക്കാർ ജീവനക്കാരനായാൽ ജീവിതം സുരക്ഷിതമായെന്നാണ് എല്ലാവരുടെയും ധാരണ. ശമ്പളത്തിൽനിന്നു കുറച്ച് സർക്കാർ തന്നെ മേടിച്ചെടുക്കും. പിന്നെ വീടിന്റെ ലോണായും കുറച്ചു മാറ്റിയാൽ കഷ്ടിച്ചു ജീവിക്കാൻ കിട്ടിയാലായി.

ഓഫീസിൽനിന്ന് മധുസൂദനൻ വന്നപ്പോൾ ഉമ്മറത്ത് വളരെ സന്തോഷവതിയായി സുലോചന നിൽക്കുന്നുണ്ട്. സുലോചനയുടെ മുഖത്തെ പ്രസാദം കണ്ടപ്പോൾ മധുസൂദനന്റെ വയറ്റിൽനിന്ന് ഒരു തീഗോളം മുകളിലേക്ക് ഉയർന്നുപോയി. എന്തോ മനസ്സിൽ കണ്ടുകൊണ്ടാണ് സുലോചന എതിരേൽക്കാൻ നിൽക്കുന്നതെന്ന് അയാൾ ഊഹിച്ചു.

"ഇന്ന് മാമനും മാമിയും വന്നിരുന്നു. അരുണിന്റെ മോളുടെ കല്യാണമാണ്."

ഇന്ന് എല്ലാവർക്കും സ്നേഹം കൂടുന്ന ദിവസമാണ്. വീട്ടുകാർക്കാണ് ശമ്പളം എന്നു കിട്ടുമെന്ന് തന്നെക്കാളും നിശ്ചയമുള്ളത്.

റ്റി.വിയിലെ വാർത്ത കണ്ടിരുന്നപ്പോഴാണ് ആവണി അടുത്തു വന്നത്.

"അച്ഛാ, ഞാനൊരു കാര്യം പറഞ്ഞാൽ അച്ഛൻ വഴക്കു പറയുമോ?"

"നീ കാര്യം പറ. എന്നിട്ട് വഴക്കു പറയണമോ എന്നു തീരുമാനിക്കാം."

"ഞങ്ങളുടെ സ്കൂളിൽനിന്നു ടൂർ പോകുന്നുണ്ട്. ഞാനും പൊയ്ക്കൊട്ടെ."

"ആലോചിക്കട്ടെ."

"അങ്ങനെ പറഞ്ഞാൽ എങ്ങനെയാ ശരിയാകുന്നത്. ഒള്ള കാര്യം തീർത്തു പറ എന്നിട്ടു വേണം പേരു കൊടുക്കാൻ."

"പിന്നെ പറഞ്ഞാൽ പോരെ."

"പോരാ, ഇപ്പോ പറയണം."

"എന്നാ പോകണ്ടാ."

"എന്റെ കൂട്ടുകാരെല്ലാവരും പോകുന്നുണ്ട്. ഞാൻ പോകാതിരുന്നാൽ എനിക്കു നാണക്കേടാ."

"അതിന് എന്റെ കൈയിൽ കാശ് വേണ്ടേ."

"ഇന്ന് ശമ്പളം കിട്ടിയില്ലേ."

"ഈ മാസം എങ്ങനെ തള്ളി നീക്കുമെന്നോർത്തിരിക്കുമ്പോഴാ അവളുടെ ഒരു ടൂർ."

"അമ്മേ, അച്ഛനോട് വിടാൻ പറയമ്മേ."

ആവണി അമ്മയെ സഹായത്തിനു വിളിച്ചു.

"ഈ വർഷം കൂടെയല്ലേ ടൂറൊള്ളൂ. നമുക്ക് അധികം പിള്ളേരൊന്നുമില്ലല്ലോ."

സുലോചന ആവണിക്കു സപ്പോർട്ട് ചെയ്തു.

"നോക്കട്ടെ."

താത്കാലികമായി രക്ഷപ്പെട്ട ആശ്വാസത്തിൽ മധുസൂദനൻ ദീർഘനിശ്വാസം വിട്ടു.

മകൻ ഒരു ബൈക്ക് വാങ്ങിക്കൊടുക്കുന്ന കാര്യം പറയാൻ തുടങ്ങിയിട്ട് കുറെ നാളായി. ഇനി അതെന്നാണാവോ മുറുകി വരുന്നത്?

മാസത്തിന്റെ ആദ്യംതന്നെ കാലിയാകുന്ന പേഴ്സിനെ ഓർത്താണ് മധുസൂദനൻ ഉറങ്ങാൻ കിടന്നത്.

ഉറക്കത്തിലെപ്പഴോ ഒരു ദുസ്സ്വപ്നം കണ്ടാണ് മധുസൂദനൻ ഞെട്ടിയുണർന്നത്. മുറിയിലെ അരണ്ട വെളിച്ചത്തിൽ അടുത്തുകിടക്കുന്ന ഭാര്യയുടെ സ്ഥാനത്ത് ഭീമാകാരമായ ഒരു ചിലന്തിയെക്കണ്ട് മധുസൂദനന്റെ ബോധം മറഞ്ഞു.

കവിത

പങ്കജാക്ഷൻ തോരോത്ത്

# ഗാനാമൃതം

ഭാരം തിങ്ങും നെഞ്ചിന്നുള്ളിൽ
സ്നേഹം വിങ്ങുന്നു,
മോഹം തെളിയും കണ്ണിൽ
ഇരുളിൻ തിമിരം കേറുന്നു.

മൊഴിയാൻ വെമ്പും നാവോ
വിക്കിൻ വിറയാൽ തളരുന്നു,
പുണരാനുയരും കൈകൾ
ചരടിൻ ബന്ധനമറിയുന്നു.

വിടരാപ്പൂവുകളുദ്യാനത്തിൻ
നോവുകളാകുമ്പോൾ,
മധു തേടും ശലഭങ്ങൾ
കാറ്റിൻ ഗതിയിൽ പിടയുന്നു.

ഒഴുകാപ്പുഴതൻ ചളിയിൽ
മീനുകൾ, ശ്വാസം തേടുമ്പോൾ
ഇണയില്ലാക്കിളി പൂക്കാമാവിൻ
കൊമ്പിൽ തേങ്ങുന്നു.

നിറമില്ലാ മഴവില്ലുകൾ വാനിൽ
കവിത രചിക്കുമ്പോൾ,
പെയ്തൊഴിയാ മേഘങ്ങൾ
വന്നതു മായ്ച്ചു ചിരിക്കുന്നു.

ഒരു ഗാനാമൃതമിന്നെൻ
നെഞ്ചിൽ മഴയായ് പെയ്തെങ്കിൽ,
ഉണരും സ്നേഹം തെളിയും
മോഹം മൊഴികളുമൊഴുകി വരും.








മാഗി ജോസ് മേനാംപറമ്പിൽ

# ക്വിക്ക് ചോക്ലെറ്റ് മൂസ്

***ചേരുവകൾ***

1. ഡാർക്ക് ചോക്ലെറ്റ് – 120 ഗ്രാം (ചെറുതായി നുറുക്കുക)
2. ക്രീം – 120 മില്ലി ഗ്രാം
3. മുട്ട – 2
4. ഓറഞ്ചുതൊലി (ചുരണ്ടിയത്) – 1 ഓറഞ്ചിന്റേത്

***പാകം ചെയ്യുന്ന വിധം***

- ഹീറ്റ് പ്രൂഫ് ബൗളിൽ ചോക്ലെറ്റ് എടുത്തു വയ്ക്കുക
- ക്രീം തിളപ്പിച്ചശേഷം ചോക്ലെറ്റിനു മുകളിലേക്ക് ഒഴിച്ച് നന്നായി ഇളക്കുക. ചോക്ലെറ്റ് മുഴുവനായി അലിയണം.
- മുട്ടമഞ്ഞയും മുട്ടവെള്ളയും വേർതിരിക്കുക. മുട്ടമഞ്ഞ ചോക്ലെറ്റ് മിശ്രിതത്തിലേക്കു ചേർത്തു നന്നായി അടിക്കുക.
- ഇതിലേക്ക് ഓറഞ്ചുതൊലി ചുരണ്ടിയതു ചേർത്ത് ഇളക്കുക.
- മുട്ടവെള്ള നന്നായി അടിച്ചു കട്ടിയാവുമ്പോൾ സാവധാനം ചോക്ലെറ്റ് മിശ്രിതത്തിലേക്കു ചേർത്തു യോജിപ്പിക്കുക.
- ചെറിയ ബൗളുകളിലേക്കോ കപ്പിലേക്കോ ഗ്ലാസിലേക്കോ മാറ്റി ഫ്രിഡ്ജിൽ വച്ച് സെറ്റ് ചെയ്യുക.
- ചോക്ലെറ്റ് ചുരണ്ടിയത് മുകളിൽ വിതറി അലങ്കരിക്കുക.



# ലോകത്തിന്റെ പ്രകാശം



ഫാ. ജോസഫ് നെച്ചിക്കാട്ട്

ഒളിമ്പിക് മത്സരങ്ങളുടെ പ്രധാന ഇനമാണ് തുടക്കത്തിൽ കൊളുത്തപ്പെടുന്ന അതിപൂജ്യമായ ദീപശിഖ.

അഗ്നിക്കു ദിവ്യമായൊരു പരിവേഷം യവനപുരാണങ്ങൾ കല്പിച്ചുകൊടുത്തിരുന്നു. പ്രധാന ദേവനായ സീയൂസിൽ നിന്ന് അതു മോഷ്ടിച്ചെടുത്തു ഭൂമിയിലെത്തിച്ചത് പ്രൊമിത്യൂസ് ദേവനാണത്രേ. അങ്ങനെ, ജ്വലിച്ചുനില്ക്കുന്ന തീജ്വാല പുരാതനകാലംമുതലേ ഒളിമ്പിക് മത്സരങ്ങളിലെ പ്രധാന ദൃശ്യമായി മാറി.

ഗ്രീസിലെ ഒളിമ്പിയാ ഗ്രാമത്തിൽനിന്നാണ് ഒളിമ്പിക് ദീപശിഖ കത്തിക്കുന്നത്. ബോട്ടിലൂടെയും വിമാനത്തിലൂടെയും (1952), റേഡിയോ സിഗ്നൽ വഴിയും (1976) സംവഹിക്കപ്പെടുന്ന ദീപശിഖ നിലത്തെത്തിയാലുടൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഓട്ടക്കാർ ഏറ്റുവാങ്ങുന്നു. പല കൈകൾമാറി അവസാനം അതു സ്റ്റേഡിയത്തിലെത്തിക്കുന്നവനാണ് ഏറ്റവും ആദരണീയൻ - തിരി തെളിക്കാൻ നിയോഗിക്കപ്പെടുന്നതും ആ ഭാഗ്യശാലിയാണ്. ഒളിമ്പിക്സിന്റെ ആവേശമായ ആ ദീപശിഖ തുടക്കംമുതൽ ഒടുക്കംവരെ ഏവർക്കും കാണത്തക്കവണ്ണം അവിടെയങ്ങനെ ജ്വലിച്ചു നില്ക്കും.

സ്വർഗപിതാവിന്റെ കത്തിനില്ക്കുന്ന ദൈവികസ്നേഹാഗ്നി ഭൂമിയിലെത്തിച്ചത് യേശുവാണ് - ഗ്രീക്കുകാർ സ്വപ്നം കണ്ട യഥാർത്ഥ പ്രൊമിത്യൂസ്. ഇവിടെ അതു കവർന്നെടുക്കപ്പെടുകയായിരുന്നില്ല. സ്നേഹം തന്നെയായ പിതാവ് അതിന് യേശുവിനെ നിയോഗിക്കുകയായിരുന്നു (യോഹ. 3-16). ഒരിക്കലും അസ്തമിക്കാത്ത, ഇരുളിന് ഒരിക്കലും കീഴടക്കാൻ കഴിയാത്ത (യോഹ. 1-5) വെളിച്ചമാണ് ആ ദീപശിഖ. അതിന്റെ ആഗമനത്തോടെയാണ് അന്ധകാരം അകന്നുനീങ്ങിയത്. ലോകത്തിന്റെ പ്രകാശമാണ് തന്റേതെന്നും, തന്നെ അനുഗമിക്കുന്നവർക്ക് ഒരിക്കലും അസ്തമിക്കാത്ത പ്രകാശമുണ്ടായിരിക്കുമെന്നും അവൻ പറഞ്ഞതിന്റെ പൊരുൾ ശിഷ്യർക്കുപോലും മനസ്സിലായില്ല.

താബോർമലയിൽവച്ച് പത്രോസിന് എന്തോ പിടികിട്ടി. ആ വെളിച്ചം - ഗുരുവിന്റെ തെളിച്ചം ശിഷ്യപ്രധാനൻ പ്രതീക്ഷിച്ചതിന്റെ അനേകായിരം ഇരട്ടിയായിരുന്നു. അവിടുത്തെ കുപ്പായത്തിനുപോലും എന്തൊരു ധവളിമ! രക്തസ്രാവക്കാരിയെ സുഖപ്പെടുത്തിയ ആ മേലങ്കിക്ക് ഇത്രയേറെ വടിവും തുടിവും വെണ്മയും വൈദ്യുതിയുമുണ്ടെന്നു സ്വപ്നത്തിൽപ്പാലും അയാൾ കരുതിയില്ല. ദൈവത്തെ മുഖാഭിമുഖം കണ്ട മോശയെപ്പോലെ, വിറയാർന്ന അധരങ്ങളോടെ അയാൾ വിളിച്ചുപറഞ്ഞു: 'ഗുരോ, നാം ഇവിടെ ഈ പ്രകാശത്തിൽ ആയിരിക്കുന്നതു നല്ലതാകുന്നു."

ആ വെളിച്ചം വ്യക്തികൾക്കു മാത്രമല്ല കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും തെളിച്ചം പ്രദാനം ചെയ്യുന്നു. രണ്ടാമതും ജനിക്കുന്ന കുഞ്ഞിന് സഭ നല്കുന്ന ആശീർവാദം ശ്രദ്ധേയമാണ്: "ലോകത്തിന്റെ പ്രകാശമായ മിശിഹാ നിനക്കു മാർഗദീപമായിരിക്കട്ടെ." ജീവിതത്തിലേക്കു കാലൂന്നിയിറങ്ങുന്ന മനുഷ്യശിശുവിന് അതിൽപ്പരം എന്തൊരു ആശംസയാണു നേരാനാവുക. ഭവനങ്ങൾ ആശീർവദിക്കപ്പെടുന്ന വേളയിൽ തിരികൾ തെളിച്ചുകൊണ്ട് കാർമികൻ ഉച്ചരിക്കുന്ന വാക്കുകളും അർത്ഥഗർഭങ്ങളാണ്: "ലോകത്തിന്റെ പ്രകാശമായ മിശിഹാ ഈ ഭവനത്തിന്റെ വെളിച്ചമായിരിക്കട്ടെ."

കാൽവരിയിലാണ് ആ ഭദ്രദീപം ആദ്യമായി തെളിക്കപ്പെട്ടത്.

'നമുക്കുവേണ്ടി വിഭജിക്കപ്പെട്ട' ശരീരമാണ് ഓരോ ക്രൂശിതരൂപവും പ്രതിനിധാനം ചെയ്യുക - മാനുഷികവേദനയുടെ പരകോടി! യഹൂദചരിത്രകാരനായ ക്ലവുസ്നർ പറയുന്നതുപോലെ, ജീവൻ വേർപെടുന്നതിനുമുമ്പ് ഒരു മനുഷ്യനെ എന്തുമാത്രം പീഡിപ്പിക്കാം? അതിന് ഉത്തരമായിരുന്നു കുരിശ്. നീറിനീറി, ഇഞ്ചിഞ്ചായി, മണിക്കൂറുകളോളം മനുഷ്യൻ പിടഞ്ഞുപിടഞ്ഞ് മരിക്കാതെ മരിക്കുന്ന രംഗം! ക്ലവുസ്നർ തുടർന്നു പറയുകയാണ്, ചമ്മട്ടികൊണ്ട് അടിച്ച്, തൊലി പൊളിച്ച ഒരു മാംസപിണ്ഡത്തെയാണ് അങ്ങനെ തറച്ചുതൂക്കി നിറുത്തിയിരുന്നത്!

ഒരു ദൈവത്തിന് ഇത്രമാത്രം വേദന ഏറ്റുവാങ്ങേണ്ട വല്ല ആവശ്യവുമുണ്ടായിരുന്നോ- നമ്മിൽ ഒരുവനായി, നമ്മെപ്പോലെ, നമ്മെക്കാളും വളരെ കൂടുതലായി? എന്തൊരു ഭ്രാന്തായിരുന്നു അത്! വെറുതേയല്ല, യേശുവിനെ ഹേറോദേസ് ഭ്രാന്തവേഷം കെട്ടിച്ചത്! അതിരുകളില്ലാത്ത ദൈവികസ്നേഹമാണ് അവയൊക്കെ സഹിക്കുവാൻ യേശുവിനെ പ്രേരിപ്പിച്ചത്.

'The Strength to Love' എന്ന തന്റെ ഗ്രന്ഥത്തിൽ മാർട്ടിൻ ലൂഥർ കിങ് ജൂനിയയർ കുരിശിനെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: "The Telescope of the Divine Love."

അനന്തതയുടെ ആഴങ്ങളിൽ, അഗാധനീലിമയിൽ നടക്കുന്ന കാര്യങ്ങൾ നഗ്നനേത്രങ്ങൾ കൊണ്ടു നോക്കിയാൽ ഒന്നും മനസ്സിലാവുകയില്ല. നീലവിശാലതയുടെ അന്തഃപുരങ്ങളിൽ ക്ഷീരപഥംപോലുള്ള അനേകലക്ഷം താരാപഥങ്ങളുണ്ട്. പക്ഷേ, അതു നാം കണ്ടറിയുന്നത് ഒരു ടെലിസ്കോപ്പിലൂടെ മാത്രമാണ്. അതുപോലെ ദൈവികസ്നേഹത്തിന്റെ അപാരതയിലേക്കു നമ്മുടെ നോട്ടമെത്തിക്കുന്നതു കാൽവരിയിലെ കുരിശത്രേ! അതിലൂടെ നോക്കുമ്പോൾ മാത്രമാണ് ആ സ്നേഹത്തിന്റെ ആഴങ്ങൾ അനുഭവവേദ്യമാവുക -തന്നെത്തന്നെ നമുക്കുനൽകിക്കൊണ്ട് സമ്പൂർണഹോമബലിയായിത്തീർന്ന കർത്താവിനെ കാണുവാൻ കഴിയുക.

ജ്വലിച്ചു നില്ക്കുന്ന ഒളിമ്പിക് ദീപശിഖയാണ് ഓരോ കായികതാരത്തിനും ഹരം പകരുക. ജീവന്മരണപോരാട്ടത്തിനു പ്രചോദനമാവുക. എന്തുവന്നാലും ശരി, കൂടുതൽ വേഗത്തിൽ, കൂടുതൽ ഉയരത്തിൽ, കൂടുതൽ കരുത്തോടെ അതു നേടണം - നേടിയേ അടങ്ങൂ, നേടിയേ മടങ്ങൂ.

അതുപോലെയാണ്, കാൽവരിയിലെ ക്രൂശിതസ്നേഹവും. അത് 'ഭൂമിയിൽനിന്നുയർന്നു പൊങ്ങിപ്പോയപ്പോൾ എല്ലാ മനുഷ്യരെയും ആകർഷിച്ചു' (യോഹ. 12-32). ആ ദൈവികസ്നേഹമാണ് ഓരോ പീഡിതനും ശക്തിയായത്. ഹിംസ്രജന്തുക്കളുടെ മുമ്പിൽ നിറുത്തപ്പെട്ട, ചുട്ടുപഴുത്ത ഇരുമ്പുകട്ടിലിൽ കിടത്തപ്പെട്ട, അഗ്നികുണ്ഡത്തിലേക്കെറിയപ്പെട്ട ആദിമക്രൈസ്തവരുടെ കൈവശമുണ്ടായിരുന്ന വജ്രായുധം ക്രൂശിതരൂപമാണ്. അതിന്റെ സ്പർശനമാണ്, അതിന്റെ ദിവ്യദർശനമാണ് അവർക്ക് ആത്മധൈര്യം പ്രദാനം ചെയ്തത്.

നീറോ ചക്രവർത്തിയുടെ കാലത്ത് അരമനമൈതാനിയിൽ എണ്ണ നനച്ച തുണി ചുറ്റി ക്രൈസ്തവരെ ജീവനോടെ തീകൊളുത്തി നിറുത്തിയിരുന്നു. ദീപശിഖപോലെ കത്തിയെരിഞ്ഞു നിന്നവർക്കു കരുത്തുപകർന്നത് കൈയിൽ ഇറുക്കിപ്പിടിച്ചിരുന്ന കുരിശാണ്, ക്രൂശിതരൂപമാണ് - നമുക്കും ആവേശം പകരേണ്ട രൂപം.

കാൽവരിയിൽനിന്നു കൊളുത്തപ്പെട്ട ആ ഭദ്രദീപം വി. തോമാശ്ലീഹാവഴിയാണ് എ.ഡി. 52ൽ കേരളത്തിലെത്തിയത് - അതു പകർന്നുപകർന്നു വരും തലമുറകൾക്കു കൈമാറേണ്ട കടമ നമ്മുടേതാണ്.



കവിത

ജോസ് പോളയ്ക്കൽ

## അഹം പെരുത്താൽ

തനിക്കു കിട്ടാക്കനിയായ വസ്തു
പരൻ സ്വദിക്കുന്നതിലീർഷപൂണ്ടും

കുതന്ത്രമൊപ്പിച്ചപരന്റെ നേട്ടം
കരസ്ഥമാക്കുന്നതിൽ ഹർഷമാർന്നും

കയർത്തു കായേൻ സഹജന്റെ ജീവൻ
കവർന്ന നീചക്രിയ പിൻതുടർന്നും

അകത്തു കൊള്ളുന്നതിലേറെ, നാളേ-
ക്കൊരുക്കി, ധാന്യപ്പുരകൾ നിറച്ചും

പടിക്കലഷ്ടിക്കലയും ജനത്തെ
മറന്നു ഗേഹേ സുഖഭോജ്യമുണ്ടും

ധരിത്രി വാഴാനനുവാദമേകി-
ത്തുണച്ച സർവ്വേശനെ വിസ്മരിച്ചും

മദിച്ചു കൂറ്റൻ ചുരമാന്തിടും പോ-
ലഹം പെരുപ്പിച്ചമരുന്ന മർത്ത്യാ!

നിനച്ചിടാതുള്ളൊരു മാത്രയിൽ നിൻ
നിലയ്ക്കു ഭംഗം വരുമെന്നു വന്നാൽ

കഴൽ കുഴഞ്ഞൊന്നു മറിഞ്ഞുവീണാൽ
കടുത്ത ദീനം പിടിപെട്ടടിഞ്ഞാൽ

ഉടഞ്ഞൊടുങ്ങാം പകുതിക്കു സ്വപ്നം
വെടിഞ്ഞിടാനും മതി ഭൗമസ്വർഗം.

മനുഷ്യജന്മം ക്ഷണികം തൃണംപോൽ!
നിലച്ചുപോകുന്നൊരു നേർത്ത ശ്വാസം!

പെരുത്ത പേരും പണവും യശസ്സും
സമസ്തസൗഭാഗ്യവുമർത്ഥശൂന്യം

തരിമ്പുമർത്ത്യന്നുതകില്ലിതൊന്നും
പരിത്യജിക്കേണമൊടുക്കമെല്ലാം.

അതിൽപ്പരം, നീതി കെടുത്തു ദ്രവ്യം
കുമിച്ചതിന്നുത്തരമേകിടേണം.


മറുത്തു മറ്റുള്ളവരോടു ചെയ്തോ-
രകൃത്യഭാരം ചുമലേറ്റിടേണം.

കനത്ത ശിക്ഷാവിധി നേരിടേണം
മടക്കിടേണം ചെറുചില്ലിപോലും.

ഇഹത്തിലല്ലെങ്കിൽ നിജം പരത്തിൽ
നടത്തിടേണം പരിഹാരകർമം

കണക്കുതീർക്കും വരെ,യോർത്തുകൊൾക,
വിലങ്ങിടത്തിൽ നരകിക്കവേണം!

# ദുരിതകാലത്തെ കരുതലായി ജോസഫിന്റെ കട



പീറ്റർ കുരിശിങ്കൽ

**ജോ**സഫിന്റെ കടയിലേക്ക് ആർക്കും പ്രവേശിക്കാം. വർഗവർണഭേദമവിടെയില്ല. കുബേരകുചേലവ്യത്യാസമില്ല. കൈയിൽ ഒരു സഞ്ചി കരുതിയിരിക്കണം എന്നു മാത്രം.

ജോസഫിന്റെ കട അവശ്യസാധനങ്ങളുടെ ഒരു കലവറയാണ്. ആവശ്യക്കാർക്ക് ആവശ്യമുള്ള സാധനങ്ങൾ അവിടെനിന്നു ലഭിക്കും; ആവശ്യത്തിനു മാത്രം! എല്ലാം സൗജന്യമാണ്.

കൊറോണ വരുത്തിവച്ച തൊഴിലില്ലായ്മയും ദാരിദ്ര്യവും മറികടക്കാൻ ഒരു ശ്രമം; അതാണ് ജോസഫിന്റെ കട.

കൊറോണയെ പിടിച്ചുകെട്ടാനും കൊറോണ വരുത്തിയ കെടുതികളെ മറികടക്കാനും ഒത്തുപിടിച്ച ശ്രമങ്ങൾ രാജ്യമെമ്പാടും നടക്കുന്നതിനിടെ ജോസഫിന്റെ കടയ്ക്കെന്താണു പ്രസക്തി?

ഒരു ജിജ്ഞാസ മനസ്സിലുദിക്കുകയായിരുന്നു. ആരാണീ ജോസഫ്? ജോസഫ് ഒരു വ്യക്തിയല്ല; ഒരു കൂട്ടായ്മയാണ്. കരുണയും കരുതലുമുള്ളവരുടെ കൂട്ടായ്മ! അവരാണ് ഈ കലവറ ഒരുക്കിയതും നടത്തിക്കൊണ്ടിരിക്കുന്നതും! എന്നിട്ടും, ജിജ്ഞാസ അടങ്ങുന്നില്ല. മനസ്സ് പഴയ ചില ഓർമകളിലേക്ക് ഊർന്നിറങ്ങി. ചെന്നെത്തിയത് പഴയനിയമ പുസ്തകത്താളുകളിലായിരുന്നു. ഭൂമിയിലെമ്പാടും പച്ചനാമ്പുകളെ ഉണക്കിക്കളഞ്ഞ അതിവരൾച്ചയുടെ ഓർമകളിലേക്ക്. അതുണ്ടാക്കിയ ദുർഭിക്ഷതയെയും ദാരിദ്ര്യത്തെയും പട്ടിണിയെയും അതിസമർത്ഥമായി, മാതൃകാപരമായി എന്നല്ല അതീവഫലവത്തായി നേരിട്ട സംഭവത്തിന്റെ ഓർമകളിലേക്ക്. ഈജിപ്തിന്റെ നദീതടങ്ങളും വയലേലകളും ഉണങ്ങിക്കരിഞ്ഞ ആ കറുത്ത നാളുകൾ നേരിടാൻ കാണിച്ച ദീർഘവീക്ഷണവും ചാരുതയും! ഈജിപ്തിലെ ഭരണാധികാരിയായ ഫറവോപോലും വറ്റിവരണ്ട നീർച്ചാലുകൾക്കുമുമ്പിൽ നിസ്സഹായനായി നിന്നപ്പോൾ, ബുദ്ധിപൂർവം പദ്ധതികൾ തയ്യാറാക്കി ജനങ്ങളെ പട്ടിണിയിൽനിന്നു രക്ഷിച്ച ഒരു ഇസ്രായേൽക്കാരന്റെ പേര് ഓർമയിലെത്തുകയാണ് - ജോസഫ്.

അതേ, പൂർവയൗസേപ്പ് എന്ന് അറിയപ്പെടുന്ന പഴയനിയമത്തിലെ ജോസഫ്. ഉത്പത്തിപ്പുസ്തകം 37-ാം അധ്യായംമുതൽ 50-ാം അധ്യായംവരെ നീളുന്ന ജോസഫിന്റെ ചരിത്രം! "പിതാവ് ജോസഫിനെ തങ്ങളെക്കാളധികമായി സ്നേഹിക്കുന്നു എന്നു കണ്ടപ്പോൾ സഹോദരന്മാർ അവനെ വെറുത്തു.'' ജോസഫിന്റെ ജീവിതത്തിലെ നിർണായകമായ വഴിത്തിരിവ് ഇതോടെ ആരംഭിക്കുകയായി. അക്കഥയൊക്കെ ഉത്പത്തിപ്പുസ്തകത്തിൽ വളരെ സരസമായി രേഖപ്പെടുത്തിയിരിക്കുന്നു.

എത്രയോ ആയിരമാണ്ടുകൾക്കുമുമ്പു ജീവിച്ചിരുന്ന ജോസഫ് ആവിഷ്കരിച്ചു നടപ്പാക്കിയ ഒരു മാതൃകാസമ്പ്രദായം! ലഭ്യമാകുമ്പോൾ ശേഖരിക്കുക, സൂക്ഷിക്കുക. ആവശ്യമനുസരിച്ച് ആവശ്യക്കാർക്കു വിതരണം ചെയ്യുക. ഇതായിരുന്നു ആ സമ്പ്രദായം! ജോസഫിന്റെ പ്രവൃത്തിയെക്കുറിച്ചു വിശുദ്ധഗ്രന്ഥം രേഖപ്പെടുത്തുന്നു: "കൂടുതലുണ്ടായ ഭക്ഷ്യസാധനങ്ങളെല്ലാം അവൻ നഗരങ്ങളിൽ സംഭരിച്ചു. ഓരോ നഗരത്തിനു ചുറ്റുമുള്ള വയലുകളിലെ ധാന്യങ്ങൾ അതതു നഗരങ്ങളിൽത്തന്നെ സൂക്ഷിച്ചു. കടൽക്കരയിലെ മണലുപോലെ കണക്കറ്റ ധാന്യം ജോസഫ് ശേഖരിച്ചുവച്ചു. അത് അളക്കാൻ വയ്യാത്തതുകൊണ്ട് അവൻ അളവു നിർത്തി.

ഈജിപ്തിൽ സമൃദ്ധിയുടെ ഏഴു വർഷത്തിനുശേഷം ക്ഷാമത്തിന്റെ ഏഴു വർഷങ്ങൾ ആരംഭിച്ചു. ഫറവോ ജനങ്ങളോടു പറഞ്ഞു: "ജോസഫിന്റെ അടുക്കലേക്കു ചെല്ലുക. അവൻ പറയുന്നതുപോലെ ചെയ്യുക." പിന്നീട് സംഭവിച്ചത് വിശുദ്ധഗ്രന്ഥത്തിൽ ഇങ്ങനെ വായിക്കാം: ദേശത്തെല്ലാം പട്ടിണി വ്യാപിച്ചപ്പോൾ ജോസഫ് കലവറ തുറന്നു. ജോസഫിന്റെ പക്കൽനിന്ന് ധാന്യം വാങ്ങാൻ എല്ലാ ദേശങ്ങളിലുംനിന്ന് ആളുകൾ ഈജിപ്തിലെത്തി.

നോക്കൂ... ബുദ്ധിപൂർവകമായ ആസൂത്രണത്തിന്റെ മികവ്. സംഭരണത്തിന്റെയും ക്രമമായ വിതരണത്തിന്റെയും മികച്ച മാതൃക. ജോസഫ് ലോകത്തിനു നല്കുന്ന മഹത്തായ സന്ദേശം. ലോകത്തിലെ ആദ്യത്തെ പൊതുവിതരണ വകുപ്പ് ജോഫസിന്റേതാണ്. ആദ്യത്തെ സിവിൽ സപ്ലൈസ് മന്ത്രിയും ജോസഫ് തന്നെ! അതേ, ആ ജോസഫ് മന്ത്രിയുടെ പേരിൽ ഒരു കട. ജോസഫിന്റെ കട! കൊറോണക്കാലത്തെ അഭയസ്ഥാനം!

കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിലാണ് 'ജോസഫിന്റെ കട' നടത്തിവരുന്നത്.




# മർക്കോസിന്റെ മഹത്ത്വം

കഥയും കാര്യവും

സത്യൻ താന്നിപ്പുഴ

**മ**റ്റുള്ളവർക്കു സഹായം ചെയ്യാൻ സന്മനസ്സുള്ളവർ സമൂഹത്തിൽ ധാരാളമുണ്ട്. അവർ ചെയ്യുന്ന സഹായങ്ങൾ കൊട്ടിഘോഷിച്ചുകൊണ്ടു നടക്കാറില്ല. ചെയ്തുകൊടുത്ത സഹായം മറ്റുള്ളവർ അറിയണമെന്നും ആഗ്രഹമില്ല. താൻ വലിയ കാര്യമൊന്നും ചെയ്തിട്ടില്ലെന്ന ഭാവത്തോടെ നടക്കും.



ധർമജനും ഭാര്യ സുലോചനയും മകൻ ഷാജിയും പെരിയാറിന്റെ കരയിൽ ഒരു ചെറിയ വീട്ടിലാണു താമസം. പശുവിനെ വളർത്തി അതിന്റെ പാൽ വിറ്റാണ് അവർ ജീവിക്കുന്നത്. മകൻ ആറാം ക്ലാസ് വിദ്യാർത്ഥിയാണ്. പശുവിനെ സംരക്ഷിക്കുന്നതിന് അവനും സഹായിക്കും.

സുഖമായി ജീവിച്ചു വന്ന സന്ദർഭത്തിലാണ് കൊറോണ നാട്ടിലെല്ലാം പരന്നത്. ധർമജനും കൊറോണ ബാധിച്ചു. ആരോഗ്യപ്രവർത്തകർ അയാളെ സർക്കാർ ആശുപത്രിയിൽ എത്തിച്ചു. ചികിത്സ ലഭിച്ചു.

വീട്ടിൽ പശുവിന്റെ കാര്യം സുലോചനയും ഷാജിയും നോക്കി. രാവിലെ പശുവിനെ കറന്നു പാൽ കൊണ്ടുപോയി സൊസൈറ്റിയിൽ കൊടുത്തുവന്ന് സുലോചന പശുവിന് വെള്ളം കൊടുത്തു.

ഷാജി പശുവിനെ പുഴയിൽ കുളിപ്പിക്കാൻ കൊണ്ടുപോയി. അപ്പോൾ പുഴയിൽ പലരും കുളിക്കുന്നുണ്ടായിരുന്നു. പശുവിന്റെ ഒപ്പം കിടാവും ഉണ്ടായിരുന്നു. വെള്ളത്തിലിറങ്ങിയ കിടാവ് കുറെ ദൂരം മുന്നോട്ടുപോയി നിലതെറ്റി. ഷാജി കിടാവിനെ പിടിക്കാൻ ചെന്നു. അവനും നിലയില്ലാത്ത വെള്ളത്തിലായി. 'സഹായിക്കണേ...' എന്നു പറഞ്ഞ് അവൻ നിലവിളിച്ചു.

പുഴയിൽ ഉണ്ടായിരുന്നവർ നോക്കിനിന്നു. ആരോ വിളിച്ചു പറഞ്ഞു: "അവനെ രക്ഷിക്കൂ... അവനെ രക്ഷിക്കൂ...'' ആരും ഇറങ്ങിച്ചെന്നു രക്ഷിക്കാൻ തയ്യാറായില്ല.

പുഴക്കരയിലെ പച്ചക്കറിത്തോട്ടം നനച്ചുകൊണ്ടു നിന്ന മർക്കോസ് ഒച്ച കേട്ട് ഓടിവന്ന് പുഴയിൽ ചാടി. ഷാജിയെ വലിച്ചു കരയിൽ കയറ്റി. പിന്നെ കിടാവിന്റെ കയറുപിടിച്ചു വലിച്ചു രക്ഷിച്ചു. അല്പം വൈകിയിരുന്നെങ്കിൽ ഷാജിയും കിടാവും മരണത്തിനു കീഴടങ്ങുമായിരുന്നു.

മർക്കോസിന്റെ ധീരതയെ അവിടെയുണ്ടായിരുന്നവർ അഭിനന്ദിച്ചു. എന്നാൽ, ആ ധീരപ്രവൃത്തി ചെയ്യാൻ അവർ ആർക്കും ധൈര്യമില്ലായിരുന്നു.

താൻ വലിയ കാര്യമൊന്നും ചെയ്തിട്ടില്ലെന്ന മട്ടിൽ മർക്കോസ് പുഴയിൽനിന്നു കയറിപ്പോയി ചെയ്തുകൊണ്ടിരുന്ന ജോലി തുടർന്നു.

# പനങ്കരിക്ക്

കാർഷികം

ജോഷി മുഞ്ഞനാട്ട്



നൊങ്ക് കായ്ക്കുന്ന കരിമ്പന ജന്മമെടുത്തത് ആഫ്രിക്കയിലാണെന്നു കരുതപ്പെടുന്നു. പനങ്കരിക്ക് പണ്ടുമുതലേ ഉപയോഗിച്ചിരുന്ന ഒന്നാണ്. 100 ഗ്രാം നൊങ്കിന്റെ മാംസളഭാഗം 29 കലോറി ഊർജം നൽകുന്നു.

ഒട്ടനവധി ഗുണങ്ങൾ നിറഞ്ഞതാണ് പനങ്കരിക്ക്. ദാഹത്തിനും ക്ഷീണത്തിനും ഉത്തമം.

അന്നജം, കൊഴുപ്പ്, കാൽസ്യം, മാംസ്യം, ഇരുമ്പ്, ഫോസ്ഫറസ്, നാര്, വിറ്റാമിൻ സി എന്നിവ കൂടാതെ ഇതിൽ ചില അപൂർവ അമ്ലങ്ങളും അടങ്ങിയിട്ടുണ്ട്.

പുതുതായി വെട്ടിയ നൊങ്കിനാണ് സ്വാദും ഗുണവും കൂടുതൽ. ഇവ ഫ്രിഡ്ജിൽവച്ച് തണുപ്പിച്ച് ഉപയോഗിക്കാം. പനങ്കായുടെ കുഴമ്പ് വയറുകടിക്കും അതിസാരത്തിനും ത്വഗ്രോഗങ്ങൾക്കുമുള്ള ഔഷധമായി പഴയകാലങ്ങളിൽ ഉപയോഗിച്ചിരുന്നു.

പനങ്കള്ള് പോഷകസമൃദ്ധമായ ഒരു പാനീയമാണ്. ഇതിൽ ധാരാളം വിറ്റാമിനുകൾ അടങ്ങിയിരിക്കുന്നു. പനങ്കള്ള് കുറുക്കി കരുപ്പെട്ടി (ചക്കര) ഉണ്ടാക്കാറുണ്ട്. പനങ്കൽക്കണ്ടം പനനീരിൽനിന്നുണ്ടാക്കുന്നതാണ്. ഇത് ഔഷധമായും ഉപയോഗിക്കുന്നു.

പനങ്കള്ളിൽനിന്നുണ്ടാക്കുന്ന അക്കാനി നല്ലൊരു പാനീയമാണ്. നൊങ്കിലുള്ളിലെ ഇളനീരും അക്കാനിയും ചേർത്താൽ നല്ലൊരു ശീതളപാനീയമായി. പലഹാരങ്ങളുണ്ടാക്കാനും നൊങ്ക് ഉപയോഗിക്കാറുണ്ട്.

# വർണക്കാഴ്ചകളൊരുക്കി കടമത്ത് - കൽപ്പേനി ദ്വീപുകൾ





ലക്ഷദ്വീപ് വിശേഷങ്ങൾ ⑧

മാത്യൂസ് പ്ലാക്കൻ

**തി**ണ്ണക്കരദ്വീപിൽനിന്ന് അഗത്തിദ്വീപിലേക്കുള്ള മടക്കയാത്രയിൽ പവിഴപ്പുറ്റുകളുടെ പറുദീസ കണ്ട് ഞങ്ങൾ വിസ്മയഭരിതരായി. കണ്ണാടിപോലെ തെളിഞ്ഞ ജലം. ചാഞ്ചാടുന്ന പവിഴപ്പുറ്റുകൾ. അതിനുള്ളിൽ നീന്തിനടക്കുന്ന മീനുകൾ. ബോട്ട് നങ്കൂരമിട്ടിരിക്കുന്ന കടൽഭാഗത്തു കഷ്ടിച്ച് ഒരാൾ ആഴമേയുള്ളൂ. കടലിന്റെ അടിത്തട്ട് നന്നായി കാണാം.

ഓക്സിജൻ മാസ്കും ലൈഫ് ജാക്കറ്റും ധരിച്ചു കടലിലിറങ്ങാം. കടലിൽ മുങ്ങിത്താണു കാഴ്ചകൾ കാണാം. റിസോർട്ട് ഏർപ്പാടാക്കിയ ഗാർഡും വോളന്റിയേഴ്സും സദാ സഹായത്തിനുണ്ട്. ബോട്ടിന്റെ സൈഡിൽ പിടിപ്പിച്ച ചെറുലാഡർവഴി താത്പര്യമുള്ളവർ കടലിലേക്കിറങ്ങി. സ്ത്രീകളടക്കം ചിലർ ആ ജലവിനോദം വേണ്ടെന്നുവച്ചു. ഭയമായിരുന്നു മുന്നിൽ. കടലിലിറങ്ങാത്തവർക്ക് ബോട്ടിന്റെ ബോട്ടംഗ്ലാസിലൂടെ കടലിനടിയിലെ കാണാക്കാഴ്ചകൾ യഥേഷ്ടം കാണാനുള്ള സൗകര്യം വേറേയുണ്ടായിരുന്നു.

ഏതാണ്ട് നൂറു മീറ്ററകലെയായി ഒരു ഫൈബർ ബോട്ടിൽ കൊച്ചുകുട്ടികളടക്കം സായ്പിന്റെ കുടുംബം ഈസിയായി ജലക്രീഡകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതു കാണാമായിരുന്നു. ഞങ്ങൾ ജലക്രീഡകൾ മതിയാക്കി യാത്ര തുടർന്നപ്പോൾ മറ്റൊരു ദുരന്തക്കാഴ്ച! പണ്ടെങ്ങോ മുങ്ങിപ്പോയ കപ്പലിന്റെ അവശിഷ്ടങ്ങൾ - കപ്പലിന്റെ അസ്ഥികൂടം - കടലിനുള്ളിൽ താണുകിടക്കുന്നു. ആ അസ്ഥികൂടത്തിനുള്ളിൽ മീനുകളും മറ്റു ജലജീവികളും നിർബാധം തുള്ളിച്ചാടി നടക്കുന്നു, കൂട്ടുകൂടിയും കൂടൊരുക്കിയും.

ഇനി കടമത്ത് - കൽപ്പേനി ദ്വീപുകളുടെ കാഴ്ചകളിലേക്കാണു യാത്ര. ടൂർ പാക്കേജുപ്രകാരം രണ്ടു ദ്വീപുകളിലേക്കും പ്രവേശനമില്ല. തീരമടിപ്പിച്ചുള്ള കാഴ്ച മാത്രം. ലക്ഷദ്വീപസമൂഹത്തിലെ ഏറ്റവും നീളമുള്ളതും വീതി കുറഞ്ഞതുമായ ദ്വീപാണ് കടമത്ത്. 11 കി.മീ. നീളവും അരക്കിലോമീറ്റർ വീതിയുമേയുള്ളൂ. വിസ്തൃതി 3.30 ച. കിലോമീറ്റർ. 37 ച. കിലോമീറ്ററോളം ലഗൂൺ ഉണ്ട്. മനോഹരമായ ലഗൂൺ ദ്വീപാണിത്. സൺബാത്തിന്റെ നീണ്ട ബീച്ചുകളുണ്ട്. ടൂറിസ്റ്റുകൾക്കു താമസിക്കാൻ തെങ്ങോല മേഞ്ഞ കുടിലുകൾ കാണാം. കടമത്തു ദ്വീപിൽ ഒരു കുഷ്ഠരോഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. കടമത്തു ദ്വീപിലെ ചുണ്ണാമ്പുകല്ലുകൾ നിർമാണപ്രവർത്തനങ്ങൾക്കു ധാരാളം ഉപയോഗിക്കുന്നു. 2001 ലെ ജനസംഖ്യപ്രകാരം ഇവിടെ 5319 പേരാണ് താമസക്കാർ. മലബാർതീരത്തുനിന്നുള്ള അകലം 407 കി.മീറ്ററാണ്. സാക്ഷരത 90.40 ശതമാനം.

വിനോദസഞ്ചാരത്തിനു പ്രാധാന്യമുള്ള മറ്റൊരു ദ്വീപാണ് കൽപ്പേനി. ആന്ത്രോത്തിൽനിന്ന് 63 കിലോമീറ്റർ അകലെയായി സ്ഥിതിചെയ്യുന്നു. ജനസംഖ്യ 4319. വിസ്തൃതി 2.79 ച.കി.മീറ്റർ. സാക്ഷരത 84.72 ശതമാനം. വൈവിധ്യമാർന്ന ജീവജാലങ്ങൾ കൽപ്പേനിക്കു സ്വന്തം. സ്വർണനിറമാർന്ന മണൽപ്പരപ്പും സ്ഫടികംപോലെ തെളിഞ്ഞ വെള്ളവും കൽപ്പേനിയെ വിനോദസഞ്ചാരികളുടെ സ്വർഗമാക്കുന്നു. 30 കി. മീറ്ററിലധികമാണ് ലഗൂൺ സമ്പത്ത്. തനതായ സാമൂഹികസാംസ്കാരികസവിശേഷതകളുള്ള ജനങ്ങളാണ് കൽപ്പേനിക്കാർ. സര്യോംഗ് എന്നു പേരുള്ള മനോഹരമായ പാവാട ധരിച്ചവരാണ് കൽപ്പേനി സ്ത്രീകൾ. പരിചമുട്ടുകളി, കോൽക്കളി തുടങ്ങിയവയിലൊക്കെ വിദഗ്ധരുമാണ്. ആന്ത്രോത്ത്, മിനിക്കോയ് ദ്വീപുകൾക്കു മധ്യത്തിലാണ് കൽപ്പേനിയുടെ സ്ഥാനം.

**കടലാമകളുടെ കടമത്ത്**

ലക്ഷദ്വീപുകളിൽ ധാരാളമായി കാണപ്പെടുന്ന ഒരു ജീവിയാണ് കടലാമ. കടമത്തു ദ്വീപിലാണ് ഇവയെ അധികമായി കാണുക. കടലാമയെന്നാണ് പേരെങ്കിലും ഇവ കരയിൽവന്നാണു മുട്ടയിടുക. പെണ്ണാമകൾ കൂട്ടമായി കടൽത്തീരത്തെത്തുന്നു. പിന്നെ കുഴികുത്തി മുട്ടയിട്ട് കടലിലേക്കുതന്നെ തിരിച്ചു യാത്രയാകുന്നു. മുട്ട വിരിയുന്ന കടലാമക്കുഞ്ഞുങ്ങൾ തനിയേ കടലിലേക്കു നീങ്ങിപ്പോകുന്നു. ചിലപ്പോൾ അത്തരം ചെറു ആമക്കുഞ്ഞുങ്ങൾ ഒറ്റയായോ കൂട്ടമായോ കടൽത്തീരം തേടി നീങ്ങിപ്പോയി കടലിൽചെന്നു മുങ്ങിപ്പോകുന്ന കാഴ്ച രസകരമായിരിക്കും.

**പറക്കുംമത്സ്യം**

കടൽയാത്രയ്ക്കിടയിൽ മറ്റൊരു രസകരമായ കാഴ്ച! വായുവിൽ പറക്കുന്ന മീൻ! വെള്ളത്തിലെ ശത്രുക്കളിൽനിന്നു രക്ഷപ്പെടാൻ വായുവിൽ പറക്കുന്ന പറക്കുംമത്സ്യങ്ങൾ! ഇത്തരം അപൂർവയിനം മീനുകൾ ലക്ഷദ്വീപിൽ കാണാനാവും. ജലപക്ഷികളെപ്പോലെ പറക്കാനൊന്നും ഈ പറവമത്സ്യത്തിനാവില്ല. വെള്ളത്തിൽനിന്നു കുതിച്ചുയർന്ന് കുറേ ദൂരം വായുവിലൂടെ തെന്നിനീങ്ങലാണു ഇതിന്റെ പറക്കൽ. അതുകൊണ്ടാണ് ഇതിനു പറക്കുംമത്സ്യം എന്നു പേരു കിട്ടിയത്. ഇവയുടെ മുൻചിറകുകൾ വെള്ളത്തിൽ തുഴയാനും വായുവിൽ പറക്കാനും ഒരേപോലെ സഹായകമാകുന്നു. മണിക്കൂറിൽ 60 കിലോമീറ്റർവരെ വേഗമുണ്ടത്രേ ഇവയുടെ പറക്കലിന്.

സീബോട്ട് സ്പീഡ് കുറച്ച് ഓടിക്കൊണ്ടിരുന്നു. ഞങ്ങൾ താമസിക്കുന്ന റിസോർട്ടുള്ള അഗത്തിദ്വീപ് ലക്ഷ്യമാക്കിയാണിപ്പോൾ യാത്ര. ശാന്തമായ ആഴംകുറഞ്ഞ കടൽജലക്കാഴ്ചകൾ അപ്പോഴും ദൃശ്യവിരുന്നൊരുക്കുന്നുണ്ട്. വർണഭംഗിയാർന്ന ജലജീവികൾ മനോഹരമായ കാഴ്ചയാവുന്നു. അടിഭാഗം ചില്ലിട്ട ബോട്ടിൽ വിസ്മയക്കാഴ്ചകളിൽ മുഴുകിയിരിക്കുകയാണ് യാത്രികർ. പറവമത്സ്യം, പൂമ്പാറ്റമത്സ്യം, ലയൺ ഫിഷ്, സന്ന്യാസി ഞണ്ട് മുതലായവയൊക്കെ നിറക്കാഴ്ചയാവുന്നു. നല്ല കടൽക്കാറ്റ് വീശുന്നുണ്ട്. റിസോർട്ടിലെത്തി ഒരു കടൽക്കുളി പാസാക്കി വിശ്രമിക്കാൻ മനസ്സിനു തിടുക്കം. കടമത്തു ദ്വീപിലെ സ്വത്ത് കണക്കാക്കുന്ന രീതി വിചിത്രമാണ്. അക്കാര്യങ്ങൾ ഓർത്തിരുന്നുപോയി. അവിടെ സ്വത്ത് കണക്കാക്കുന്ന രീതി ഇപ്പോഴും ഭൂമിയിലുള്ള അവകാശത്തിന്മേലല്ല, മറിച്ച് ഒരാൾക്ക് എത്ര തെങ്ങ് സ്വന്തമായുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ്. സീബോട്ട് പശ്ചിമജട്ടിയോടടുക്കുകയാണ്.

(തുടരും)

# പ്രപഞ്ചരഹസ്യങ്ങളെ അവശേഷിപ്പിച്ച് ശാസ്ത്രനക്ഷത്രം 'താണു' പോയി



ഡോ. റ്റീനാ മാത്യു

തിരുവനന്തപുരം കരമന സർക്കാർ സ്കൂളിലെ മലയാളം മീഡിയത്തിൽ പത്താംക്ലാസുവരെ ഇല്ലായ്മകളുടെ ബാല്യത്തിലൂടെ നടന്നുകയറിയ ഒരു വിദ്യാർത്ഥി പ്രപഞ്ചവിജ്ഞാനീയത്തിൽ ലോകത്തെ മികച്ച ശാസ്ത്രജ്ഞരിൽ ഒരാളായ കഥയാണ് അകാലത്തിൽ പൊലിഞ്ഞ ശാസ്ത്രനക്ഷത്രം താണു പത്മനാഭന്റേത്. പച്ചമലയാളത്തിൽ ഭൗതികശാസ്ത്രം വിശദീകരിക്കുന്ന കേരളത്തിന്റെ സ്വകാര്യ അഹങ്കാരമായ ഈ അതുല്യപ്രതിഭ പുണെ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ അസ്ട്രോണമി ആൻഡ് അസ്ട്രോഫിസിക്സിലെ അക്കാദമിക് വിഭാഗം ഡീനായി പ്രവർത്തിച്ചുവരികയായിരുന്നു.

ഗണിതതത്പരനായ പിതാവ് താണു അയ്യരുടെയും ലക്ഷ്മിയുടെയും മകനായി 1957 മാർച്ച് 10 ന് ജനിച്ച ഇദ്ദേഹത്തിന് സ്വാഭാവികമായും ചെറുപ്പകാലത്ത് ഗണിതത്തോടായിരുന്നു ആഭിമുഖ്യം. പിന്നീട് ദി ഫെൻമാൻ ലക്ചേഴ്സ് ഇൻ ഫിസിക്സ് എന്ന ഗ്രന്ഥം വായിച്ചതോടെ അനന്തമായ ആകാശവും അതിന്റെ അതിരുകൾക്കപ്പുറമുള്ള കാഴ്ചകളും അറിയണമെന്ന ആകാംക്ഷ ആ കുഞ്ഞുമനസ്സിൽ മൊട്ടിട്ടുവന്നു. അങ്ങനെ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽനിന്ന് ബിഎസ്സി, എംഎസ്സി ബിരുദങ്ങൾ സ്വർണമെഡലോടെ നേടി. ഇരുപതാമത്തെ വയസ്സിൽ സാമാന്യആപേക്ഷികതയിൽ ആദ്യത്തെ റിസർച്ച് പേപ്പർ പ്രസിദ്ധീകരിക്കുമ്പോൾതന്നെ ഗ്രാവിറ്റി ആ യുവാവിനെ പൂർണമായും ആവേശിച്ചുകഴിഞ്ഞിരുന്നു. മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസേർച്ചിൽനിന്ന് പിഎച്ച്ഡി നേടിയശേഷവും പുതുവിവരങ്ങൾ തേടിയുള്ള ഗവേഷണങ്ങൾ അദ്ദേഹത്തിനു സൗരയൂഥത്തിനപ്പുറത്തേക്കുള്ള വാതായനങ്ങൾ തുറന്നുകൊണ്ടേയിരുന്നു.



ശാസ്ത്രലോകത്തിനു പൂർണമായും പിടികിട്ടാത്ത തമോഗർത്തങ്ങളെക്കുറിച്ചുള്ള പല സമസ്യകളും പുത്തൻ അറിവുകൾ തേടിയലഞ്ഞ ആ ശാസ്ത്രമനസ്സ് ചുരുളഴിച്ചെടുത്തു. പ്രപഞ്ചത്തിന്റെ ഉദ്ഭവം, പരിണാമം, ക്വാണ്ടം ഫിസിക്സ്, ഗുരുത്വാകർഷണ പ്രതിഭാസം എന്നീ വഴികളിലെ ഗവേഷണമേഖലകളിൽ താണു എന്ന പേര് മായാതെ കുറിച്ചിട്ടാണ് അദ്ദേഹത്തിന്റെ മടക്കം.

രാജ്യാന്തരതലത്തിൽ ഇന്ത്യൻ ശാസ്ത്രജ്ഞർ ഒരുമിക്കണമെന്നാഗ്രഹിച്ച താണു പത്മനാഭൻ ഈ മേഖലയിലെ കൂട്ടായ്മയുടെ അഭാവത്താലാണ് ശാസ്ത്രലോകത്ത് നാം തിരസ്കരിക്കപ്പെടുന്നതെന്ന് ഒരിക്കൽ പറയുകയുണ്ടായി. പ്രപഞ്ചത്തിലെ തമോർജത്തെക്കുറിച്ച് ന്യൂസിലൻഡുകാരൻ ഗവേഷകൻ ഡേവിസ് വിൽഷൈനുമായി പന്തയം വച്ച് പത്തു വർഷങ്ങൾക്കിപ്പുറം അതിൽ വിജയിച്ച ഒരു ചരിത്രംകൂടിയുണ്ട് താണു പത്മനാഭന്. ജ്യോതിശാസ്ത്രത്തിലെ എണ്ണപ്പെട്ട ഗ്രന്ഥങ്ങളുടെ രചയിതാവായ അദ്ദേഹം പതിനൊന്നോളം പ്രശസ്ത വിദേശ സർവകലാശാലകളോടു ചേർന്നു പ്രവർത്തിച്ചു. ലക്ചർ ബോർഡുകളിൽ ഇരുകൈകളും മാറി മാറി തന്മയത്വത്തോടെ പ്രയോഗിച്ച് ഗവേഷണപാഠങ്ങൾ പങ്കുവച്ച, വിനയാന്വിതനായ ആ വ്യക്തിത്വം ഇനി ഓർമയായി മാറുന്നു. 2017 ൽ പ്രാപഞ്ചികസിദ്ധാന്തത്തെക്കുറിച്ച് മകൾ ഡോ. ഹംസവാഹിനി പത്മനാഭനുമായി ചേർന്നു പ്രസിദ്ധീകരിച്ച പഠനം ഇപ്പോഴും ശാസ്ത്രലോകത്തിന്റെ ചർച്ചാവിഷയമാണ്. ഒട്ടനവധി പുരസ്കാരങ്ങളും നേട്ടങ്ങളും താണു പത്മനാഭനെ തേടിയെത്തിയപ്പോഴും, പത്മശ്രീ, ഭട്നഗർ പുരസ്കാരം എന്നിവ അദ്ദേഹത്തിന്റെ ശിരസ്സിലെ പൊൻതൂവലുകളായിരുന്നു. പ്രപഞ്ചരഹസ്യങ്ങൾ കണ്ടെത്തുന്നതിലെ നിർവൃതിയാണ് ഏറ്റവും വലിയ പ്രതിഫലമെന്ന് വിശ്വസിച്ചിരുന്നു. യുവതലമുറയ്ക്കുള്ള സന്ദേശവും ഈ ജീവിതപാഠംതന്നെയായിരുന്നു. ആജീവനാന്തഗവേഷണനേട്ടം പരിഗണിച്ച് കേരളസർക്കാർ ഏർപ്പെടുത്തിയ ശാസ്ത്രപുരസ്കാരം ഏറ്റുവാങ്ങാതെ താണു പത്മനാഭൻ വിട വാങ്ങിയത് ശാസ്ത്രകുതുകികൾക്ക് ഒരു നൊമ്പരമായി അവശേഷിക്കുന്നു.

■

പ്രണയപാഠാവലി (97)



ഡോ. ആന്റണി ജോസ്

# അനഘമോ കൗമാരം?

**കൗ**മാരത്തിലേക്കു കാലെടുത്തുവയ്ക്കുന്ന കുട്ടി തന്നിൽ നാമ്പിടുന്ന പുതുലോകങ്ങളെക്കണ്ടു വിസ്മയിക്കുന്നു. അമ്മയ്ക്കൊപ്പം കിടന്നുറങ്ങിയ, അച്ഛന്റെ കൈപിടിച്ചു നടന്ന ആളായിരുന്നു ഇന്നലെവരെ. ഇപ്പോൾ മറ്റൊരാളെ സ്വന്തമാക്കാനും ഒരു മിച്ചിരിക്കാനും ഒരു ചോദന! മനോരാജ്യംകാണൽ പതിവായിരിക്കുന്നു. ഒരു നോക്കു കാണാൻ വൈകിയാൽ നെഞ്ചിൽ ഭാരം. യുക്തിസഹമല്ലെന്നറിഞ്ഞിട്ടും, പൊല്ലാപ്പുകൾക്ക് കൈയും കണക്കുമില്ല. നിരങ്കുശമായ പ്രേമം! അവൾക്ക് അവനും, അവന് അവളും മാത്രമേയുള്ളൂവെന്നാണ് ചിന്ത. ആർക്കുവേണം ഉപദേശം? എതിർപ്പുകൾക്കു പുല്ലുവില... തുടർന്നുണ്ടാകാവുന്ന കഥാപരിണതികൾ, അതിന്റെ വൈവിധ്യത്തോടെ എത്രവേണമെങ്കിലും പറയാൻ കഴിയും. ആലോചനയില്ലാത്ത, ഝടുതിപൂണ്ട ഇത്തരം നടപടികൾ ദുഃഖപര്യവസായിയായിത്തീരുന്നു. ഒരു പ്രധാന കാര്യം തിരിച്ചറിയണം. നിനക്ക്, അവളും അവൾക്കു നീയും മാത്രം എന്നതു കേവലം മിഥ്യയാണ്. നിങ്ങളിരുവർക്കും കുടുംബബന്ധങ്ങൾ, മിത്രങ്ങൾ, സാമൂഹികഅടുപ്പങ്ങൾ – ഇതെല്ലാം ഒഴിച്ചുകൂടാനാവാത്തതാണ്. സാമൂഹികമാനത്തെ ഉൾക്കൊള്ളാതെ കുടുംബജീവിതം വിജയിക്കുന്നില്ല. വളർന്ന വീടിനോടും സമൂഹ

കാലപ്രവാഹത്തിൽ പിന്നീടങ്ങോട്ടു സംഭവിച്ചതൊക്കെ വിധിവൈപരീത്യമായിരുന്നു. ശരിയായ ലൈംഗിക, ലിംഗവിദ്യാഭ്യാസത്തിന്റെ വിത്തുകൾ വിതറേണ്ടിടത്ത്, രതിയുടെ വികൃതവാഴ്ചകൾ സ്ഥാനം പിടിച്ചു. വായിക്കപ്പെട്ടതും കാണപ്പെട്ടതും കേൾക്കപ്പെട്ടതുമൊക്കെ അതിനു മുഖാന്തരമായി. ഉപഭോഗസംസ്കാരം വേണ്ട വെള്ളവും വളവും നൽകിക്കൊണ്ടേയിരുന്നു. വിശുദ്ധപ്രണയങ്ങൾക്കുമേൽ മൃഗതൃഷ്ണകൾ നിഴൽ വീഴ്ത്തി. അന്തശ്ചോദനകളും പരിസരങ്ങൾ വിതാനിച്ച കുതൂഹലങ്ങളും പായ്ക്കപ്പൽ കണക്കെ പലയിടങ്ങളിൽ അവനെ പറത്തിവിട്ടു. ഒടുവിൽ വിവാഹജീവിതത്തിൽ എത്തിയപ്പോൾ വയ്യാത്ത തിക്കുമുട്ടൽ... സ്നേഹിക്കാനാവുന്നില്ല, സ്നേഹം കണ്ടെത്താൻ കഴിയുന്നില്ല. കുറ്റങ്ങളും കുറവുകളും മാത്രം.



അവനോ/അവൾക്കോവേണ്ടി ആരോടൊക്കെയോ വാദിക്കാൻ വെമ്പുന്നു. എല്ലാം സ്വാഭാവികം. മനുഷ്യൻ തന്റെ ജീവിതദശാസന്ധികളെ വിജയകരമായി തരണം ചെയ്തുകൊണ്ടിരിക്കുന്നു; അത്രമാത്രം. ചില വെല്ലുവിളികൾകൂടി ഉയരുന്നുണ്ട് ഈ കാലഘട്ടത്തിൽ. വ്യക്തമായ ഉൾക്കാഴ്ച അതിനെയൊക്കെ തരണം ചെയ്യാൻ ആവശ്യമുണ്ട്.

ശാരീരികവും വൈകാരികവുമായ ഊർജസ്വലത എടുത്തുചാട്ടങ്ങളുടെ ഒരു പരമ്പരതന്നെ സൃഷ്ടിക്കാം. വൈകാരികപക്വത അനിവാര്യമായി വരുന്ന സമയമാണിത്. മാതാപിതാക്കളായിരിക്കണം ആദ്യത്തെ റോൾ മോഡൽ. വൈകാരികപക്വതയിലധിഷ്ഠിതമായ അവബോധങ്ങൾ മക്കളെ ശക്തീകരിക്കും. ശരിതെറ്റുകളെക്കുറിച്ച് അവർ നൽകുന്ന ദിശാബോധം അനിശ്ചിതത്വത്തിൽപ്പെടാതെ കാത്തുകൊള്ളുകയും ചെയ്യും.

ഇങ്ങനെ ഉദ്ഭവംകൊള്ളുന്ന മൂല്യാഭിമുഖ്യം, വൈകാരികതയുടെ കുതിരവേഗങ്ങളെ ജീനിയിട്ടു നിയന്ത്രിക്കാൻ കെല്പുള്ളതാണ്. നല്ല കരിയറും മനഃസാക്ഷി നൊമ്പരപ്പെടുത്താത്ത കുടുംബജീവിതവും ഇതുറപ്പുനൽകുന്നു.

എടുത്തുചാട്ടം ഉണ്ടാക്കുന്നത്തോടും പ്രതിബദ്ധത വേണം. അതിന് അവശ്യം വേണ്ട ഘടകം വൈകാരികപക്വതയാണ്. പ്രായവും അനുഭവവും ഉപദേശവും വിദ്യാഭ്യാസവുമൊക്കെ അതിലേക്കു നയിക്കുന്നു. വിവേകത്തിന്റെ അടിസ്ഥാനശിലതന്നെ വൈകാരികപക്വതയാണ്.

ലൈംഗികധാർമികത എന്നും വിവാദവിഷയമാണ്. ആപേക്ഷികത അതിനു ഗരിമ കല്പിക്കുന്നെന്നും വ്യക്തിസ്വാതന്ത്ര്യം അതിന്റെ വിധികർത്താവാകുന്നുവെന്നും പറയപ്പെടുന്നു. പോകപ്പോകെ, ഭർത്താവിന് ആർക്കൊപ്പം വേണമെങ്കിലും പോകാമെന്നു ഭാര്യ സമ്മതം മൂളേണ്ട സ്ഥിതിവരുമോ? അതേപോലെ മറിച്ചും? പ്രണയമില്ലാത്തതുകൊണ്ട് അദ്വൈതം നിഷേധിക്കപ്പെടുന്നു. നഷ്ടപ്രണയം, മൃഗകാമനകൾക്കിടം നൽകും.

ഒരല്പം പിന്നോട്ടു പോകാം, പൊയ്പോയ കാലത്തിന്റെ ധന്യസ്മൃതികളിലേക്ക്. യാഥാർത്ഥ്യത്തിലോ, കാല്പനികതയിലോ ആദ്യാനുരാഗം അങ്കുരിച്ച നാളുകൾ... ഓർമയില്ലേ? വിവേകരഹിതമാണെങ്കിൽക്കൂടി, ആ ബന്ധം പവിത്രമായിരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. അവിടെ വേറൊരാളെ സങ്കല്പിക്കാൻ സാധിക്കുമായിരുന്നോ? മാംസനിബദ്ധഭാവനകൾ പടിക്കുപുറത്തല്ലായിരുന്നോ? എന്നാൽ, പ്രജ്ഞയിൽ മരവിപ്പായി വിരസത അലിഞ്ഞിറങ്ങുന്നു.

വിവാഹപൂർവലൈംഗികത (pre marital sex) പുരുഷനെ സംബന്ധിച്ചിടത്തോളം പഠനപ്രക്രിയയുടെ ഭാഗമൊന്നുമല്ല. മുഖ്യലക്ഷ്യം വിലക്കുകളില്ലാത്ത വിഷയസുഖംതന്നെയാണ്. അതുകൊണ്ട്, ഉത്തരവാദിത്വലൈംഗികത അയാളുടെ പരിഗണനയിൽ വരണമെന്നില്ല. കൂട്ടുകാരിയെ വശംവദയാക്കാൻ വ്യാജമായതൊക്കെ പറയാം. അതയാൾക്കു ബാധ്യതയില്ലാത്ത ഇടപാടാണ്. കുറച്ചുകഴിയുമ്പോൾ, അടുത്ത പുഷ്പവാടി തേടാമല്ലോ. ഇവിടെ കുറ്റബോധം അയാളെ പിടികൂടുന്നില്ല. സ്വത്വത്തിന്റെ സമ്പൂർണസമർപ്പണം നടത്തിയിട്ടില്ലാത്തതുകൊണ്ടാണത്. അവൾക്കങ്ങനെ തോന്നിയാൽ അതവന്റെ മിടുക്ക്.

ഇതേ പുരുഷൻ വിവാഹജീവിതത്തിൽ പ്രവേശിക്കുമ്പോൾ ചിത്രമാകെ മാറും. ഉത്തരവാദിത്വലൈംഗികതയുടെ കാര്യത്തിൽ അവനു മുട്ടിടിക്കും. അവിശ്വസ്തതയുടെ നിഴലുകൾ അവനുമേൽ എപ്പോഴും കാണും. ഭാര്യയിൽ ഒതുങ്ങിനിന്നു സന്തോഷിക്കാനാവാത്ത അവസ്ഥ. വേലി ചാടാൻ അവനൊരു മടിയുമില്ല. അതിന്റെ 'ടീത്തിങ് ട്രബിൾസ്' ഒക്കെ എന്നേ മാറിക്കഴിഞ്ഞു!

(തുടരും)

*(സങ്കീർത്തനം മൂന്ന് – കാവ്യാവിഷ്കാരം)*

പാപ്പച്ചൻ കടമക്കുടി

# കവചം



കർത്താവേ, വൈരികളെണ്ണമറ്റോർ
എന്നെയെതിർക്കുവാനെത്തിടുന്നു.
ദൈവമെനിക്കു സഹായഹസ്തം
നീട്ടുകയില്ലെന്നുരപ്പൂ ചിലർ.
കർത്താവെൻ രക്ഷാകവചമല്ലോ
സത്യമഹത്ത്വവുമങ്ങല്ലയോ?
എന്നുമെൻ ശീർഷമുയർത്തി നിർത്താൻ
ശക്തിയേകുന്നതും നാഥനല്ലോ.
ഉച്ചസ്വരത്തിൽ വിളിച്ചുകൊണ്ടേ
പ്രാർത്ഥിച്ചിടുമെന്റെ സങ്കടങ്ങൾ,
അവിടന്നു നിർമ്മലഗിരിയിൽനിന്ന്
അരുളുമതിന്നുള്ള മറുമൊഴികൾ.
ശാന്തമായ് ഞാനുറങ്ങീടുമല്ലോ
ശാന്തമായ്ത്തന്നെയുണർന്നെണീക്കും.
കർത്താവിൻ കൈകൾ തന്നുള്ളിലല്ലോ
ചേർന്നിരിക്കുന്നു സന്തുഷ്ടനായ് ഞാൻ.
പതിനായിരങ്ങളെനിക്കരികേ
പാളയം തീർത്തിരിക്കുന്നു ചുറ്റും.
ഞാൻ ഭയപ്പെടുകി,ല്ലുണർന്നേല്ക്കണേ
കർത്താവേ, ദൈവമേ, രക്ഷിക്കണേ
ശത്രുവിൻ വദനം തകർത്തതങ്ങ്
ശത്രുവിൻ രദനം പൊഴിച്ചതങ്ങ്.
മോചനം കർത്താവിൽനിന്നുതന്നെ
നിൻവരം ഞങ്ങളിലുണ്ടാകണേ.

## പ്രസംഗ–ലേഖന മത്സരങ്ങൾ

പാലാ: അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിലെ കുട്ടികൾക്കായി പ്രസംഗമത്സരവും ലേഖനമത്സരവും നടത്തുന്നു.

പ്രസംഗവിഷയം: യു.പി. വിഭാഗം – കൗമാരക്കാരും ലഹരിയുപയോഗവും. എച്ച്.എസ്. വിഭാഗം – ലഹരിരഹിതസമൂഹസൃഷ്ടിയിൽ എന്റെ പങ്ക്. എച്ച്.എസ്.എസ്. – ലഹരിരഹിതസമൂഹസൃഷ്ടിയിൽ യുവജനങ്ങളുടെ പങ്ക്.

ലേഖനവിഷയം: എച്ച്.എസ്.വിഭാഗം – ലഹരിരഹിതസമൂഹസൃഷ്ടിയിൽ കുടുംബത്തിന്റെ പങ്ക്. എച്ച്.എസ്.എസ്.വിഭാഗം – ലഹരിരഹിതസമൂഹസൃഷ്ടിയിൽ യുവജനങ്ങളുടെ പങ്ക്.

മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 1000, 750, 500 രൂപാ ക്യാഷ് അവാർഡ് നൽകുന്നതാണ്.

പ്രസംഗമത്സരസമയം: മൂന്നു മിനിട്ട്. വീഡിയോ ഒക്ടോബർ രണ്ടിനു മുമ്പ് വാട്സാപ്പിൽ (9446376720) ലഭിക്കണം. ലേഖനങ്ങൾ ഒക്ടോബർ 15 നു മുമ്പ് ഡയറക്ടർ, അഡാർട്ട്, പാലാ എന്ന വിലാസത്തിൽ അയയ്ക്കണം.



നോവൽ 9

വിനായക് നിർമ്മൽ

"എന്റെ സാറേ മരിച്ചുപോയവരെക്കുറിച്ച് നല്ലതേ പറയാവൂ എന്നതുകൊണ്ടു പറയുന്നതല്ല കേട്ടോ, സ്മിതക്കൊച്ചിനെപ്പോലെയൊരു കൊച്ചിനെ ഞാൻ ഇന്നേവരെ കണ്ടിട്ടില്ല. എത്രയോ പെങ്കൊച്ചുങ്ങള് ഈ കടേൽ സാധനം മേടിക്കാൻ വരുന്നതാ.. സ്മിതക്കൊച്ചിനെപ്പോലെയൊരു പെങ്കൊച്ച്. തനിത്തങ്കമല്ലേ. തനിത്തങ്കം. എന്നാ ചെയ്യാനാ. ദൈവം ആയുസ്സു കൊടുത്തില്ല. കഷ്ടം.."

പലചരക്കുകച്ചവടക്കാരൻ രാജുവിന്റെ വാക്കുകളായിരുന്നു അത്. കടയിൽ സാധനം മേടിക്കാൻ വന്ന സനലിനോടു സംസാരിക്കുകയായിരുന്നു അയാൾ. കടയിലും വരാന്തയിലുമായി വേറേയും ചിലരുണ്ടായിരുന്നു. സനൽ ഒരു വാക്കുകൊണ്ടുപോലും പ്രതികരിക്കാതെ തല കുമ്പിട്ടുനിന്നു.

എന്തിനാണ് ഇങ്ങനെ ആളുകൾ അനാവശ്യമായി തന്റെ മുറിവിനെ കുത്തിനോവിക്കുന്നത് എന്നതായിരുന്നു അയാളുടെ ചിന്ത. മറക്കാൻ ശ്രമിക്കുകയാണ്, ഓർമിക്കാതിരിക്കാൻ പണിപ്പെടുകയാണ്. അപ്പോഴാണ് ആളുകൾ വീണ്ടും വീണ്ടും അതേക്കുറിച്ചുതന്നെ സംസാരിക്കുന്നത്.

ഒരുപക്ഷേ, അത്തരമൊരു പ്രവണത എല്ലാ മനുഷ്യർക്കുമുണ്ടാവാം. മറ്റൊരാളോടു സഹതപിക്കാനുള്ള മാർഗമെന്ന നിലയിലായിരിക്കും അവരങ്ങനെ പറയുന്നത്. മരിച്ചുപോയവരോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ അവരെക്കുറിച്ച് നല്ലതു പറയുക എന്നത് മനുഷ്യന്റെ പ്രത്യേകതയാണ്. അനുശോചനസമ്മേളനങ്ങൾ അക്കാര്യമാണു വ്യക്തമാക്കുന്നത്. ജീവിച്ചിരുന്നപ്പോൾ ഒരു നല്ല വാക്കുപോലും പറയാത്തവരാണ് പരേതരെക്കുറിച്ച് വായ് തോരാതെ സംസാരിക്കുന്നത്.

നേർക്കുനേർ കാണുമ്പോൾ ഒന്നു പുഞ്ചിരിക്കുകപോലും ചെയ്യാത്തവരാണ് മരിച്ചുപോയവരെക്കുറിച്ച് ഈ ജന്മത്തിൽ താൻ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വിശുദ്ധനായ മനുഷ്യനായിരുന്നു എന്ന മട്ടിൽ പ്രസംഗിച്ചുകളയുന്നത്. മനുഷ്യനോളം കാപട്യമുള്ള മറ്റൊരു മൃഗവും ഈ ലോകത്തിൽ ഇല്ല. ആവശ്യങ്ങൾക്കുവേണ്ടി വെളുക്കെ ചിരിക്കും. സ്വാർത്ഥതയ്ക്കുവേണ്ടി മുഖസ്തുതി പറയും. നേട്ടങ്ങൾക്കുവേണ്ടി തോളത്തു കൈയിട്ടു നടക്കും. ചൂഷണം ചെയ്യാൻവേണ്ടി സുഹൃത്താണെന്നു ഭാവിക്കും. മനുഷ്യൻ ചില നേരങ്ങളിൽ മൃഗങ്ങളെക്കാൾ കഷ്ടമാണ്, മനുഷ്യൻ മൃഗമാകരുതെന്നു ശഠിക്കുമ്പോഴും. രാജുവിന്റെ വാക്കുകൾ കേട്ട് സനൽ ദീർഘമായി നിശ്വസിച്ചു.

"സാറ് സ്കൂളിൽ പോയിത്തുടങ്ങിയെന്ന് ഞാനറിഞ്ഞായിരുന്നു. അതു നന്നായി സാറേ. പിള്ളേരും ടീച്ചേഴ്സുമായി കാണുകേം മിണ്ടുകേം ചെയ്യുമ്പോൾ സങ്കടങ്ങൾക്കൊക്കെ കുറവുണ്ടാകും."

"എനിക്ക് കുറച്ചു സാധനം വേണമായിരുന്നു." അയാളെ വെറുതെ സംസാരിക്കാൻ വിടാതെ സനൽ ഇടയ്ക്കു കയറി.

"അത് ഞാനെടുത്തോണ്ടിരിക്കുവാണല്ലോ. പത്തു കിലോ അരിയെന്നല്ലേ സാറു പറഞ്ഞത്. അതെടുത്തു. രണ്ടു കിലോ പഞ്ചസാരയും എടുത്തു. ഒരു കിലോ വെളിച്ചെണ്ണയും എടുത്തു. ഇനി എന്നതാ വേണ്ടെ?"

സനൽ എഴുതിക്കൊണ്ടുവന്ന ലിസ്റ്റ് നോക്കി.

"ഒരു കിലോ കടുക്."

സനൽ ലിസ്റ്റിൽ നോക്കി പറഞ്ഞു. സാധനമെടുക്കാൻ തുനിഞ്ഞ രാജു തിരിഞ്ഞുനിന്നു.

"എന്നതാ സാറേ, ഒരു കിലോ കടുകോ?" ആ ചോദ്യത്തിലെ അവിശ്വസനീയതയും അമ്പരപ്പും സനൽ മനസ്സിലാക്കി.

"സാറ് എന്നതാ ഇപ്പറയുന്നെ? അത്രയും കടുകൊന്നും ഒരു വീട്ടിലേക്ക് ഒറ്റയടിക്കു വേണ്ട സാറേ. നമ്മളെന്നതാ കടുകാണോ നാലുനേരം കഴിക്കുന്നെ. ഈ സാറിന്റെയൊരു കാര്യം."

രാജു ചിരിച്ചു. അയാളുടെ ചിരി കടയിലുണ്ടായിരുന്ന മറ്റുള്ളവരിലേക്കും പടർന്നു. കടയിൽ ചിരി നിറഞ്ഞു.

നിറഞ്ഞ ചിരികൾക്കിടയിൽ വേവുപിടിച്ചവനെപ്പോലെ സനൽ നിന്നു. കടുകു വേണമെന്ന് അന്നാമ്മ പറഞ്ഞിരുന്നു. പക്ഷേ, അതു വാങ്ങുന്ന അളവിന്റെ കാര്യത്തിൽ അയാൾക്ക് അത്ര കൃത്യതയുണ്ടായിരുന്നില്ല. പഞ്ചസാരയും എണ്ണയും പോലെ ഒരു അളവ് എന്നേ അയാൾ ഉദ്ദേശിച്ചിരുന്നുള്ളൂ. പക്ഷേ, അതൊരു അബദ്ധമാണെന്ന് ഇപ്പോഴാണു മനസ്സിലാകുന്നത്.

"നൂറു കടുകു മതി സാറേ. ഒരു പായ്ക്കറ്റ്." രാജു ചിരി അടക്കി ഒരു പായ്ക്കറ്റ് കടുക് റാക്കുകൾക്കിടയിൽനിന്നെടുത്തു.

"അയ്യോ പാവം." അയാൾ സനലിനെ നോക്കി വീണ്ടും ചിരിച്ചു.

"സാറിന് ഇതൊന്നും അറിയത്തില്ല അല്ലേ. ആ സ്മിതക്കൊച്ച് പറയുവായിരുന്നു സനൽസാറിന് അടുക്കളക്കാര്യമൊന്നും അറിയത്തില്ലെന്ന്. അന്ന് അതു കുഴപ്പമില്ലായിരുന്നു. ഇനീം അങ്ങനെത്തെ പോക്കു പോയാൽ ശരിയാവുമോ?"

രാജുവിന്റെ ഉപദേശം സനലിന് തീരെ ഇഷ്ടമായില്ല.

"ഒരു കുടുംബം നോക്കിനടത്തുന്നത് നിസ്സാരകാര്യമാണോ. നമ്മള് ഈ ആണുങ്ങൾക്ക് എന്നതാ അറിയാവുന്നെ. വച്ചുവിളമ്പി ഇരിപ്പിടത്തിൽ കിട്ടുന്നതിന് കുറ്റം പറയാനല്ലാതെ. എന്റെ പെമ്പ്രന്നോത്തിയുണ്ടല്ലോ സാലമ്മ, അവള് ഞങ്ങടെ മൂത്ത മോള് മരിയറ്റിനെ പെറ്റേല് പിക്കാനായിട്ട് ഓസ്ട്രേലിയായ്ക്കു പോയ മൂന്നുമാസമാ ഞാൻ ശരിക്കും പറഞ്ഞാ സാലമ്മേടെ വെല മനസ്സിലാക്കിയെ. രണ്ടു പെമ്പിള്ളേര് വീട്ടിലുണ്ടായിരുന്നതോണ്ട് പട്ടിണി കിടന്നില്ലെന്നേയുള്ളൂ. എന്നാലും മൂന്നുമാസത്തേക്ക് എന്റെ വീടൊരു മരിച്ചവീടുപോലെയായിരുന്നു. അതാ ഈ പെണ്ണുങ്ങള് വീട്ടിൽനിന്നു മാറി നില്ക്കുമ്പോഴത്തെ പ്രശ്നം. എനിക്കാണേ പിന്നെ മൂന്നു മാസത്തെ ബുദ്ധിമുട്ടേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, അതുപോലെയാണോ സാറിന്റെ കാര്യം.. പോയവര് ഇനി തിരിച്ചുവരില്ലല്ലോ?"

രാജു ദീർഘമായി നിശ്വസിച്ചു.

"അല്ലാ, ഇനിയെന്നതൊക്കെ സാധനമാ സാറിനു വേണ്ടെ?"

"ഇനിയൊന്നും വേണ്ട."

സനൽ ലിസ്റ്റിലെ ബാക്കി സാധനങ്ങളുടെ പേരു വായിക്കാതെ പോക്കറ്റിലേക്കിട്ടു. ഇനി ഇയാളുടെ കടയിൽനിന്ന് സാധനം വാങ്ങില്ലെന്ന് സനൽ തീരുമാനമെടുത്തു. എന്തോ രാജുവിനോട് അയാൾക്ക്



വല്ലാത്ത അകൽച്ച തോന്നി.

"കുറെ നാളായല്ലോ സാറേ സാധനം വാങ്ങിയിട്ട്. എന്നിട്ടും ഇത്രയും മതിയോ. അതോ സാറ് വേറേ വല്ല കടേന്നും സാധനം വാങ്ങിത്തുടങ്ങിയോ. സ്മിതക്കൊച്ച് എന്റെ കടേന്നേ സാധനം വാങ്ങിയിരുന്നുള്ളൂ."

"ഇത്രയും മതി." രാജുവുമായി ഒരു വാഗ്വാദത്തിനോ തർക്കത്തിനോ സനലിന് താത്പര്യമുണ്ടായിരുന്നില്ല.

രാജു സാധനങ്ങളുടെ തുകയെഴുതിക്കൂട്ടുന്നതിനിടയിൽ ചോദിച്ചു:

"അല്ല സാറേ, സ്മിതക്കൊച്ച് മരിച്ചവകേല് ആശുപത്രിക്കാര് വല്ലതും തന്നോ. സാറിന് ഇൻഷ്വറൻസ് വല്ലതുമുണ്ടായിരുന്നോ."

"ചേട്ടൻ കാശെത്രയാന്നു പറ." സനലിന്റെ സ്വരമുയർന്നു. ആ ഭാവമാറ്റം രാജുവിനും മനസ്സിലായി. അയാൾ വേഗം തുക പറഞ്ഞു. സനൽ പോക്കറ്റിൽനിന്നു കാശെടുത്തുകൊടുത്തു. രാജു സാധനങ്ങളടങ്ങിയ പായ്ക്കറ്റ് സനലിനു നേരേ നീട്ടി.

"ഓട്ടോയ്ക്കാണോ സാറേ."

"ഉം."

"സ്മിതക്കൊച്ചായിരുന്നെങ്കിൽ" രാജുവിനെ പറയാൻ അനുവദിക്കാതെ പെട്ടെന്ന് സനൽ അയാളുടെ നേരേ ചൂണ്ടുവിരലുയർത്തി.

"ഇനി ഒരക്ഷരം മിണ്ടിപ്പോകരുത്."

സനലിന്റെ ആ ഭാവമാറ്റം രാജുവിനെ അദ്ഭുതപ്പെടുത്തി. തികട്ടിവന്ന ദേഷ്യവും സങ്കടവും എങ്ങനെയോ കടിച്ചമർത്തി സനൽ സാധനങ്ങളെടുത്ത് പുറത്തേക്കിറങ്ങി.

സ്മിതയായിരുന്നു സാധനങ്ങൾ സ്ഥിരമായി വാങ്ങിയിരുന്നത്. ഓരോ ദിവസവും അവൾ അന്നന്നുവേണ്ട സാധനങ്ങൾ ഹോസ്പിറ്റലിൽനിന്നു വരുന്ന വഴിക്കു വാങ്ങിച്ചുകൊണ്ടുവരുമായിരുന്നു. ആകട്ടിവയിൽ പലതവണയായി എത്തിക്കുന്ന സാധനങ്ങൾ. ഇത്രയും വർഷത്തെ ജീവിതത്തിനിടയിൽ സനൽ ആദ്യമായിട്ടായിരുന്നു കടയിൽ പോയി സാധനം വാങ്ങുന്നത്. എപ്പോഴെങ്കിലും പച്ചക്കറിയോ മീനോ പഴമോ വാങ്ങിക്കൊണ്ടുവരികയാണെങ്കിൽ അതു മിക്കപ്പോഴും തന്നെ കേടുവന്നവയുമായിരിക്കും. സനലിന്റെ അറിവില്ലായ്മ പെട്ടെന്നുതന്നെ മനസ്സിലാക്കി കച്ചവടക്കാർ കേടാവാറായ സാധനം സനലിനു കൊടുത്ത് നഷ്ടം ഒഴിവാക്കിയിരുന്നു. ഇത് സ്ഥിരമായിക്കഴിഞ്ഞപ്പോൾ സ്മിത തന്നെയാണ് പറഞ്ഞത്, ഇനി ഒരു സാധനവും വാങ്ങണ്ടാ, വെറുതെയെന്തിനാ പണം കൊടുത്ത് ചീത്ത സാധനം വാങ്ങുന്നത്. ഞാൻതന്നെ സാധനം വാങ്ങിക്കോളാം എന്ന്.

നല്ല കാര്യമെന്നേ അതുകേട്ടപ്പോൾ സനലിനു തോന്നിയുള്ളൂ. സാധനം മേടിക്കാനുള്ള ഉത്തരവാദിത്വംപോലും തന്നിൽനിന്ന് എടുത്തുനീക്കിയല്ലോ. രക്ഷപ്പെട്ടുവെന്ന ഭാവമായിരുന്നു തനിക്ക്. പക്ഷേ, ഇപ്പോഴറിയുന്നു, സാധനം മേടിക്കുമ്പോഴുള്ള ബുദ്ധിമുട്ട്. എത്ര കടകൾ കയറിയിറങ്ങിയും എത്ര നേരം ഊഴം കാത്തുനിന്നുമെല്ലാമാണ് ഒരു വീട്ടിലേക്കുള്ള വിവിധ സാധനങ്ങൾ ഒരാൾ വീട്ടിലെത്തിക്കുന്നത്. അതൊന്നും വീട്ടിലിരിക്കുന്നവർ അറിയുന്നില്ലല്ലോ. സ്മിത വീടിനുവേണ്ടി ചെയ്ത ഓരോ ത്യാഗവും കഷ്ടപ്പാടും എത്രയോ വലുതായിരുന്നു! ജീവിച്ചിരുന്നപ്പോൾ അവളുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് ഒരിക്കൽപ്പോലും ചിന്തിച്ചിരുന്നില്ല. അവൾ ചെയ്ത ജോലികൾ. അതിനുവേണ്ടി നീക്കിവച്ച സമയം. ഒഴിവാക്കിയ സന്തോഷങ്ങൾ. പക്ഷേ, ഇപ്പോൾ അവളില്ലാത്തപ്പോൾ, അവൾ ഇല്ലാതെ പോയപ്പോൾ തിരിച്ചറിയുന്നു അവളുടെ വില. അവളുടെ സാന്നിധ്യത്തിന്റെ വില. ഒരു വീടിന്റെ കേന്ദ്രബിന്ദു സ്ത്രീയാണ്, ഭാര്യയാണ്. അവളാണ് അച്ചുതണ്ട്. ആ അച്ചുതണ്ടിനെ ചുറ്റിപ്പറ്റിയാണ് മറ്റെല്ലാ ഗ്രഹങ്ങളും കറങ്ങുന്നത്. എല്ലാ മനുഷ്യർക്കും മരണം ഒരു പാഠമാണ്. മറ്റൊരിടത്തും കിട്ടാത്ത പാഠങ്ങൾ മരണത്തിലൂടെ ലഭിക്കുന്നു. സാധനങ്ങൾ തൂക്കിപ്പിടിച്ച് വീട്ടിലേക്കു നടന്നാലോ എന്നാണ് സനൽ ആദ്യം ആലോചിച്ചത്. പക്ഷേ, നടക്കാനുള്ള ദൂരത്തെക്കുറിച്ചാലോചിപ്പോൾ അതു ബുദ്ധിമുട്ടായിരിക്കുമെന്ന് അയാൾക്കു തോന്നി. എങ്കിൽ ഓട്ടോയ്ക്കു പോകാമെന്നു തീരുമാനിച്ചു ഓട്ടോസ്റ്റാൻഡിലേക്കു നടക്കുമ്പോൾ അയാളുടെ അരികിലായി ഒരു ബൈക്ക് വന്നുനിന്നു.സുമൻ ആയിരുന്നു അത്.

(തുടരും)

# സ്നേഹം തുളുമ്പുന്ന സ്വപ്നക്കൂടാരം






ആഷ്‌ലി
ടെസ് ജോൺ

“എന്നതാടീ സ്വപ്നേ, നിന്റെ നടത്തത്തിനൊരു ഏനക്കേട്? ക്ഷീണമുണ്ടോ കൊച്ചേ?” കുർബാന കഴിഞ്ഞ് തീക്കോയിപ്പള്ളിയുടെ പടികളിറങ്ങുമ്പോൾ പിന്നാലെ വന്ന ചേടത്തി സ്വപ്നയോടു ചോദിച്ചു. “ഓ, സാരമില്ല ചേടത്തീ, ഒത്തെങ്കിൽ നാളെ കൈയിലൊരു കൊച്ചുമായി കുർബാനയ്ക്കു വരാം.”

സ്വപ്നയുടെ മറുപടികേട്ട് ചേടത്തി ഞെട്ടിയിട്ടുണ്ടാവണം. പക്ഷേ, കഥാനായിക കൂളായിട്ട് സ്റ്റെപ്പിറങ്ങി വീട്ടിലേക്കു നടന്നുപോയി. അന്നുതന്നെ വൈകുന്നേരം ആശുപത്രിയിൽപോയി നൈസായിട്ടു പ്രസവിക്കുകേം ചെയ്തു. പെണ്ണുങ്ങടെ വാക്കിനുംവേണ്ടേ ഒരു വില, അല്ലേ?

ഇത് സ്വപ്ന കുര്യൻ. ഇടമറുക് സെന്റ് ആന്റണീസ് യുപി സ്കൂൾ അധ്യാപിക. ആറു കുഞ്ഞുങ്ങളെ പ്രസവിച്ച കാര്യം പറയുമ്പോ, ‘ഇതൊക്കെയെന്ത്? നിസ്സാരം,’ പുഞ്ചിരി തൂകി സ്വപ്നവാചാലയാകും.

പെരിങ്ങുളത്തെ തന്റെ വീട്ടിലെ ഇളയകുട്ടിയായിരുന്നു സ്വപ്ന. മൂത്ത രണ്ടു സഹോദരിമാരും കന്യകാമഠങ്ങളിലേക്കു യാത്രയായപ്പോൾ വീട്ടിലെ ഒറ്റക്കുട്ടി. “ഏകാന്തതയുടെ ആ കാലംമുതൽക്കേ ഒത്തിരി കുഞ്ഞുങ്ങളുള്ള വീട് എന്റെ സ്വപ്നമായിരുന്നു. വിവാഹം കഴിഞ്ഞ് സിബിയുടെ ഭാര്യയായി തൊഴുത്തിങ്കൽ വീട്ടിലേക്കു വന്നപ്പോൾ കടങ്ങളും കദനങ്ങളും ഒരു കൂനയുണ്ടായിരുന്നു ആ വീട്ടിൽ. സിബിയുടെ സുഖമില്ലാത്ത അമ്മ, രണ്ടു സഹോദരിമാരുടെ വിവാഹം, രണ്ടു പേർക്കും ശമ്പളമില്ലാതെ കഴിച്ചുകൂട്ടേണ്ടിവന്ന ആദ്യത്തെ അഞ്ചു വർഷങ്ങൾ... വലിയ കുടുംബമെന്ന മോഹം അതിമോഹമാകുമോ എന്നൊരു സന്ദേഹം. പ്രാരബ്ധങ്ങളുടെ ആ പാരാവാരം നീന്തിക്കടക്കാൻ കൂട്ടായത് ഡാഡിയും മമ്മിയുമാണ്. കുട്ടികളുണ്ടായപ്പോൾ അവരെ സംരക്ഷിക്കാൻ അവർ പെരിങ്ങുളത്തുനിന്നു തീക്കോയിലേക്കു വന്നു, കൂട്ടായി കൂടെനിന്നു. ഡാഡി എനിക്കു തണലായിരുന്നു.” 61-ാം വയസ്സിൽ പെട്ടെന്നൊരു ദിവസം ഇട്ടിട്ടുപോയ ഡാഡിയെപ്പറ്റിപ്പറയുമ്പോൾ സ്വപ്നയുടെ ശബ്ദമിടറി.



*തീക്കോയി തൊഴുത്തിങ്കൽ വീട്ടിൽ സിബിയും സ്വപ്നയും മക്കളോടൊപ്പം*

“ഡാഡി എപ്പോഴും പറയും, ഒരിക്കലും സിബിയെ വിഷമിപ്പിക്കരുത്, നീ ജീവനോടെ ഇരിക്കുന്നിടത്തോളം നിന്റെ ഭർത്താവ് ആരുടെയും മുന്നിൽ തലകുനിക്കാൻ പാടില്ല.” ഓരോ കട്ടയും പെറുക്കിവച്ച് ഒരു കുടുംബം കെട്ടിയുയർത്തുന്ന മകൾക്ക് ചാന്തു ചേർത്തുകൊടുക്കുന്ന ഒരപ്പൻ... എത്ര സുന്ദരമായ കാഴ്ചയാണത്...

“അവളൊത്തിരി കഷ്ടപ്പെട്ടു. മരിക്കുന്നതുവരെ എന്റെ അമ്മയെ ഒരു കുഞ്ഞിനെപ്പോലെ ശുശ്രൂഷിച്ചു. സ്വപ്നയുടെ ദൈവവിശ്വാസം എനിക്കെപ്പോഴും കരുത്താണ്. കൂടുതൽ കുട്ടികൾ വേണമെന്ന് എപ്പോഴും അവളാഗ്രഹിച്ചു. മടുപ്പില്ലാതെ, കുടുംബത്തെയും കുഞ്ഞുങ്ങളെയും പരിപാലിക്കുന്നതും സ്വപ്നയാണ്.” ഭാര്യയെക്കുറിച്ച് അഭിമാനിക്കുന്ന ഭർത്താവാണ് സിബി.

“പരാതീം പരിഭവോം ഒക്കെയുണ്ടാവും. സ്വാഭാവികം. പക്ഷേ, അല്പനേരത്തെ ആയുസ്സേ അതിനൊക്കെയുള്ളൂ. എനിക്കു ദേഷ്യം വന്നാൽ പിടിച്ചാക്കിട്ടാൻ ഇത്തിരി പാടാണ്. തീക്കോയിപ്പള്ളീലെ വിശുദ്ധനാന്നാ വിചാരം, കാര്യം എനിക്കല്ലേ അറിയൂ എന്നു പറഞ്ഞ് സ്വപ്ന കളിയാക്കാറുണ്ട്. മക്കളെപ്പോഴും അഭിമാനമാണ്. ഒരു കുറവും മക്കളുണ്ടായതിൽപ്പിന്നെ ഞങ്ങൾക്കുണ്ടായിട്ടില്ല. മക്കൾക്കൊപ്പം അവർക്കാവശ്യമുള്ളതെല്ലാം ദൈവം തരുന്നുണ്ട്. ഇപ്പോഴിതാ ഈ വീടും” എണ്ണിയാൽത്തീരാത്ത കൃപകൾക്കുമുന്നിൽ ശിരസ്സു നമിക്കുകയാണ് സിബി.

“എല്ലാ ദിവസവും പള്ളീപ്പോയിട്ടൊന്നും കാര്യമില്ല. കൈയിൽ കാശില്ലെങ്കിൽ എന്തിനു കൊള്ളാം? ഇത്തരത്തിലുള്ള വിമർശനങ്ങൾ ഒത്തിരി കേട്ടിട്ടുണ്ട്. എങ്കിലും എന്നും രാവിലെ മൂന്നു മണിക്കെഴുന്നേറ്റ് വീട്ടുജോലികൾ മുഴുവൻ തീർത്ത് മക്കളെയുംകൂട്ടി പള്ളിയിൽപ്പോകും. തിരിച്ചുവന്ന് അമ്മച്ചിയുടെ കാര്യങ്ങൾ നോക്കും. പിന്നെ സ്കൂളിലേക്ക്, അതായിരുന്നു പതിവ്. കൊവിഡ് ശീലങ്ങളെല്ലാം മാറ്റിമറിച്ചില്ലേ? ഇപ്പോൾ വീട്ടിൽ 24 മണിക്കൂറും മേളമാണ്. ആറുവയസ്സുകാരൻ ക്രിസ്റ്റോയ്ക്ക് പതിനെട്ടു വയസ്സുകാരൻ സിറിൾ ചേട്ടനാകുമ്പോൾ, പതിനേഴുകാരി അൽമയും പന്ത്രണ്ടു വയസ്സുകാരി മരിയയും പതിനൊന്നു വയസ്സുകാരൻ കുര്യനും ഒമ്പതു വയസുകാരി അൽഫോൻസയും കട്ടയ്ക്കു കൂടെ നിൽക്കും. തള്ളാനും കൊള്ളാനും താങ്ങാനും തലോടാനും എല്ലാം. ‘എന്നെ വിശുദ്ധനാക്കണേ’ എന്ന് ഓരോരുത്തരും പ്രാർത്ഥിക്കുമ്പോഴും കുറുമ്പു കാട്ടുമ്പോഴും കൂവിയാർക്കുമ്പോഴുമെല്ലാം മനസ്സു നിറയും. എന്റെ കുടുംബത്തിലൂടെ ദൈവത്തിന്റെ മഹത്ത്വം ലോകം അറിയണേയെന്നു പ്രാർത്ഥിക്കും” സ്വപ്ന പറഞ്ഞു.

“ആറാമത്തെ കുഞ്ഞിനെ പ്രഗ്നന്റ് ആയ സമയത്ത്, ഒരു മാസം കഴിഞ്ഞപ്പോ എനിക്കും വീട്ടിലെല്ലാവർക്കും ചിക്കൻപോക്സ് വന്നു. മരുന്നുകളൊന്നും കഴിച്ചിരുന്നില്ല. ഡോക്ടേഴ്സ് കുഞ്ഞിനെ അബോർട്ട് ചെയ്യുന്നതാണു നല്ലതെന്നഭിപ്രായപ്പെട്ടു. കുഞ്ഞിനു വൈകല്യങ്ങളുണ്ടാവും എന്നു പേടിപ്പിച്ചു. പക്ഷേ, ഞാൻ സമ്മതിച്ചില്ല. എപ്പോഴും എന്നെ ഉള്ളംകൈയിൽ കാക്കുന്നവൻ കൂടെയുള്ളപ്പോൾ ഞാനെന്തിനു പേടിക്കണം? ക്രിസ്റ്റോ, ദേ മിടുക്കനായി ഇവിടെ ഓടിനടക്കുന്നു... ഏഴാമതൊരു കുഞ്ഞിനെക്കൂടി ദൈവം തന്നതാണ്. പക്ഷേ, മൂന്നു മാസമായപ്പോൾ അവനിലെ ജീവന്റെ തുടിപ്പിനെ ഈശോ തിരിച്ചെടുത്തു. അറിഞ്ഞില്ല. എന്റെയുള്ളിൽ 15 ദിവസത്തോളം എന്റെ കുഞ്ഞ് നിശ്ചലമായിക്കിടന്നു. ജീവന്റെ ഒരംശമെങ്കിലും അവനിൽ ബാക്കിയുണ്ടായിരുന്നെങ്കിൽ ഞാനവനെ പൊന്നുപോലെ നോക്കിയേനെ. എന്തൊക്കെ കുറവുകളുണ്ടെങ്കിലും...”

അമ്മമാരുടെ ഗർഭപാത്രങ്ങളെ ‘പെറുന്ന മെഷീനെ’ന്ന് വിളിച്ചാക്ഷേപിക്കുന്നവർ, എത്ര മക്കൾക്കും ഒരേപോലെ പകുക്കാനുള്ള സ്നേഹം തുളുമ്പുന്ന അവരുടെ ഹൃദയങ്ങളെ കാണാതെ പോകുന്നതെന്തുകൊണ്ടാണ്? സ്വപ്നറ്റീച്ചർ താൻ സ്വപ്നം കണ്ട ‘കിനാശ്ശേരി’ പടുത്തുയർത്തട്ടെ. നമുക്കു മാറിനിന്ന് കരങ്ങൾ കൂപ്പാം. ■

---

നർമഭാവന

കൊഴുവനാൽ ജോസ്

## കാര്യക്ഷമതയുള്ള രണ്ടു പേർ

ജോലി കഴിഞ്ഞു തിരിച്ചുപോകാൻനേരം സോമരാജൻ ജീപ്പിന്റെ ഡ്രൈവറോടു പറഞ്ഞു:

“ഈ മുളങ്കമ്പെടുത്തു വണ്ടിയിലിട്ടേക്ക്.”

ഡ്രൈവർ അനുസരിച്ചു. ജീപ്പിന്റെ പിൻഭാഗത്ത് ഉദ്ദേശ്യം ഒരു മീറ്റർ പുറത്തേക്കു തള്ളിനിന്നിരുന്ന മുളങ്കമ്പ് ഓടുന്ന ജീപ്പിൽക്കിടന്ന് കുച്ചിപ്പുടിയാടി. വളവിനപ്പുറത്ത് റോഡ്സൈഡിൽ വണ്ടിയൊതുക്കി വാഹനപരിശോധനയ്ക്കു നിന്ന പോലീസ് സോമരാജന്റെ ജീപ്പ് തടഞ്ഞു. അദ്ദേഹം ജീപ്പിന്റെ രേഖകളുമായി ഏമാന്റെ മുമ്പിൽ ഓച്ഛാനിക്കാതെ നിന്നു.

എല്ലാം കറക്ട്.

“ഒരഞ്ഞൂറു രൂപ അടച്ചിട്ടു പൊയ്ക്കോളൂ..!”

“എന്തിനാ സാറേ...?”

മുളങ്കമ്പിലേക്കു കൈ ചൂണ്ടിയിട്ട് ഏമാൻ പറഞ്ഞു:

“-നിയമലംഘനം...! ആ മുള പുറത്തേക്കു തള്ളി നില്ക്കുന്നു. അതു നിയമവിരുദ്ധമാണ്...!”

സോമരാജൻ ഇരുട്ടിൽ തപ്പി. തപ്പുന്നതിനിടയിൽ ഏമാന്റെ ജീപ്പിൽ കണ്ണുകളുടക്കി. ഒരു പുതിയ ഫ്രിഡ്ജ് പ്ലാസ്റ്റിക് പേപ്പർ പുതച്ച് ജീപ്പിനുള്ളിൽ കിടന്നുറങ്ങുന്നു.



“വേഗം പൈസയടയ്ക്ക്... എനിക്കു പോകണം..!”

“സാറ് പോകാൻ വരട്ടെ...! ആ ഫ്രിഡ്ജിന്റെ ബില്ല് എനിക്കൊന്നു കാണണം...!”

“ബില്ലു ചോദിക്കാൻ നിങ്ങളാരാ...?”

സോമരാജൻ പോക്കറ്റിൽ കിടന്ന ഐ.ഡി. കാർഡ് എടുത്തു കാണിച്ചു. ജി.എസ്.റ്റി. ഓഫീസർ! ഏമാൻ വിരണ്ടു. പിന്നെ അട്ടപോലെ ചുരുണ്ടു. പിന്നെ പറഞ്ഞു:

“കടയിൽനിന്നു ബില്ല് തന്നില്ല...!”

“ഒരു രണ്ടായിരത്തിനാനൂറ് രൂപ അടച്ചാൽ സാറിനു പോകാം...!”

“സോറി സാർ... അത്രയും പൈസ കൈവശമില്ല...!” ഏമാൻ സോമരാജന്റെ കൈ പിടിച്ചു. വേണ്ടിവന്നാൽ കാലുപിടിക്കാനും ഏമാൻ തയ്യാറായിരുന്നു. ഒടുവിൽ സോമരാജന്റെ ജീപ്പ് ഏമാനോ ഏമാന്റെ വണ്ടി സോമരാജനോ കണ്ടിട്ടേയില്ലെന്ന ധാരണയിൽ പരസ്പരം കൈകൊടുത്തു പിരിഞ്ഞു. ■




**ഒക്ടോബർ 3**
**ഏലിയ സ്ലീവാ മൂശ**
**ആറാം ഞായർ**

**നിയ 9:13–24**
**ഏശ 26:1–11**
**ഫിലി 4:4–9**
**മത്താ 15:21–28**

# അല്പം യാചിക്കുന്നവന് അധികം വിളമ്പുന്നവൻ



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

മതിലുകളില്ലാത്ത മണ്ണിൽ ജീവിച്ചവനാണ് മനുഷ്യപുത്രൻ. അതിരുകൾ നോക്കാതെ അനുഗ്രഹങ്ങൾ നൽകിക്കൊണ്ടാണ് അവൻ നടന്നത്. അവന്റെ മരണക്കിടക്കയായ മരക്കുരിശിന്റെ മഹത്ത്വവും സാർവത്രികതയും അതുതന്നെയാണ്. പൂർണശരണത്തോടെ ക്രൂശിനെ പുണരുന്ന ആർക്കും കണക്കെഴാത്ത കൃപകൾ കൈവശമാക്കാൻ കഴിയുന്നുണ്ട്. ഈയൊരു സത്യപ്രഭയിലേക്കു മിഴിതുറപ്പിക്കുന്ന വചനഭാഗങ്ങളാണ് ധ്യാനവിഷയങ്ങളായുള്ളത്.

ഒന്നാം വായനയിലെ ചിന്തകൾ തിന്മയുടെ തിക്തഫലങ്ങളെപ്പറ്റിയുള്ളവയാണ്. പാപിയുടെ പേരുപോലും പാരിൽ അവശേഷിക്കില്ലെന്ന മുന്നറിയിപ്പ് വചനങ്ങളിലുണ്ട്. കല്പനകളുടെ ലംഘനം കർത്താവിനെ കുപിതനാക്കും. ഉടച്ചുകളയേണ്ടവയല്ല കർത്തൃകല്പനകളുടെ കല്ഫലകങ്ങൾ. ദൈവത്തിന്റെ ക്രോധത്തിനല്ല, കൃപയ്ക്കാണ് നാം ദിനംപ്രതി പാത്രമാകേണ്ടത്. ആകയാൽ, ദുഷ്കർമങ്ങളും ദുശ്ശാഠ്യങ്ങളും ദൂരെയകറ്റി പതിരില്ലാത്ത പശ്ചാത്താപത്തോടെ തിരിഞ്ഞുനടക്കണം. സുകൃതസമ്പന്നമായ ജീവിതത്താൽ സർവേശ്വരന്റെ സംപ്രീതി സമ്പാദിക്കണം. നമ്മുടെ ജീവിതതാഴ്വാരത്ത് അറിഞ്ഞോ അല്ലാതെയോ നാം നിർമിച്ചു നമസ്കരിക്കുന്ന 'വിഗ്രഹങ്ങളെ' തച്ചുടയ്ക്കാനുള്ള താക്കീതുകൂടിയാണിത്.

രണ്ടാം വായനയിലെ ചിന്തകൾ ശക്തനായ ദൈവത്തിൽ ശരണപ്പെടുന്നവർക്കുള്ള സുനിശ്ചിതമായ സംരക്ഷണത്തെയും ശാശ്വതമായ വിജയത്തെയും സംബന്ധിക്കുന്നവയാണ്. ദൈവത്തിനുവേണ്ടി ദാഹിക്കുന്നവരും അവിടുത്തെ തേടുന്നവരുമായി മാറാനുള്ള നിയോഗമാണ് മക്കളായ നമുക്കുള്ളതെന്നു മറക്കാറുണ്ടോ? നമ്മുടെ അന്തർദാഹവും അഭിലാഷവും അന്വേഷണവും ആഭിമുഖ്യവുമൊക്കെ ആരോടാണ്, എന്തിനോടാണ്? പാദം തെന്നുന്ന, പിടി വഴുതിപ്പോകുന്ന പാറകളെയാണോ ഇപ്പോഴും നാം അതിജീവനത്തിനായി ആശ്രയിക്കുന്നത്? നീതിയുടെ നിരത്തിലൂടെ നടന്ന് വിശ്വസ്തതയുടെ കവാടത്തിലൂടെ കടന്ന് കർത്താവിന്റെ കരുതലും കരുണയും കൈവരിക്കാൻ പ്രവാചകവചസ്സുകൾക്കു കാതോർക്കാം.

മൂന്നാം വായനയിലെ ചിന്തകൾ ജീവിതത്തിന്റെ ആനന്ദവും ആഘോഷവുമൊക്കെ ഒരു മഹാമാരി വെട്ടിക്കുറച്ച് മനുഷ്യമനസ്സുകളിൽ മരണഭീതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കർത്താവിൽ സദാ സന്തോഷിക്കാനും സമാധാനം സ്വായത്തമാക്കാനുമുള്ള ക്രിസ്തുശിഷ്യരുടെ കർത്തവ്യവുമായി ബന്ധപ്പെട്ടവയാണ്. ജനിമൃതികൾക്കിടയിലെ ജീവിതകാലത്ത് നമ്മുടേതാക്കാൻ നാം വല്ലാതെ വാഞ്ഛിക്കുന്ന ഇരട്ടഭാഗ്യങ്ങളല്ലേ സന്തോഷവും സമാധാനവും? ഇവ സ്വന്തമാക്കാൻ നമ്മുടെ ചിന്തകളും ചെയ്തികളും ഒരുപോലെ ചന്തമുള്ളവയായിരിക്കണം. വിശുദ്ധിയുടെ വെളിച്ചമുള്ള 'വിണ്ണിലേക്കുയരുന്ന' വിചാരങ്ങളാണ് നമ്മിൽ നിറയേണ്ടത്. മനോവ്യാപാരങ്ങൾ മലിനമുക്തമാകുമ്പോൾ കർമങ്ങളും കാതലുള്ളവയാകും. എന്തൊക്കെയാണ് നമ്മുടെ ആനന്ദകാരണങ്ങൾ? എവിടെയൊക്കെയാണ് നാം ശാന്തി തിരയുന്നത്? ഓർക്കണം, സ്വർഗം തരുന്ന സന്തോഷസമാധാനങ്ങളാണ് സുസ്ഥിരം. അവ അനുഭവിക്കുമ്പോഴാണ് നമ്മുടെ വിശ്വാസജീവിതം അനുഗൃഹീതമാകുക. നസ്രായനെ നോക്കാത്തതുകൊണ്ടല്ലേ നമ്മുടെ നയനങ്ങൾ നിറയുന്നത്? ക്രിസ്തീയജീവിതം കുറെക്കൂടി കാമ്പും കഴമ്പും അർഹിക്കുന്നുണ്ട്. പൗലോസ് ശ്ലീഹായെപ്പോലെ വിശ്വാസകാര്യങ്ങളിൽ മറ്റുള്ളവർക്ക് ഒരു പാഠപുസ്തകമാകാൻ കഴിഞ്ഞിട്ടുണ്ടോയെന്നു പരിശോധിക്കുന്നതു നന്നായിരിക്കും.




സുവിശേഷത്തിലെ ചിന്തകൾ കേവലമൊരു 'അപ്പത്തിലും' തൃപ്തിയുടെ അങ്ങേയറ്റം കണ്ട് കർത്താവിനെ സമീപിച്ച കാനാൻകാരിയായ ഒരു അമ്മമനസ്സിനെപ്പറ്റിയാണ്. ശരിയാണ്, അന്വേഷിക്കേണ്ട ആദ്യപോംവഴിയാണ് ദൈവം. കനിവിന്റെ കടാക്ഷവും, സ്വപുത്രിയുടെ സൗഖ്യവരവുമായിരുന്നു അവളുടെ ആവശ്യങ്ങൾ. അവ നേടാനായി കർത്താവുമായി വാദപ്രതിവാദങ്ങളുടെ ഒരു 'വടംവലി'തന്നെ അവൾ നടത്തി. അവളുടെ കരഞ്ഞുകലങ്ങിയ കണ്ണുകളിൽ വലിയ വിശ്വാസത്തിന്റെ വെള്ളിത്തിളക്കം കർത്താവു കണ്ടു. ഒടുവിൽ, കർത്തൃപക്ഷം 'തോറ്റു' എന്നു തോന്നുമാറ് മുറിവരത്തിനായി മുറവിളിച്ചവൾക്കു മുഴുവരവും അവൻ കൊടുത്തു. ഉച്ചരിക്കുന്നപോലെ ഉള്ളിൽ ഉളവാക്കാൻ അത്ര എളുപ്പമുള്ള പദമല്ല 'തൃപ്തി'. 'മതിയായി' എന്നു പറയാൻ ഒരായുസ്സുതന്നെയും ചിലപ്പോൾ മതിയാകില്ല. ഒന്നിൽ തോന്നുന്ന തൃപ്തി മറ്റൊന്നിലുള്ള അതൃപ്തിയുടെ തുടക്കമല്ലേ? എന്നാൽ, കർത്താവിന്റെ തുപ്പൽത്തുള്ളിയിലും വസ്ത്രത്തുമ്പിലുമൊക്കെ സമ്പൂർണതൃപ്തിയടഞ്ഞ സുവിശേഷകഥാപാത്രങ്ങളുണ്ട്. അധികത്തിനായല്ല, അല്പത്തിനായാണ് അവരൊക്കെ അതിയായി ആഗ്രഹിച്ചത്. എന്നാൽ, വിശപ്പടക്കാൻ മാത്രമല്ല, മിച്ചം വരാൻ മാത്രം അവൻ അവർക്കൊക്കെ വിളമ്പി. 'നുറുങ്ങുവരം' എന്നൊന്നില്ല. നൂറു ശതമാനവും നല്കുന്ന നന്മയാണവൻ. വരമ്പുകൾ നോക്കാതെ വരമണികൾ വാരിവിതറുന്നവൻ. വരങ്ങളൊന്നും താഴെ വീണു കിട്ടുന്നതല്ല. ദൈവം അറിഞ്ഞരുളുന്നതാണ്. അവ സ്വീകരിക്കാനുള്ള വിശ്വാസത്തുറവ് നമുക്കുണ്ടാകണം.

വിശ്വാസമാണ് വിമോചനത്തിലേക്കു വിരിയുന്ന വാതിൽ. വിശ്വാസജീവിതത്തിലെ വിലങ്ങുതടികളെ ചവിട്ടുപടികളാക്കുന്നവർക്കാണ് വരസമൃദ്ധിയുണ്ടാകുക. പ്രതിസന്ധികളിൽ പിന്തിരിയാതെ കൂടുതൽ ഉച്ചത്തിൽ പ്രലപിക്കാൻ പരിശ്രമിക്കണം. മുതലാളിയുടെ മേശയിൽനിന്നു വീഴുന്നവകൊണ്ടു വിശപ്പടക്കാൻ ആശിച്ചെങ്കിലും കിട്ടാതെപോയ ലാസറിന്റേത് ഇന്നും ഉണങ്ങാത്ത മുറിവുകളാണ്. വിഭവസമൃദ്ധമായ ഊട്ടുമുറികളും വെളിയിൽ വിശക്കുന്ന വയറുകളും വാഴ്വിൽ ഇപ്പോഴും വേണ്ടുവോളമില്ലേ? എന്നാൽ, വീഴുന്നവ ചോദിക്കുന്നവർക്ക് വീഴാത്തവ കൊടുക്കുന്നവന്റെ പേരാണ് ക്രിസ്തു. തുണ്ടുകൾകൊണ്ടു തൃപ്തിപ്പെടാൻ തയ്യാറാകുന്നവർക്ക് തൊണ്ടയറ്റം അനുഗ്രഹത്തിന്റെ അപ്പം ദാനമേകുന്ന ദൈവപരിപാലനയുടെ ധരയിലേക്കു നീണ്ട കരമാണവൻ. വിട്ടുകൊടുക്കാതെ അവനെ കൂട്ടുപിടിക്കുന്നവർക്കേ അവൻ വരങ്ങൾ വിട്ടുതരൂ. വിശുദ്ധമായ വാശികൾ വിശ്വാസജീവിതത്തിന്റെ ചേലു വർദ്ധിപ്പിക്കും. അനർത്ഥങ്ങളുടെ അടമഴയെ കൈവിരലുകൾ ചേർത്തു തടയാൻ നമുക്കാവില്ല. പക്ഷേ, ക്രിസ്തുവാകുന്ന കുട വിടർത്തിപ്പിടിക്കാനാവും. അവനെ മുറുകെപ്പിടിക്കുന്നവർക്കാണ് സന്താപങ്ങളിലും അന്തമില്ലാതെ സന്തോഷിക്കാൻ സാധിക്കുക. കാനാൻകാരി എന്നെങ്കിലും നമ്മെ ലജ്ജിപ്പിച്ചിട്ടുണ്ടോ?

■


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**




വിശുദ്ധ യൂദാശ്ലീഹായുടെ
മാധ്യസ്ഥ്യത്താൽ
ഉദിഷ്ടകാര്യം സാധിച്ചതിന് നന്ദി
**ഒരു വിശ്വാസി**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ജയ മുരളീധരൻ**
**പൂഞ്ഞാർ**

**പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന**



പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ലെസ്‌ലി**



# ഹൃദയപക്ഷത്തെ നെടുവീർപ്പുകൾ

## കേരളത്തിൽ ഹൃദ്രോഗികളുടെ എണ്ണം അതിഭീഷണമായി ഉയരുന്നു

## സെപ്റ്റംബർ 29 : ലോകഹൃദയദിനം



ഡോ. ജോർജ് തയ്യിൽ

പബ്ലിക് ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയും ഹാർവാർഡ് സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തും സംയുക്തമായി ഇന്ത്യയിലെ 27 സംസ്ഥാനങ്ങളിൽനിന്നുള്ള എട്ടുലക്ഷം പേരെ ഉൾപ്പെടുത്തി നടത്തിയ ബൃഹത്തായ ഗവേഷണനിരീക്ഷണങ്ങളുടെ ഫലം കഴിഞ്ഞ വർഷം പ്ലോസ് മെഡിസിൻ ജേർണലിൽ പ്രസിദ്ധീകരിക്കപ്പെട്ടു. 34 – 70 വയസ്സിനിടയ്ക്കുള്ളവരെയാണ് മൂന്നു വർഷക്കാലത്തോളം പഠനവിധേയമാക്കിയത്. ഇന്ത്യയിൽ അപകടകരമാംവിധം വർദ്ധിച്ചുവരുന്ന ഹൃദ്രോഗികളുടെ എണ്ണവും അതിനുള്ള പ്രധാന കാരണങ്ങളുമായിരുന്നു പഠനവിഷയം.

നഗരവാസികളെയും ഗ്രാമീണരെയും വേർതിരിച്ചുനടത്തിയ പഠനത്തിൽ ഏറെ വിസ്മയിപ്പിക്കുന്ന വിവരങ്ങളാണു പുറത്തുവന്നത്. ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ ഹൃദ്രോഗതീവ്രതയുടെ കാര്യത്തിൽ കേരളം തന്നെ ഏറ്റവും മുന്നിൽ. കേരളത്തിലെ 19.90 ശതമാനം ആൾക്കാരിലും ഹൃദ്രോഗസാധ്യത ആപത്കരമാംവണ്ണം വർദ്ധിച്ചുകണ്ടു. തൊട്ടുപിന്നിൽ പശ്ചിമബംഗാൾ (19.12), ഹിമാചൽപ്രദേശ് (18.97 ശതമാനം). 1993 ൽ കേരളത്തിലെ ഹൃദ്രോഗസാധ്യത 1.4 ശതമാനം മാത്രമായിരുന്നുവെന്നോർക്കണം. അവിടെനിന്ന് രണ്ടര ദശകംകൊണ്ട് 19.90 ശതമാനത്തിലേക്കുള്ള കുതിപ്പു നിർണായകമായി. പഠനത്തിൽ, സാമ്പത്തികമായി താഴേക്കിടയിലുള്ളവരിൽ പുകവലി പ്രധാന ഹൃദ്രോഗകാരണമായി പരിഗണിക്കപ്പെട്ടപ്പോൾ, മേൽത്തട്ടിലുള്ളവരിൽ ഉയർന്ന രക്തസമ്മർദവും വർദ്ധിച്ച കൊളസ്ട്രോളും പ്രമേഹവും അമിതവണ്ണവും ഹൃദ്രോഗത്തിനു കാരണമായി.

2016 ൽ നടന്ന മറ്റൊരു പഠനത്തിൽ ഇന്ത്യയിൽ ഹൃദയധമനീരോഗങ്ങളുള്ളവരുടെ സംഖ്യ 54.5 ദശലക്ഷമാണ്. നാലിൽ ഒരാളെന്ന കണക്കിനാണ് ഹൃദയധമനീരോഗങ്ങൾ ജീവനപഹരിച്ചെടുക്കുന്നത്. ഹൃദ്രോഗാനന്തരമുള്ള മരണം 1980 ൽ 15 ശതമാനമായിരുന്നത് 2013 ആയപ്പോൾ 32 ശതമാനമായി ഉയർന്നു. 2018 –19 ലെ ഒരു സർവേപ്രകാരം 40–69 വയസ്സിനിടയ്ക്കുള്ളവരിലുള്ള ഹൃദ്രോഗാനന്തരമരണസംഖ്യ കേരളത്തിൽ 37.8 ശതമാനം വരെയെത്തി. 70 വയസ്സു കഴിഞ്ഞവരിൽ ഈ സംഖ്യ 45.7 ശതമാനത്തോളമായി. 63,000 പേരാണ് ഹാർട്ടറ്റാക്കുമൂലം കേരളത്തിൽ പ്രതിവർഷം മരണമടയുന്നത്. ഇന്ത്യയിൽ ശരാശരി 29 ശതമാനംപേർ ഹൃദ്രോഗാനന്തരം മരിക്കുമ്പോൾ കേരളത്തിലത് 40 ശതമാനത്തിൽ കൂടുന്നു. 2030 ആകുമ്പോൾ ഇന്ത്യയിലാകമാനം 35 ശതമാനം പേർ ഹൃദയാഘാതം മൂലം മരണപ്പെടുമെന്നു കണക്കാക്കപ്പെടുന്നു.

30 വയസ്സിനു താഴെയുള്ളവർ ഹൃദയാഘാതവുമായി ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിക്കപ്പെട്ട് ചികിത്സ ലഭിച്ചശേഷം അടുത്ത പത്തുവർഷക്കാലത്തെ അതിജീവനസ്വഭാവം നിരീക്ഷിച്ചപ്പോൾ 30 ശതമാനം പേരും മരണത്തിനു കീഴടങ്ങിയതായിക്കണ്ടു. 20 വർഷം കഴിഞ്ഞപ്പോൾ 48 ശതമാനംപേർ മരണപ്പെട്ടു.

മുതിർന്നവരെക്കാൾ വളരെക്കൂടുതലായി ചെറുപ്പക്കാരിൽ കണ്ട ഹൃദ്രോഗാനന്തരമരണസംഖ്യയുടെ കാരണം പ്രധാനമായും ചികിത്സ ലഭിക്കുന്നതിലുള്ള താമസമായിരുന്നു. 38 ശതമാനം പേരും ചികിത്സ പ്രയോജനപ്പെടുന്നതിന്റെ സമയപരിധികഴിഞ്ഞാണ് ആശുപത്രിയിലെത്തിയത്. ഹാർട്ടറ്റാക്കുണ്ടായശേഷം പ്രാഥമികചികിത്സകൾ (പ്രൈമറി ആൻജിയോപ്ലാസ്റ്റി, രക്തക്കട്ട അലിയിപ്പിച്ചുകളയുന്ന ത്രോംബോലൈറ്റിക് തെറാപ്പി) ഒരു നിശ്ചിതസമയപരിധിക്കുള്ളിൽ ലഭിച്ചാലേ പ്രയോജനമുണ്ടാകൂ എന്നു മനസ്സിലാക്കണം. 'ഗോൾഡൻ പീരീഡ്' ഒന്നര മണിക്കൂറാണ്. ഈ സമയപരിധിക്കുള്ളിൽ രോഗിയെ പ്രൈമറി ആൻജിയോപ്ലാസ്റ്റി ചെയ്യാൻ സാധിച്ചാൽ, കട്ടിയാകാത്ത രക്തക്കട്ട മാറ്റി ഇടുങ്ങിയ കൊറോണറി ആർട്ടറി വികസിപ്പിച്ച് അവിടെ കൃത്യമായി ഒരു സ്റ്റെന്റ് സ്ഥാപിക്കാൻ സാധിക്കും. മൃതപ്രായമായെങ്കിലും ഇനിയും ചത്തിട്ടില്ലാത്ത ഹൃദയകോശങ്ങളിലേക്കും രക്തമെത്തിച്ചുകൊടുക്കാൻ ഇതുവഴി സാധിക്കും. രക്തദാരിദ്ര്യത്താൽ ശ്വാസം മുട്ടുന്ന ഹൃദയകോശങ്ങൾ പ്രാണവായുവും പോഷകപദാർത്ഥങ്ങളും സ്വീകരിച്ച് പൂർവസ്ഥിതിയിലാകുകയും ഹൃദയപ്രവർത്തനം സന്തുലിതമാകുകയും ചെയ്യും.

ഹാർട്ടറ്റാക്കുമായി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട 95 ശതമാനം ആൾക്കാരിലും പരമ്പരാഗതമായ ആപത്ഘടകങ്ങളുടെ അതിപ്രസരം കണ്ടു. 88.3 ശതമാനം പേരിൽ കൊളസ്ട്രോൾ അമിതമായി വർദ്ധിച്ചതായി കാണുകയുണ്ടായി. പുകവലി (63.5 ശതമാനം), മദ്യപാനം (20.8 ശതമാനം), അമിതരക്തസമ്മർദം (8.8 ശതമാനം), പ്രമേഹം (4.4 ശതമാനം) എന്നിങ്ങനെ വിവിധ ആപത്ഘടകങ്ങൾ ഹൃദ്രോഗത്തിനു കാരണമായി. 4.4 ശതമാനം പേരിൽ വ്യക്തമായ ആപത്ഘടകങ്ങൾ കാണുവാൻ സാധിച്ചില്ല. മറ്റൊരു സവിശേഷത കണ്ടത്, ഹാർട്ടറ്റാക്കിനുള്ള ചികിത്സകഴിഞ്ഞ് ആശുപത്രി വിട്ടുപോയതിനുശേഷവും നല്ലൊരു ശതമാനം പേർ ഡോക്ടറുടെ നിർദേശങ്ങൾ പാലിക്കാതെ തങ്ങളുടെ ദുശ്ശീലങ്ങൾ തുടർന്നുകൊണ്ടുപോയി എന്നതാണ്. തുടർന്ന് പുകവലിച്ചുകൊണ്ടിരുന്നവർ 34 ശതമാനം, മദ്യപിച്ചവർ 16.8 ശതമാനം, വ്യായാമം ചെയ്യാതിരുന്നവർ 50 ശതമാനം, ചികിത്സകൻ നിഷ്കർഷിച്ച മരുന്നുകൾ നിർത്തിയവർ 41 ശതമാനം, ഭക്ഷണച്ചിട്ടകൾ പാലിക്കാത്തവർ 79 ശതമാനം. അപ്പോൾ ചെറുപ്പക്കാരിലെ വർദ്ധിച്ച മരണശതമാനത്തിന്റെ കാരണങ്ങൾ ഇവയൊക്കെത്തന്നെ.



സാക്ഷരതയിലും ആയുർദൈർഘ്യത്തിലും വേറിട്ടുനിൽക്കുന്ന കേരളത്തിൽ ഹൃദ്രോഗവും മറ്റു ജീവിതശൈലീരോഗങ്ങളായ രക്താതിമർദം, പ്രമേഹം, അമിതവണ്ണം തുടങ്ങിയവയും കുറഞ്ഞ തോതിലേ കാണുകയുള്ളൂവെന്ന് അനുമാനിക്കേണ്ടതാണ്. എന്നാൽ, വാസ്തവം അതിനു വിപരീതം. അതുതന്നെയാണ് കേരളപാരഡോക്സ്. ഹൃദ്രോഗവും അതിലേക്കു നയിക്കുന്ന അനുബന്ധജീവിതശൈലീരോഗങ്ങളും ഇന്ത്യൻ ശരാശരിയെക്കാൾ ഏറെ മുന്നിൽ. വളരെ ചെറുപ്പത്തിലേ തുടങ്ങുന്ന ധമനികളിലെ ജരിതാവസ്ഥയുടെ അനന്തരഫലമായി ഹൃദ്രോഗാനന്തരമരണം കേരളത്തിലെ പുരുഷന്മാരിൽ 60 ശതമാനവും സ്ത്രീകളിൽ 40 ശതമാനവും 65 വയസ്സിനു മുമ്പായി സംഭവിക്കുന്നു. ഇവിടെ ആദ്യത്തെ ഹാർട്ടറ്റാക്കുണ്ടാകുന്നത് ഇതര സംസ്ഥാനങ്ങളിലുള്ളവരെക്കാൾ പത്തു വയസ്സിനു മുമ്പായിട്ടാണ്.

രോഗങ്ങളെ പേടിക്കാത്തവരാണ് മലയാളികൾ. പ്രത്യേകിച്ചും ജീവിതശൈലീരോഗങ്ങളെയും പകർച്ചവ്യാധികളെയും. കൊവിഡ്-19 രോഗം തുടങ്ങിയശേഷം ഈ സെപ്റ്റംബർ അവസാനംവരെയുള്ള കണക്കുകൾ പരിശോധിച്ചാൽ ലോകത്തു മരണപ്പെട്ടത് ഒരു ദശലക്ഷം പേരാണ്. ഇതിൽ നല്ലൊരു ശതമാനം പേർക്ക് ഹൃദ്രോഗംകൂടിയുണ്ടായിരുന്നുവെന്നോർക്കണം. വാസ്തവം അറിയേണ്ടത് ഹൃദ്രോഗാനന്തരം പ്രതിവർഷം ലോകത്ത് 17.9 ദശലക്ഷം പേർ മൃത്യുവിനിരയാകുന്നുവെന്നതാണ്.

ഹൃദ്രോഗത്തെ പ്രതിരോധിക്കുവാൻ സാധിക്കുമോ? തീർച്ചയായും! ജീവിതക്രമം ചിട്ടയിലാക്കി ഹൃദ്രോഗത്തിലേക്കു നയിക്കുന്ന ആപത്ഘടകങ്ങളുണ്ടെങ്കിൽ അവയെ കാലോചിതമായി പിടിയിലൊതുക്കി മുമ്പോട്ടു പോയാൽ ഹൃദ്രോഗം വരാതിരിക്കാൻ 90 ശതമാനം വരെ സാധിക്കും.

52 രാജ്യങ്ങളിൽനിന്നായി 27,000 ആൾക്കാരെ ഉൾപ്പെടുത്തി, കാനഡയിലുള്ള മലയാളിയായ പ്രഫ. സലിം യൂസഫ് നടത്തിയ ബൃഹത്തായ 'ഇന്റർഹാർട്ട്' പഠനത്തിൽ ഒൻപത് ആപത്ഘടകങ്ങളുടെ (പുകവലി, രക്താതിമർദം, വർദ്ധിച്ച കൊളസ്ട്രോൾ, പ്രമേഹം, ദുർമേദസ്സ്, വ്യായാമരാഹിത്യം, വികലമായ ഭക്ഷണരീതി, മദ്യസേവ, സ്ട്രെസ്സ്) അതിപ്രസരം 90 ശതമാനത്തോളം ഹൃദ്രോഗമുണ്ടാക്കുവാൻ ഹേതുവാകുന്നുവെന്നു തെളിഞ്ഞു. ഈ ആപത്ഘടകങ്ങളെ കണ്ടെത്തി സമുചിതമായി നിയന്ത്രിക്കുകവഴി 90 ശതമാനംവരെ ഹൃദ്രോഗത്തിന്റെ പിടിവിട്ട് നിൽക്കാമെന്നു തെളിഞ്ഞു. ഹൃദ്രോഗത്തിനു കാരണമാകുന്ന പാരമ്പര്യസഹജവും ജനിതകവുമായ 10 ശതമാനം ഘടകങ്ങളെ മാത്രമാണു നിയന്ത്രണവിധേയമാക്കാൻ സാധിക്കാത്തവ. ഇന്ത്യൻ ശരാശരിയെക്കാൾ വളരെക്കൂടുതലായി മലയാളികളിൽ കാണുന്ന ആപത്ഘടകങ്ങളുടെ രൂക്ഷത അറിയേണ്ടേ? വർദ്ധിച്ച കൊളസ്ട്രോൾ 52.3 ശതമാനം, അമിതരക്തസമ്മർദം 38.6 ശതമാനം, പ്രമേഹം 15.2 ശതമാനം, പുകവലി 28.1 ശതമാനം. കേരളത്തിൽ പ്രതിവർഷം 65,600 പേർ ഉയർന്ന രക്തസമ്മർദത്തിന്റെ പ്രത്യാഘാതംമൂലം മരണപ്പെടുന്നുവെന്ന് കണക്കുകൾ പറയുന്നു. ഇന്നു കേരളത്തിൽ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ പരിശോധനകൾക്കായി എത്തുന്ന 40 ശതമാനം പേർക്കും ഉയർന്ന പ്രഷറുണ്ട്. 2016 ൽ നടന്ന ഒരു സർവെയിൽ രക്താതിമർദമുള്ളവരിൽ 66.1 ശതമാനം പേരും ചികിത്സയെടുക്കുന്നില്ലായെന്നോർക്കണം. ഇനി 40 ശതമാനത്തോളം പേർക്ക് തങ്ങൾക്ക് പ്രഷർ വർദ്ധിച്ചിട്ടുണ്ടെന്ന് അറിയില്ല. അതുപോലെ, ഭക്ഷണഭ്രാന്തരായ മലയാളികളിൽ പകുതിയിലധികം പേർക്കും വർദ്ധിച്ച കൊളസ്ട്രോളുമുണ്ട്.

ഹൃദ്രോഗചികിത്സയുടെ കടിഞ്ഞാൺ പ്രതിരോധപ്രക്രിയയിലാണിരിക്കുന്നതെന്നോർക്കണം. അതിനുള്ള അവബോധം മലയാളികൾക്കുണ്ടാകണം. ഹൃദ്രോഗപരിശോധനയും ചികിത്സയും ഏറെ ചെലവുള്ളതാണ്. ചികിത്സിച്ച് കുടുംബത്തിന്റെ നടുവൊടിക്കുന്നതിനെക്കാൾഭേദം രോഗം വരാതെ നോക്കുകയാണ്. നല്ലൊരു ഡോക്ടറും വലിയൊരാശുപത്രിയും അടുത്തുണ്ടെങ്കിൽ പിന്നൊന്നും പേടിക്കേണ്ട എന്ന തെറ്റായ ധാരണ വെടിയണം.

ലേഖകൻ എറണാകുളം ലൂർദ് ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റാണ്.

# വിശുദ്ധപാതകൾ വിഷലിപ്തമാക്കരുത്



മണി ജെ. മാഞ്ഞൂക്കുളം


വിശുദ്ധയായ തെരീസാ ന്യൂമാന്റെ വിസ്മയകരമായ ജീവിതത്തെക്കുറിച്ചു ഞാൻ അറിയുന്നത് പ്രസിദ്ധ യോഗിയായ പരമഹംസയോഗാനന്ദന്റെ ആത്മകഥ വായിച്ചപ്പോഴാണ്. അമേരിക്കയിൽ ആദ്യമായി യോഗവിദ്യ പ്രചരിപ്പിച്ച പരമഹംസയോഗാനന്ദൻ ഈ പുണ്യവതിയെ സന്ദർശിക്കുന്നത് 1935 ലാണ്. 1898 ലെ ദുഃഖവെള്ളിയാഴ്ച ജനിച്ച വിശുദ്ധ തെരീസ ഈ ലോകത്തോടു വിടപറയുന്നത് 1962 സെപ്റ്റംബർ 18-ാം തീയതിയും.

അറുപത്തിനാലുവർഷം മാത്രം ഈ ഭൂമിയിൽ ജീവിച്ച ആ പുണ്യവതിയുടെ ജീവിതം അത്യന്തം സംഭവബഹുലവും രോമാഞ്ചജനകവുമാണ്. ഇരുപതു വയസ്സിൽ ഒരു അപകടത്തെത്തുടർന്ന് അവരുടെ ശരീരം തളരുകയും അന്ധയാവുകയും ചെയ്തു. എന്നാൽ, 'ചെറുപുഷ്പം' എന്ന അപരനാമമുള്ള ലിസ്യൂവിലെ വിശുദ്ധ തെരേസയോടുള്ള തീവ്രപ്രാർത്ഥനയിലൂടെ അന്ധത മാറുകയും കൈകാലുകൾ സുഖപ്പെടുകയും ചെയ്തു.

ലോകം അത്യദ്ഭുതത്തോടെ ഈ മഹതിയെ ആദരിക്കാനും വിശ്വസിക്കാനുമുള്ള കാരണം ഇതൊന്നുമല്ല. ഒരുപക്ഷേ, ഇന്നത്തെ തലമുറയ്ക്കു വിസ്മയകരമായ ചില സവിശേഷതകളാണ്. അവയിലൊന്ന് പ്രാർത്ഥനയിലൂടെ ജീവിതം വീണ്ടെടുത്തശേഷം അവർ ആഹാരം കഴിക്കാറില്ലായിരുന്നു എന്നതാണ്. അതായത്, ഇരുപത്തഞ്ചാമത്തെ വയസ്സു മുതൽ അറുപത്തിനാലാം വയസ്സിൽ ഈ ലോകത്തോടു വിടപറയുന്നതുവരെ - ഏതാണ്ട് നാലു പതിറ്റാണ്ടോളം - ഒരു ഭക്ഷണവും കഴിച്ചിരുന്നില്ല. വിശുദ്ധ കുർബാനയുടെ ഒരുതരി അപ്പമല്ലാതെ മറ്റൊന്നും ഇക്കാലയളവിൽ ഈ പുണ്യവതിയുടെ നാവിനെ സ്പർശിച്ചിട്ടില്ല. മറ്റൊന്ന്, ക്രിസ്തുദേവന്റെ പീഡാനുഭവങ്ങൾ എല്ലാ വെള്ളിയാഴ്ചകളിലും ഇവർ അനുഭവിച്ചിരുന്നു എന്നതാണ്. ശിരസ്സിലും മാറിലും കൈകാലുകളിലും തിരുമുറിവുകൾ പ്രത്യക്ഷപ്പെടുകയും അവയിലൂടെ രക്തം വരികയും ചെയ്തിരുന്നു. കോണേർസ്രോയിത്ത് എന്ന ഗ്രാമത്തിലാണ് അവർ ജീവിച്ചിരുന്നത്. ജർമൻഭാഷമാത്രം അറിയാവുന്ന തെരീസ വെള്ളിയാഴ്ചകളിലെ ഈ പീഡാനുഭവസമയത്ത് പ്രാചീനഭാഷയായ അരമായിക്കിലെ ചില പദങ്ങൾ ഉരുവിട്ടിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭം ആധുനികശാസ്ത്രത്തിന്റെ തുടക്കക്കാലംകൂടിയാണല്ലോ. തിരുസ്സഭയുടെ അനുവാദത്തോടെതന്നെ ഈ മഹതിയെ ഒട്ടേറെ ശാസ്ത്രീയപരീക്ഷണ - നിരീക്ഷണങ്ങൾക്കു വിധേയയാക്കുകയുണ്ടായി. പക്ഷേ, ആധുനികശാസ്ത്രത്തിന്റെ പരിമിതമായ അറിവുകൾക്കു വിശകലനം ചെയ്യാൻ കഴിയുന്നതായിരുന്നില്ല ഈ സംഭവങ്ങൾ. ഒരു പ്രൊട്ടസ്റ്റന്റ് ജർമൻ പത്രത്തിന്റെ എഡിറ്ററായിരുന്ന ഡോ. ഫ്രീറ്റ്സ് ഗെർലിക്, ഇതൊരു 'കത്തോലിക്കാകാപട്യ'മാണെന്നു പരസ്യമായി പ്രഖ്യാപിക്കുകയും യഥാർത്ഥവസ്തുതകൾ താൻ പുറത്തു കൊണ്ടുവരുമെന്നു വീമ്പിളക്കുകയും ചെയ്തു. തെരീസ ന്യൂമാനെക്കുറിച്ചു കൂടുതൽ പഠിക്കാൻ അദ്ദേഹം കോണേർസ്രോയിയിലെത്തുകയും ചെയ്തു. ഏറെ മാസങ്ങൾ അദ്ദേഹം അവിടെ ചെലവഴിച്ചു. അവസാനം ഈ പുണ്യവതിയുടെ ഉറച്ച വിശ്വാസിയും ഭക്തനുമായിത്തീർന്നു. അവരുടെ ജീവചരിത്രം രചിച്ചിരിക്കുന്നതും ഡോ. ഫ്രീറ്റ്സ്ഗെർലിക്കാണ്.

പരമഹംസയോഗാനന്ദസ്വാമികൾ അത്യന്തം ഭക്ത്യാദരവുകളോടെയാണ് ഈ മഹതിയെക്കുറിച്ചു തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആഹാരം കഴിക്കാതെ ജീവിക്കുന്നതിനെക്കുറിച്ച് സ്വാമിജി, തെരീസ ന്യൂമാനോടു ചോദിച്ചപ്പോൾ, 'ഞാൻ ഈശ്വരന്റെ പ്രകാശത്തിൽ ജീവിക്കുന്നു' എന്നാണു മറുപടി പറഞ്ഞത്. അത് ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ പരമഹംസയോഗാനന്ദ സ്വാമികൾക്കും കഴിഞ്ഞു.



തെരീസ ന്യൂമാൻ



**പരമഹംസയോഗാനന്ദസ്വാമികൾ അത്യന്തം ഭക്ത്യാദരവുകളോടെയാണ് ഈ മഹതിയെക്കുറിച്ചു തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആഹാരം കഴിക്കാതെ ജീവിക്കുന്നതിനെക്കുറിച്ച് സ്വാമിജി, തെരീസ ന്യൂമാനോടു ചോദിച്ചപ്പോൾ, 'ഞാൻ ഈശ്വരന്റെ പ്രകാശത്തിൽ ജീവിക്കുന്നു' എന്നാണു മറുപടി പറഞ്ഞത്. അത് ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ പരമഹംസയോഗാനന്ദ സ്വാമികൾക്കു കഴിഞ്ഞു.**

"സൂക്ഷ്മാകാശം, സൂര്യൻ, വായു എന്നിവയിൽനിന്നു നിങ്ങളുടെ ശരീരത്തിനാവശ്യമായ ഊർജം സംഭരിക്കുകയാണല്ലേ?" അദ്ദേഹം അന്വേഷിച്ചു.

"ഞാൻ എങ്ങനെ ജീവിക്കുന്നു എന്നു നിങ്ങൾ മനസ്സിലാക്കിയതിൽ എനിക്കു സന്തോഷമുണ്ട്" എന്നായിരുന്നു പുണ്യവതിയായ തെരീസയുടെ മറുപടി.

ആധുനികശാസ്ത്രത്തിന്റെ അടിമകളായ നമ്മുടെ തലമുറയ്ക്ക് ഇത് ഉൾക്കൊള്ളാൻ കഴിഞ്ഞു എന്നു വരില്ല. സൂര്യപ്രകാശത്തിൽനിന്നു ചെടികൾ ഊർജം സംഭരിച്ച് അവയ്ക്കു വേണ്ട ആഹാരം നിർമിക്കുന്നുവെന്നും 'വൈറ്റമിൻ ഡി' നേരിട്ടു സൂര്യപ്രകാശത്തിൽനിന്നു മനുഷ്യശരീരം ആഗിരണം ചെയ്യുമെന്നും നാം വിശ്വസിക്കും. കാരണം, ആധുനികശാസ്ത്രം അത് അംഗീകരിക്കുന്നുവെന്നതുതന്നെ. എന്നാൽ, സൂര്യപ്രകാശത്തിൽനിന്നു നേരിട്ട് ഊർജം സംഭരിക്കാനുള്ള ശേഷി ഒരു മനുഷ്യശരീരത്തിനുണ്ടാവാമെന്നത് അംഗീകരിക്കാൻ നാം തയ്യാറാവില്ല.

എല്ലാ വെള്ളിയാഴ്ചകളിലും ഉണ്ടാകുന്ന പീഡാനുഭവങ്ങളെക്കുറിച്ചും സ്വാമിജി അന്വേഷിച്ചു. തന്റെ കൈകളിലെ മുറിപ്പാടുകൾ കാട്ടിക്കൊണ്ട് അതിനൊക്കെ വ്യക്തമായ മറുപടി നൽകാനും അവർ തയ്യാറായി. ആ സമയം സമാധിസമാനമായ ഒരു അവസ്ഥയിൽ അവർ ലയിക്കുകയാണു പതിവ്. ഒരു പ്രാവശ്യം ഈ അനുഭവം നേരിട്ടു കാണാൻ സ്വാമിജി ആഗ്രഹം പ്രകടിപ്പിച്ചു.

തൊട്ടടുത്ത വ്യാഴാഴ്ച വൈകുന്നേരം സ്വാമിജി ബിഷപ്പിന്റെ അരമനയിലെത്തി ആഗ്രഹം അറിയിച്ചു. യാതൊരു വിസമ്മതവും പ്രകടിപ്പിക്കാതെ ബിഷപ് അനുവാദം നൽകുകയും ചെയ്തു.

റൈറ്റ് എന്ന അമേരിക്കൻ സുഹൃത്തിനോടൊപ്പം പിറ്റേന്നു നേരിൽക്കണ്ട പീഡാനുഭവത്തെക്കുറിച്ചും സ്വാമിജി വിശദമായി പ്രതിപാദിക്കുന്നുണ്ട്. ശിരോവസ്ത്രം മുൾക്കിരീടത്തിന്റെ മുറിവുകളിൽനിന്നുള്ള രക്തത്തിൽ കുതിരുന്നതും കൈകളിലെ മുറിവുകളിൽനിന്നു രക്തം പൊടിയുന്നതും അദ്ദേഹം നേരിൽ കണ്ടു.

ഇതിനിടയിൽ, സാധാരണക്കാർക്കു താങ്ങാനാകാത്ത ഈ കാഴ്ചകണ്ട് സ്വാമിജിയുടെ സുഹൃത്ത് ബോധംകെട്ടുവീണു.

ദിവസം മുഴുവൻ അവിടെ ചെലവഴിച്ചശേഷമാണ് സ്വാമിജിയും സുഹൃത്തും തിരിച്ചുപോരുന്നത്. അപ്പോഴേക്കും തെരീസ ന്യൂമാൻ എന്ന പുണ്യവതി സാധാരണജീവിതത്തിലേക്കു തിരിച്ചുവന്നിരുന്നു. രാത്രിയിൽ ഒന്നോ രണ്ടോ മണിക്കൂർ മാത്രം ഉറങ്ങിയിരുന്ന ഈ വിശുദ്ധ വനിതയുടെ ഊർജം അപാരമായിരുന്നുവെന്നു പരമഹംസയോഗാനന്ദസ്വാമികൾ സാക്ഷ്യപ്പെടുത്തുന്നു.

മറ്റുള്ളവരുടെ രോഗങ്ങൾ മാറ്റിക്കൊടുക്കാനുള്ള ശക്തിയും അവർക്കുണ്ടായിരുന്നത്രേ.

ഇപ്പോൾ ഈ സംഭവം എഴുതുന്നത് തെരീസ ന്യൂമാൻ എന്ന പുണ്യവതിയെക്കുറിച്ചു മനസ്സിലാക്കുന്നതിനോടൊപ്പം മറ്റു ചില കാര്യങ്ങൾകൂടി നമുക്കു ബോധ്യപ്പെടുന്നതിനുവേണ്ടിയാണ്. ഇന്ത്യ കണ്ട മഹായോഗികളിൽ ഒരാളായ പരമഹംസയോഗാനന്ദൻ എന്ന ഹിന്ദു സന്ന്യാസിയാണ് തെരീസ ന്യൂമാൻ എന്ന പുണ്യവതിയുടെ ദർശനം ലഭിക്കുന്നതിന് ജർമനിവരെ പോയതും താൻ നേരിൽക്കണ്ട സംഭവങ്ങൾ രേഖപ്പെടുത്തിയതും.

മതസൗഹാർദമെന്ന പദം ഇവിടെ പ്രയോഗിക്കുന്നില്ല. ആത്മീയാടിത്തറയുള്ളവരുടെ യഥാർത്ഥ തിരിച്ചറിവുകളാണത്. ആത്മീയനേതാക്കൾക്ക് ആത്മീയവും ഭൗതികവുമായ ബോധ്യപ്പെടലുകൾ ഉണ്ടാകാം. അത് പൊതുസമൂഹവുമായി പങ്കുവച്ചുവെന്നുംവരാം. അതിനെ വിവാദങ്ങൾക്കും മുതലെടുപ്പുകൾക്കുമായി മാറ്റിമറിക്കരുത്. ആത്മീയനേതാക്കൾ തങ്ങളുടെ അനുയായികളോടു ജാഗ്രതയോടെ ഇരിക്കാൻ നിർദേശിക്കുന്നത് വലിയ പാതകമൊന്നുമല്ല. അതിലൊക്കെ രാഷ്ട്രീയവും മതപരവുമായ നിറം കണ്ടെത്തുന്നതാണ് അപകടകരം. ഒരു ഇടയശ്രേഷ്ഠൻ തന്റെ സഭയിലെ വിശ്വാസികൾക്കു നൽകുന്ന മുന്നറിയിപ്പിനെ തരംതാണ രാഷ്ട്രീയ-മത മുതലെടുപ്പുകൾക്കായി ചിലർ ഉപയോഗിക്കുന്നതാണു ഖേദകരം.

ആത്മീയരംഗത്തു വ്യാപരിക്കുന്നവർക്ക് അവരുടേതായ ബോധ്യങ്ങളുണ്ടാകും. തെരീസ ന്യൂമാനും പരമഹംസയോഗാനന്ദസ്വാമികളും പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തത് ഇത്തരം ബോധ്യങ്ങൾ നിമിത്തമാണ്. അപൂർവം ചില പുഴുക്കുത്തുകളുടെ പേരിൽ ആത്മീയരംഗത്തുള്ളവരെ അടച്ച് ആക്ഷേപിക്കുകയും വിലകുറച്ചു കാണുകയും ചെയ്യുന്നതു ശരിയല്ല. ഉയർന്ന മാനസികാവസ്ഥയുള്ള ആത്മീയനേതാക്കൾ സ്വാർത്ഥരല്ല എന്നോർക്കണം. വ്യക്തിപരമായി അവർക്കൊന്നും നേടാനില്ല. അവർ ജീവിക്കുന്നതു സമൂഹത്തിനുവേണ്ടിയാണ്. ആ തിരിച്ചറിവാണു നമുക്കുണ്ടാകേണ്ടത്. തെരീസ ന്യൂമാനെപ്പോലുള്ള വിശുദ്ധ ജന്മങ്ങളാണ് ഇവർക്കു വഴികാട്ടികളാകുന്നത് എന്ന വസ്തുതയും നാം വിസ്മരിക്കരുത്.

Deepanalam Weekly
RNI No : 16998/68
Vol. 54 No. 26 Date of Publication 23 Sept 2021
Annual Subscription Rate ₹300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും






Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008




ISO 9001-2008 Certified Company
കുന്നേൽ കോക്കനെട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org